www.facebook.com/samakalikajanapadham/

# സമകാലിക ജനപഥം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

2023 സെപ്റ്റംബർ ₹ 12

പുസ്തകം 10 ലക്കം 2




## ഊരുകളിൽ ഉന്നതി

നിറഞ്ഞുപൂക്കുന്ന ചന്ദനമരം | അയ്യൻകാളി സ്മരണ | നവകേരളവും സുസ്ഥിര വികസനലക്ഷ്യങ്ങളും



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

സമകാലിക
ജനപഥം

2023 സെപ്റ്റംബർ 1
പുസ്തകം 10 ലക്കം 2



**ഇൻഫർമേഷൻ**
**പബ്ലിക് റിലേഷൻസ് വകുപ്പ്**
**കേരള സർക്കാർ**



എഡിറ്റർ
**ടി. വി. സുഭാഷ് ഐ. എ. എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൾ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ - ഇൻ - ചാർജ്
**കെ. എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**പ്രഭാത് നായർ**
സർക്കുലേഷൻ ഓഫീസർ
**എൻ. സതീഷ് കുമാർ**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്ങ്
**വിനിത വി. എസ്**



September 1, 2023, Volume 10, Issue 2
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം–695001
prdmalayalam@gmail.com
0471 2518171

വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ലിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം,
1–ാം നില, സെക്രട്ടേറിയറ്റ് അനക്സ്–1,
തിരുവനന്തപുരം–1
എന്ന വിലാസത്തിൽ അയയ്ക്കുക.

0471 2517036
iocirculation@gmail.com



**ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**


# ഊരുകളിൽ ഉന്നതി



ചരിത്രപരമായി സമൂഹത്തിന്റെ അടിത്തട്ടിലേക്ക മാറ്റിനിർത്തപ്പെട്ട പട്ടികജാതി പട്ടികവർഗവിഭാഗങ്ങളുൾപ്പെടെയുള്ള പാർശ്വവൽക്കൃതജനതയുടെ ഉന്നമനത്തിന് പ്രതിജ്ഞാബദ്ധമാണ് സംസ്ഥാനസർക്കാർ. ഈ ലക്ഷ്യത്തോടെ ഉന്നതി എന്ന പേരിൽ നിരവധി ക്ഷേമവികസന പ്രവർത്തനങ്ങളാണ് കേരളം പ്രവർത്തനപഥത്തിലെത്തിച്ചിരിക്കുന്നത്. ഭൂമി, പാർപ്പിടം, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ഈ വിഭാഗങ്ങളുടെ മുന്നേറ്റത്തിന് ഊന്നൽനൽകിയുള്ള നടപടികൾ വലിയതോതിൽ വിജയം കാണുന്നു. അതിൽത്തന്നെ വികസനത്തിൽ ഏറെ പിന്നാക്കം തള്ളപ്പെട്ടിരുന്ന ഗോത്രമേഖലയിലെ പുരോഗതി പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. പിന്നാക്കം നിൽക്കുന്ന പട്ടികവർഗ ഗ്രാമങ്ങളായ ഇടുക്കി ഇടമലക്കുടിയിലേക്കുള്ള റോഡ് നിർമ്മാണവും തൃശ്ശൂർ വെട്ടിവിട്ടകാടിലെ വൈദ്യുതീകരണവും മറ്റും ചില ഉദാഹരണങ്ങളാണ്.

അടിസ്ഥാനസൗകര്യങ്ങൾക്കൊപ്പം വൈജ്ഞാനികമുന്നേറ്റത്തിനും കൂടി ഊന്നൽ നൽകും വിധമാണ് സർക്കാർ പദ്ധതികൾ വിഭാവനം ചെയ്യുന്നതും നടപ്പാക്കുന്നതും. സ്കൂൾതലം മുതൽ ഉന്നതവിദ്യാഭ്യാസം വരെ ആദിവാസി വിദ്യാർഥികളുടെ പഠനവുമായി ബന്ധപ്പെട്ട് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഗോത്രവിഭാഗത്തിൽനിന്നുള്ള ആദ്യ എയർഹോസ്റ്റസ് ഗോപികയും നോർവെയിൽ അന്തർദേശീയ സെമിനാറിൽ പ്രബന്ധം അവതരിപ്പിച്ച ചോലനായ്ക്കൻ വിഭാഗത്തിൽനിന്നുള്ള വിനോദ് ചെല്ലനും ഈ സൗകര്യങ്ങൾ നൽകുന്ന പിന്തുണയുടെ അഭിമാനാർഹമായ മാതൃകകളുമാണ്. ഡിജിറ്റൽ വിടവ് ഏറെനേരിടുന്ന ആദിവാസി ജനതയിൽ അത് നികത്താനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ തലങ്ങളിലുള്ള ഗോത്രമേഖലയുടെ ഉന്നമനമാണ് ഈ ലക്കം ജനപഥം കവർ സ്റ്റോറി. "കലക്കാത്ത സന്ദനമരം" പാടി സംസ്ഥാന, ദേശീയപുരസ്കാരങ്ങൾ നേടിയ അട്ടപ്പാടിയുടെ നഞ്ചിയമ്മയുമായുള്ള അഭിമുഖവും വായിക്കാം.

**ടി. വി. സുഭാഷ് ഐ. എ. എസ്**
എഡിറ്റർ

# ഉള്ളടക്കം


06 തദ്ദേശീയജനതയുടെ ഉന്നമനം
പിണറായി വിജയൻ, മുഖ്യമന്ത്രി

08 നവകേരള നിർമ്മിതിയിലേക്കുള്ള ചുവടുവയ്പ്പ്
കെ.രാധാകൃഷ്ണൻ

12 ശാക്തീകരണം വിദ്യാഭ്യാസത്തിലൂടെ
ശ്രീധന്യ സുരേഷ്, ഐ.എ.എസ്

15 തുറക്കുന്ന ജാലകങ്ങൾ
അശോകൻ മറയൂർ

16 വിദ്യാഭ്യാസത്തിലൂടെ പൊതുധാരയിലേക്ക്
ഷിനു സുകുമാരൻ

19 ഉയരെ സ്വപ്നസാഫല്യം

20 മുതുവാൻ ആവാസവ്യവസ്ഥയുടെ ഹൃദയം
ആന്റണി മുനിയറ

22 മണ്ണിലെഴുതുന്ന ജീവിതം
രമേഷ് കുമാർ വെള്ളമുണ്ട

24 പുതുവെളിച്ചം പടരുന്നു
അക്ഷര. ജെ

28 സുരക്ഷിതവാസം സുഗമം
ജോസഫ് ജോൺ

30 ഭൂരഹിതരില്ലാത്ത നവകേരളത്തിലേക്ക്

32 നിറഞ്ഞുപൂക്കുന്ന ചന്ദനമരം
നഞ്ചിയമ്മ/ പ്രിയ കെ. ഉണ്ണികൃഷ്ണൻ

36 നവകേരളവും സുസ്ഥിര വികസന ലക്ഷ്യങ്ങളും
ഡോ. ജോയ് ഇളമൺ, സുകന്യ കെ. യു

38 സേവനാവകാശനിയമം ഭരണസുതാര്യതയും ജനങ്ങളുടെ അവകാശവും
എം മുഹമ്മദ് ഹാരിസ്

40 മാതൃകയാണ് കേരളം
ഡോ. ശിവദാസൻ. പി

42 സൗഹൃദം പൂക്കുന്ന കലാലയം
അഞ്ജലി വിമൽ

46 ജനാധിപത്യത്തിന്റെയും സാമൂഹികനീതിയുടെയും കേരളീയമുഖം
എം. ആർ. രേണുകുമാർ

50 അമിതഭാരമില്ലാതെ ആഘോഷം
ജി. ആർ. അനിൽ





കവർഫോട്ടോ: രമേഷ്കുമാർ വെള്ളമുണ്ട





# തദ്ദേശീയജനതയുടെ ഉന്നമനം

**സംസ്ഥാനത്തെ ജനസംഖ്യയുടെ 1.45 ശതമാനമാണ് തദ്ദേശീയ ജനവിഭാഗങ്ങൾ. അവരുടെകൂടി ഉന്നമനം ലക്ഷ്യംവച്ചുള്ള സമഗ്രപദ്ധതികളാണ് സർക്കാർ നടത്തിവരുന്നത്. അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനൊപ്പം വൈജ്ഞാനിക മുന്നേറ്റത്തിനും തദ്ദേശീയ ജനതയെ പ്രാപ്തരാക്കുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം**



**പിണറായി വിജയൻ**
മുഖ്യമന്ത്രി

ലോകത്ത് ഡിജിറ്റൽ ഡിവൈഡ് ഏറ്റവുമധികം അനുഭവിക്കുന്നത് തദ്ദേശീയ ജനതയാണ്.  മറ്റ വിഭാഗങ്ങളെ അപേക്ഷിച്ച് 30 ശതമാനത്തോളം കുറവാണ് രാജ്യത്ത് ആദിവാസി ജനവിഭാഗങ്ങൾക്കു ലഭ്യമാകുന്ന ഇന്റർനെറ്റ് സൗകര്യം. ഇത് തുടർന്നാൽ വൈജ്ഞാനിക മുന്നേറ്റത്തിൽ ആദിവാസി ജനത പിന്തള്ളപ്പെടും. ഒരു ജനവിഭാഗം പോലും ഡിജിറ്റൽ ഡിവൈഡ് അനുഭവിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ സാർവത്രിക ഇന്റർനെറ്റ് എന്ന ലക്ഷ്യത്തോടെ കേരളത്തിൽ കെ-ഫോൺ പദ്ധതി നടപ്പാക്കുകയാണ്. വിദൂര ആദിവാസി ഗ്രാമങ്ങളിൽപ്പോലും ഇന്റർനെറ്റ് സൗകര്യം ഇതിന്റെ ഭാഗമായി ലഭ്യമാക്കുന്നു. ഓൺലൈൻ പഠന സൗകര്യം എല്ലാ ആദിവാസി ഊരുകളിലേക്കും വ്യാപിപ്പിക്കാൻ നടപടിയെടുത്തു. 35,000ൽപ്പരം പട്ടികവിദ്യാർഥികൾക്ക് ലാപ്ടോപ്പുകൾ നൽകി.

ആദിവാസി വിദ്യാർഥികൾക്ക് പ്രീപ്രൈമറി മുതൽ പി.എച്ച്.ഡി വരെ പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ സർക്കാർ ഒരുക്കുന്നുണ്ട്. പൈലറ്റ് പരിശീലനം, എയർഹോസ്റ്റസ് പരിശീലനം തുടങ്ങിയ പദ്ധതികൾ ആരംഭിച്ചു. പട്ടികവർഗ വകുപ്പിന്റെ ഐ.ടി.ഐ കൾ നവീകരിച്ച് നിലവിലുള്ള ട്രേഡുകളിൽ ആഡ് ഓൺ കോഴ്സുകൾ ആരംഭിച്ചു. അട്ടപ്പാടിയിലും



കാസർകോഡും രണ്ട് ഏകലവ്യ എം.ആർ.എസുകൾ തുടങ്ങി. സിവിൽ എൻജിനീയറിങ്ങിൽ എംടെക്, ബിടെക്, ഐടിഐ ഡിപ്ലോമ യോഗ്യതകളുള്ള 200 പേരെ പട്ടികവർഗ വികസന വകുപ്പിന്റെ വിവിധ ഓഫിസുകളിൽ അക്രഡിറ്റഡ് എൻജിനീയർമാരായി നിയമിച്ചു. രണ്ടു വർഷമാണു കാലാവധി. ഈ അനുഭവസമ്പത്ത് പ്രയോജനപ്പെടുത്തി കൂടുതൽ മെച്ചപ്പെട്ട അവസരങ്ങൾ നേരിയെടുക്കാൻ അവർക്കു കഴിയും. വനാശ്രിതരായ 500 പട്ടികവർഗക്കാരെ പി.എസ്.സി. മുഖേന പ്രത്യേക തെരഞ്ഞെടുപ്പിലൂടെ ബീറ്റ് ഫോറസ്റ്റ് ഓഫിസർമാരായി നിയമിച്ചു. എക്സൈസിലും ഇതേ രീതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഊരുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സഹായിക്കുന്ന സേഫ് പദ്ധതി, എല്ലാ പട്ടികവർഗക്കാർക്കും അടിസ്ഥാന രേഖകൾ ലഭ്യമാക്കി ഡിജിറ്റൈസ് ചെയ്തു സൂക്ഷിക്കുന്ന എബിസിഡി പദ്ധതി തുടങ്ങിയ നൂതന പദ്ധതികളിലൂടെ പട്ടികവർഗസമൂഹങ്ങളെ നവകേരള നിർമ്മിതിയുടെ ഭാഗമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. വിദൂര ആദിവാസി ഊരുകളിലുള്ളവരുടെ പ്രശ്നങ്ങൾ ലഘൂകരിക്കാൻ പ്രത്യേക ഇടപെടലുകളും നടത്തുന്നു.

2026 ഓടെ എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. തിരുവനന്തപുരം ജില്ലയിൽ എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കിയ മാതൃകയിൽ കേരളത്തിലെ എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമി നൽകാനാണ് ഉദ്ദേശിക്കുന്നത്. ലാൻഡ് ബാങ്ക് പദ്ധതിയനുസരിച്ചു വിവിധ ജില്ലകളിലായി 45 ഏക്കറോളം ഭൂമി വാങ്ങിയിട്ടുണ്ട്. അത് ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്യും. 21 ഏക്കർ കൂടി വാങ്ങുന്നതിന് അംഗീകാരം നൽകിക്കഴിഞ്ഞു. സംസ്ഥാനത്ത് 7,693 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ രണ്ടായിരത്തോളം ഏക്കർ വിതരണം ചെയ്തുകഴിഞ്ഞു. ആദിവാസി വിഭാഗത്തിലെ 3,647 പേർക്ക് ഇതിന്റെ ഗുണഫലം ലഭിച്ചു. ആദിവാസി ഭൂസമരങ്ങളിൽ ഉയർത്തിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. മുത്തങ്ങ സമരത്തിൽ പങ്കെടുത്ത എല്ലാവർക്കും ഈ സർക്കാർ ഭൂമി ലഭ്യമാക്കി. ഭൂസമരങ്ങൾ നടന്നുവരുന്ന പ്രദേശങ്ങളിൽ പ്രശ്നപരിഹാരത്തിനു നടപടി സ്വീകരിച്ചുവരുന്നു. ലൈഫ് പദ്ധതിയിൽ സംസ്ഥാനത്താകെ 3.5 ലക്ഷത്തോളം ഭവനങ്ങൾ വിതരണം ചെയ്തതിൽ 8,394 പട്ടികവർഗ കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കിയിട്ടുണ്ട്.

**2026 ഓടെ എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കാൻ കഴിയുമെന്നാണു പ്രതീക്ഷ**

തദ്ദേശീയ ജനത രാജ്യത്തിന്റെ ചരിത്രത്തിന്റെ ഭാഗമാണ്. അവരെ നാടിന്റെ ചരിത്രത്തിൽനിന്നു മായ്ച്ചു കളയാനുള്ള ശ്രമങ്ങൾ ചിലയിടങ്ങളിൽ നടക്കുന്നുണ്ട്. ദൗർഭാഗ്യകരമായ അത്തരം നീക്കങ്ങളെ ചെറുത്തു തോൽപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. ■



# ഉന്നതി നവകേരള നിർമ്മിതിയിലേക്കുള്ള ചുവടുവയ്പ്പ്



*പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് കേരളസർക്കാർ വിവിധ ക്ഷേമവികസന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. 'ഉന്നതി' എന്ന പേരിൽ പട്ടികജാതി പട്ടികവർഗ പിന്നാക്ക വികസന വകുപ്പുകളുടെ മുഴുവൻ പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ചാണ് പദ്ധതികളും പരിപാടികളും മുന്നോട്ടു പോകുന്നത്.*

*പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന വിവിധ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗവികസനവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ് മന്ത്രി കെ. രാധാകൃഷ്ണൻ സംസാരിക്കുന്നു.*

**പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗങ്ങളെ സംബന്ധിച്ചു സർക്കാർ ലക്ഷ്യം വയ്ക്കുന്നത് എന്താണ്?**

പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, അടിസ്ഥാന സൗകര്യവികസനം, ദാരിദ്ര്യനിർമ്മാർജനം എന്നിവയ്ക്ക് ഊന്നൽ നൽകി നവകേരള നിർമ്മിതിയിലേയ്ക്കുള്ള ചുവടുവയ്പാണ് സർക്കാർ ഉദ്ദേശിക്കുന്നത്. 2026നകം ഭൂരഹിതരും ഭവനരഹിതരുമായ എല്ലാ പട്ടികജാതി പട്ടികവർഗവിഭാഗക്കാർക്കും ഭൂമിയും വീടും ലഭ്യമാക്കുക എന്നുള്ളത് ഈ സർക്കാറിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്.


**രണ്ട് വർഷത്തിനുള്ളിൽ പട്ടികജാതി പട്ടികവർഗ പിന്നാക്കവിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം? ഈ പദ്ധതികളിലൂടെ ഉണ്ടായ നേട്ടം?**

പുതിയ ലോകക്രമത്തിൽ, സാമൂഹിക-സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനാവശ്യമായ രീതിയിൽ വിദ്യാഭ്യാസം, നൈപുണ്യവികസനം, തൊഴിലവസരങ്ങൾ എന്നിവ നൽകി പട്ടികജാതി പട്ടികവർഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ ഒരേസമയം തൊഴിൽസംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിന് കേരള എംപവർമെന്റ് സൊസൈറ്റി ആരംഭിച്ചു. സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് സാമ്പത്തിക സഹായവും സമാനമേഖലകളിലെ വിദഗ്ധരുടെ മാർഗ നിർദേശങ്ങളും നൽകുന്നതിനായി ' സ്റ്റാർട്ട്അപ് സിറ്റി ' എന്ന പുതിയ പദ്ധതിയും ആരംഭിച്ചു.

അഭ്യസ്തവിദ്യരായവരെ സർക്കാർ സംവിധാനത്തിൽ തൊഴിൽ പരിശീലനത്തിനും നൈപുണ്യവികസനത്തിനും പ്രവൃത്തി പരിചയത്തിനുമായി ഓണറേറിയം നൽകി വിവിധ വകുപ്പുകൾക്ക് കീഴിൽ രണ്ട് വർഷക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ട്രെയിനിങ് ഫോർ കരിയർ എക്സലൻസ്.

ഇതിന്റെ ഭാഗമായി 500 പേരെ അക്രഡിറ്റഡ് എഞ്ചിനീയർമാരായും എം.എസ്.ഡബ്ല്യു യോഗ്യതയുള്ള 114 പേരെ സോഷ്യൽ വർക്കർമാരായും 380 പേരെ മാനേജ്മെന്റ് ട്രെയിനികളായും പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിന്റെ വിവിധ ഓഫീസുകളിലും തദ്ദേശസ്ഥാപനങ്ങളിലുമായി നിയമിച്ചു. നിയമബിരുദം നേടിയ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിലെ യുവതീ-യുവാക്കൾക്ക് അഡ്വക്കേറ്റ് ജനറൽ, ഗവ. പ്ലീഡർ, സീനിയർ അഭിഭാഷകർ എന്നിവരുടെ ഓഫീസുകളിലും സ്പെഷ്യൽ കോടതികളിലും ലീഗൽസർവീസ് സൊസൈറ്റിയിലും പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിലും പരിശീലനം നൽകി തൊഴിൽവൈദഗ്ധ്യം നേടുവാൻ പ്രാപ്തരാക്കുന്നതിനായും പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്ക് നിയമ പരിരക്ഷയും പുനരധിവാസവും ഉറപ്പാക്കുന്നതിനായും ജ്വാല പദ്ധതി ആരംഭിച്ചു.

എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആവശ്യമായ അടിസ്ഥാന രേഖകൾ ലഭ്യമാക്കുന്നതിനും അവ സുരക്ഷിതമായും സ്ഥായിയായും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് എബിസിഡി പ്രോജക്റ്റ്. ദുർബല ജനവിഭാഗത്തിനെ അതിദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി ജനപ്രതിനിധികളുടേയും വിവിധ വകുപ്പുകളുടേയും തദ്ദേശസ്ഥാപനങ്ങളുടേയും സഹകരണത്തോടെ 'ഹോം' എന്ന കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണ പദ്ധതി നടപ്പിലാക്കി വരുന്നു. സാങ്കേതികമായി പൂർത്തീകരിക്കപ്പെട്ടുവെങ്കിലും പൂർണ്ണതയിലെത്താത്ത 2010നുശേഷം നിർമ്മിച്ച വീടുകളുടെ അറ്റകുറ്റപ്പണി, പൂർത്തീകരണം, നവീകരണം എന്നിവ സേഫ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2022-23 വർഷത്തിൽ 8000 കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി.



### ആദിവാസി ഗ്രാമങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ?

2012- 2013 മുതൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതികളിൽ ഉൾപ്പെടുത്തിയിരുന്ന 439 ഗ്രാമങ്ങളിൽ 302 എണ്ണവും, അംബേദ്കർ ഗ്രാമം/ഊരുവികസന പദ്ധതികളിൽ ഉൾപ്പെടുത്തിയിരുന്ന 92 പട്ടികവർഗ ഗ്രാമങ്ങളിൽ 54 എണ്ണത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പിന്നാക്കം നിൽക്കുന്ന പട്ടികവർഗ ഗ്രാമമായ ഇടമലക്കുടിയിൽ റോഡ് നിർമ്മിക്കുന്നതിനും ഇന്റർനെറ്റ് കണക്ടിവിറ്റി നൽകുന്നതിനും നടപടി സ്വീകരിച്ചു. തൃശ്ശൂർ ജില്ലയിലെ ഉൾപ്രദേശമായ വെട്ടിവിട്ടകാട് പട്ടികവർഗ ഗ്രാമത്തിൽ 92.46 ലക്ഷം രൂപ ചെലവിൽ വൈദ്യുതീകരണം പൂർത്തിയാക്കി. അരേക്കാപ്പിൽ കമ്മ്യൂണിറ്റി ഹാൾ പൂർത്തിയാകുന്നു.

> **"പിന്നാക്കം നിൽക്കുന്ന പട്ടികവർഗ ഗ്രാമമായ ഇടമലക്കുടിയിൽ റോഡ് നിർമ്മിക്കുന്നതിനും ഇന്റർനെറ്റ് കണക്ടിവിറ്റി നൽകുന്നതിനും നടപടി സ്വീകരിച്ചു"**

## വിദ്യാഭ്യാസമുന്നേറ്റം

### എസ്.സി, എസ്.ടി പിന്നാക്ക വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെ സഹായങ്ങൾ പുതിയ മേഖലയിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം?

ലോകത്തിന്റെ ഏതു കോണിലുമുള്ള വിദ്യാഭ്യാസ സമ്പ്രദായങ്ങളും അവസരങ്ങളും പട്ടികജാതി പട്ടികവർഗ പിന്നാക്കവിഭാഗ വിദ്യാർഥികൾക്കും ലഭ്യമാക്കുന്നതിനായി വിദേശവിദ്യാഭ്യാസ പദ്ധതി വഴി പി.ജി. പഠനത്തിന് പട്ടികജാതി പട്ടികവർഗ വിഭാഗം വിദ്യാർഥികൾക്ക് 25 ലക്ഷം രൂപവരെയും പിന്നാക്കവിഭാഗ വിദ്യാർഥികൾക്ക് 10 ലക്ഷം രൂപവരെയും സ്കോളർഷിപ്പ് നൽകുന്നു. പരിവർത്തിത-ശുപാർശിത വിഭാഗക്കാർക്ക് വിദേശപഠനത്തിന് പെൺകുട്ടികൾക്ക് 3.5%, ആൺകുട്ടികൾക്ക് 4% പലിശനിരക്കിൽ വിദേശപഠനത്തിനായി വായ്പ നൽകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2023 മാർച്ച് 31 വരെ 344 പട്ടികജാതി വിദ്യാർഥികൾക്കും 24 പട്ടികവർഗ വിദ്യാർഥികൾക്കും 57 പിന്നാക്കവിഭാഗക്കാർക്കും വിദേശസർവകലാശാലകളിൽ പഠിക്കാൻ അവസരം ലഭ്യമാക്കി. അടുത്ത വർഷംമുതൽ വിദേശപഠനത്തിന് പോകുന്ന വിദ്യാർഥികളുടെ സൗകര്യത്തിനായി ഒഡേപെകിന്റെ സേവനവും ഉപയോഗിക്കും.

വിംഗ്സ് പദ്ധതി പ്രകാരം കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് ഒരു പട്ടികജാതി വിദ്യാർഥിക്ക് മാത്രം നൽകിവന്നിരുന്ന സ്കോളർഷിപ്പ്, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്ന് എസ്.സി, രണ്ടു എസ്.ടി, ഒരു ഒ.ഇ.സി. വിദ്യാർഥികൾക്കുകൂടി നൽകുന്നവിധം പരിഷ്കരിച്ചു. ക്യാബിൻ ക്രൂ, സപ്ലൈ ചെയിൻ & ട്രാൻസ്പോർട്ടേഷൻ മോഡ്,




ഇടമലക്കുടിയിലെ കുട്ടികൾ നിയമസഭ സന്ദർശിച്ചപ്പോൾ മുഖ്യമന്ത്രിക്കൊപ്പം

മറൈൻ സ്ട്രക്ചറൽ ഫിറ്റർ എന്നീ കോഴ്സുകളിലും പരിശീലനം നൽകുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു.

IIM, IIT, NIFT ഉൾപ്പെടെയുള്ള സ്വയംഭരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും CA, ICWA, കമ്പനി സെക്രട്ടറി തുടങ്ങിയ കോഴ്സുകൾക്കും കൽപ്പിത സർവകലാശാലകളിലും സർക്കാർ അംഗീകരിച്ച സ്വകാര്യസർവകലാശാലകളിലും വൊക്കേഷണൽ ട്രെയിനിങ് സ്ഥാപനങ്ങളിലും സംസ്ഥാനത്തിന് പുറത്തുള്ള പഠനത്തിനും മെറിറ്റ്-റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കു കൂടി സ്കോളർഷിപ്പ് ലഭ്യമാകുന്ന രീതിയിൽ സ്കോളർഷിപ്പ് മാനദണ്ഡങ്ങൾ പരിഷ്കരിച്ചു. മുൻകൂട്ടി ഫീസ് അടയ്ക്കാതെ തന്നെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിന് ഫ്രീഷിപ്പ് കാർഡുകൾ, ഏർപ്പെടുത്തി. വിദൂര ഓൺലൈൻ/ പാർട്ട്ടൈം/ ഈവനിങ് കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ട്യൂഷൻ-പരീക്ഷാ-സ്പെഷ്യൽ ഫീസ്, പി.എച്ച്.ഡി, എം.ഫിൽ, എം.ടെക്, എം.ലിറ്റ് കോഴ്സുകളിൽ യുജിസി-ഗേറ്റ് സ്കോളർഷിപ്പ് ലഭിക്കാത്തവർക്ക് ഫെലോഷിപ്പിന്റെ 75% തുക സ്കോളർഷിപ്പ്, കണ്ടിജന്റ് ഗ്രാന്റ്, ആധാർ അധിഷ്ഠിത അറ്റൻഡൻസ് സ്കോളർഷിപ്പ് പോർട്ടലുമായി ലിങ്ക്ചെയ്യൽ തുടങ്ങിയ സംവിധാനങ്ങളും ഉന്നത വിദ്യാഭ്യാസ വിദ്യാർഥികൾക്കായി നടപ്പിലാക്കി. രണ്ടരലക്ഷത്തിന് മേൽവരുമാനമുള്ള പട്ടികജാതി-പട്ടിക വർഗ വിദ്യാർഥികൾക്ക് കേന്ദ്രസർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നിഷേധിച്ചപ്പോൾ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തി വരുമാനഭേദമില്ലാതെ എല്ലാ പട്ടികജാതി വിദ്യാർഥികൾക്കും സ്കോളർഷിപ്പ് നൽകുവാൻ ഈ സർക്കാർ തീരുമാനിച്ചു.

കൂടാതെ ഒന്ന് മുതൽ പത്താംക്ലാസ് വരെയുള്ള പിന്നാക്കവിഭാഗ വിദ്യാർഥികൾക്ക് നൽകിവന്നിരുന്ന സ്കോളർഷിപ്പ് കേന്ദ്രസർക്കാർ 9-10 ക്ലാസ്സുകളിലെ വിദ്യാർഥികൾക്ക് മാത്രമായി ചുരുക്കിയപ്പോൾ ഈ സർക്കാർ ഒന്ന് മുതൽ എട്ടാം ക്ലാസ് വരെയുള്ള പിന്നാക്ക വിഭാഗ വിദ്യാർഥികൾക്കും സ്കോളർഷിപ്പ് പുനസ്ഥാപിച്ച് നൽകുന്നതിനു നടപടി സ്വീകരിച്ചു.

ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പുതിയ അപേക്ഷകരായ വിദ്യാർഥികൾക്കുള്ള കേന്ദ്രസർക്കാർ വിഹിതം 40%ത്തോളം വെട്ടിക്കുറച്ചത് കൂടാതെ മുൻവർഷങ്ങളിലെ കുടിശ്ശികത്തുകയുടെ 50% വിഹിതവും കേന്ദ്ര സർക്കാർ കുറവ് വരുത്തുകയുണ്ടായി. എന്നാൽ കുടിശ്ശികത്തുകയുൾപ്പെടെയുള്ള സ്കോളർഷിപ്പ് തുക പൂർണ്ണമായും നൽകുന്നതിനുള്ള തീരുമാനം കൈക്കൊണ്ടു.

> **വരുമാനഭേദമില്ലാതെ എല്ലാ പട്ടികജാതി വിദ്യാർഥികൾക്കും സ്കോളർഷിപ്പ് നൽകുവാൻ ഈ സർക്കാർ തീരുമാനിച്ചു**

### പട്ടികജാതിക്കാരുടെ ഭൂമിപ്രശ്നത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

രണ്ടാം ഭൂപരിഷ്കരണമെന്ന് വിശേഷിപ്പിക്കാവുന്നവിധത്തിൽ പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതി സമഗ്രമായി പരിഷ്കരിച്ചു. പരമാവധി ഗുണഭോക്തൃ സൗഹൃദമാകുന്ന വിധത്തിലാണ് 34

വർഷങ്ങൾക്ക് ശേഷം പദ്ധതിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിച്ചത്. ഭവനനിർമ്മാണത്തിന് അനുയോജ്യ മല്ലാത്ത ഭൂമികൈവശമുള്ള, ഒരുലക്ഷം രൂപയിൽ താഴെ വാർഷികവരുമാനമുള്ളവർക്കുകൂടി വീട്‌വയ്ക്കു വാനായി വാസയോഗ്യമായ ഭൂമി ലഭ്യമാക്കുന്ന വിധത്തിലാണ് ഭേദഗതി.

ഈ സർക്കാർ അധികാരത്തിലേറിയശേഷം 2021-22-ൽ ഭൂരഹിത പട്ടികജാതിക്കാരായ 4020 പേർക്കും 2022-23ൽ 3303 പേർക്കും ഉൾപ്പെടെ 7323 പേർക്കാണ് ഭൂമിവാങ്ങി നൽകിയത്. ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമിവിതരണം, വനാവ കാശ നിയമം എന്നിവ പ്രകാരം 2680 പട്ടികവർഗ ക്കാർയി 3221.18 ഏക്കർ ഭൂമി വിതരണം ചെയ്തു.

തിരുവനന്തപുരം ചെറ്റച്ചലിൽ 20 വർഷത്തിലധി കമായി നടന്നുവന്നിരുന്ന ഭൂസമരം അവസാനിപ്പിച്ചു. ചെങ്ങറ, ഇടുക്കിയിലെ ചിന്നക്കനാൽ, പാലക്കാട് മുതലമട, വയനാട്ടിലെ മരിയനാട്, മല്ലികപ്പാറ എന്നിവിടങ്ങളിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനാ യി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്, റവന്യൂ- വനം വകുപ്പുക ളുമായി ചേർന്നുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഭവന പദ്ധതിക്കായി പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് 2021-22ൽ 278 കോടി രൂപയും പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് 140 കോടിരൂ പയും ചേർത്ത് ആകെ 418 കോടി രൂപയും 2022-23 വർഷത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 300 കോടി രൂപയും പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വർക്ക് 140 കോടിരൂപയും ചേർത്ത് ആകെ 440 കോടിരൂപയും ലൈഫ് മിഷന് കൈമാറി.

പട്ടികജാതി പട്ടികവർഗക്കാരുടെ ഭവനപൂർത്തീ കരണത്തിനായി ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രധാന പദ്ധതിയാണ് സേഫ്.

നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയിട്ട് മുക്കാൽ നൂറ്റാണ്ട് പിന്നിട്ടിട്ടും ഇന്ത്യൻ ജനസംഖ്യയുടെ 30 ശതമാനത്തിലധികം വരുന്ന പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങൾ ഇന്നും സമൂഹത്തിന്റെ പിൻനിര യിലാണ്. എന്നാൽ രാജ്യത്തെ പൊതുസ്ഥിതിയിൽ നിന്നും ഏറെ മുന്നിലാണ് കേരളം. ഇനിയും പരിഹരി ക്കേണ്ട കുറെ വിഷയങ്ങൾ കൂടിയുണ്ട്. അതിനുള്ള കഠിന പരിശ്രമത്തിലാണ് ഈ സർക്കാർ ■



തൃശ്ശൂരിലെ പട്ടികവർഗ ഗ്രാമമായ വെട്ടിവിട്ടകാട് വൈദ്യുതീകരണം ഉദ്ഘാടനത്തിന് മന്ത്രി കെ. രാധാകൃഷ്ണൻ എത്തിയപ്പോൾ

# ശാക്തീകരണം വിദ്യാഭ്യാസത്തിലൂടെ

## കേരളത്തിലെ പട്ടികവർഗ സമൂഹങ്ങളുടെ സമഗ്രവികസന ത്തിനുള്ള ശക്തമായ ഉപകരണമാണ് വിദ്യാഭ്യാസം



**ശ്രീധന്യ സുരേഷ്, ഐ.എ.എസ്,**
സബ് കളക്ടർ, പെരിന്തൽമണ്ണ

ദാരിദ്ര്യം, തൊഴിലില്ലായ്മ, സാമൂഹിക ബഹിഷ്കരണം, പരിമിതമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുമായി പൊരുതുന്ന കേരളത്തിലെ പട്ടികവർഗസമൂഹങ്ങൾ വിവിധങ്ങളായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു. എന്നിരുന്നാലും, വർധിച്ചുവരുന്ന വിദ്യാഭ്യാസനേട്ടങ്ങൾ ഇവരിൽ വലിയ മാറ്റം കൊണ്ടുവന്നിട്ടുണ്ട്.




ഇടിഞ്ഞാർ ഗവ.ട്രൈബൽ ഹൈസ്കൂളിലെ വിദ്യാർഥികൾ

അസിം മുഹമ്മദ്

കേരളത്തിലെ പട്ടികവർഗ യുവതീ യുവാക്കൾ വിദ്യാഭ്യാസപരമായി സമീപവർഷങ്ങളിൽ വലിയ മുന്നേറ്റം നടത്തിയിട്ടുണ്ട്. സംസ്ഥാന ശരാശരി സാക്ഷരതാ നിരക്കിനേക്കാൾ കുറവാണ് പട്ടികവർഗക്കാരുടെ സാക്ഷരതാനിരക്ക്. എന്നാലും പട്ടികവർഗ ജനസംഖ്യയിൽ ബഹുഭൂരിപക്ഷത്തിനും ഇപ്പോൾ വായിക്കാനും എഴുതാനും അടിസ്ഥാന ഗണിതവും അറിയാമെന്നത് വളരെ ആവേശകരമായ മാറ്റമാണ്.

നിലവിൽ പട്ടികവർഗക്കാരിൽ 4,475 ബിരുദധാരികളും 822 ബിരുദാനന്തര ബിരുദധാരികളുമുണ്ട്. എന്നാൽ വിവിധ പട്ടികവർഗക്കാരുടെ നില അവരുടേതിന് അനുസൃതമല്ല. ജനസംഖ്യയിൽ ആനുപാതികമായ വ്യത്യാസം കാണുവാൻ സാധിക്കും. ഉദാഹരണത്തിന്, ദുർബലരായ ആദിവാസി വിഭാഗങ്ങൾ (പിവിടിജികൾ) 5.93 ശതമാനമാണ്. ഇവരുടെ ഇടയിൽ ബിരുദധാരികൾ 0.86 ശതമാനവും വിവിധ തസ്തികകളിൽ ഉള്ളവർ 0.73 ശതമാനവുമാണ്. പണിയൻ മൊത്തം പട്ടികവർഗ ജനസംഖ്യയുടെ 21.77 ശതമാനത്തെ പ്രതിനിധീകരിക്കുന്നു. എന്നാൽ ഇവരുടെ ഇടയിൽ ബിരുദധാരികൾ 1.6 ശതമാനം മാത്രമാണ്. മലവേട്ടുവൻ, മലയൻ, മന്നൻ, മുഡുഗർ, മുതുവാൻ, ഇരുളർ എന്നീ സമുദായങ്ങൾക്കിടയിൽ വേണ്ടത്ര ബിരുദധാരികളില്ല.

## യുവതയെ ശാക്തീകരിക്കുക

നമ്മുടെ നാട്ടിൽനിന്നും നിരവധി പേർ ഉപജീവനത്തിനായി ഗൾഫ് രാജ്യങ്ങളിലും മറ്റ് രാജ്യങ്ങളിലും പോകുന്നു. അവരിൽ പലരും കുടിയേറിയ രാഷ്ട്രത്തിൽ സ്ഥിരതാമസക്കാരായി മാറുന്ന സാഹചര്യവും ഇപ്പോൾ നിലവിലുണ്ട്. നിരവധി യുവാക്കൾ ഇപ്പോൾ വിദേശത്ത് ഉപരിപഠനം നടത്തുന്നുണ്ട്. ഈ വർധിച്ച അന്തർദേശീയമായ മൊബിലിറ്റി ജനങ്ങളുടെ ദൈനംദിന ജീവിതം നയിക്കുന്നതിന് ഒരു പൊതുഭാഷയിലേക്കും ജീവിതരീതിയിലേക്കും ചിന്തയിലേക്കും മാറ്റം വരുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസം പട്ടികവർഗക്കാരായ യുവതീയുവാക്കളിൽ പലരെയും പിന്നാക്കാവസ്ഥയിൽ നിന്ന് മോചിപ്പിക്കാനും സ്വന്തം സമൂഹത്തിലും സംസ്കാരത്തിലും സജീവപങ്കാളികളായി നിലകൊള്ളുമ്പോൾ തന്നെ മുകളിൽ സൂചിപ്പിച്ച 'ആഗോള സംസ്കാര'ത്തിന്റെ ഭാഗമാകാനും പ്രാപ്തരാക്കുന്നു. സംസ്ഥാനത്തിനും രാജ്യത്തിനും അകത്തും പുറത്തും മികച്ച തൊഴിലവസരങ്ങൾ ഉറപ്പാക്കാനുള്ള അറിവും വൈദഗ്ധ്യവും ഇത് അവരെ സജ്ജമാക്കുന്നുണ്ട്.

> **പട്ടികവർഗസമുദായങ്ങളിലും പൊതുസമൂഹത്തിലും ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് നിർണ്ണായകമാണ്**

## സംസ്കാരത്തിന്റെ സംരക്ഷണം

വിദ്യാഭ്യാസം തനതായ പട്ടികവർഗസംസ്കാരങ്ങളെ ഇല്ലാതാക്കുമെന്ന ഭയത്തിന് വിരുദ്ധമായി, അവരുടെ സമ്പന്നമായ പാരമ്പര്യങ്ങളും സമ്പ്രദായങ്ങളും സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സഹായിക്കുന്നു. ചരിത്രം, ഭാഷകൾ, കലാരൂപങ്ങൾ, പാരമ്പര്യങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിലൂടെ, വിദ്യാസമ്പന്നരായ പട്ടികവർഗക്കാർ സാംസ്കാരിക സംരക്ഷണത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നു. പട്ടികവർഗക്കാർക്കിടയിലെ വിദ്യാസമ്പന്നരായ നിരവധി യുവാക്കൾ ഇപ്പോൾ അവരുടെ പാരമ്പര്യങ്ങളും ഭാഷകളും ആചാരങ്ങളും രേഖപ്പെടുത്തുകയും വരുംതലമുറകൾക്ക് കൈമാറുകയും ചെയ്യുന്നു.

## ആരോഗ്യസംരക്ഷണവും ശുചിത്വവും

വിദ്യാസമ്പന്നരായ പട്ടികവർഗക്കാർ ആരോഗ്യപരിപാലന രീതികൾ, ശുചിത്വം, പോഷകാഹാരം എന്നിവയെക്കുറിച്ച് മികച്ച അവബോധം ഉണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. ഇത്, മരണനിരക്കും രോഗവ്യാപനവും കുറയുന്നതിനും ഗോത്രവർഗക്കാർക്കിടയിൽ മൊത്തത്തിലുള്ള മെച്ചപ്പെട്ട ആരോഗ്യസൂചകങ്ങൾക്കും സഹായിക്കുന്നു.

## ലിംഗസമത്വം

പട്ടികവർഗസമുദായങ്ങളിലും പൊതുസമൂഹത്തിലും ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് നിർണായകമാണ്. വിദ്യാസമ്പന്നരായ സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾ അറിയാനും തീരുമാനമെടുക്കൽ പ്രക്രിയകളിൽ ശക്തമായ നിലപാട് സ്വീകരിക്കാനും വിദ്യാഭ്യാസം അവരെ സഹായിക്കുന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിങ്ങ് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർത്താഡ്സ്), പട്ടികവർഗ വികസന വകുപ്പും (എസ്ടിഡിഡി) കേരളത്തിലെ പട്ടികവർഗ സമുദായങ്ങളെ വിദ്യാഭ്യാസത്തിലൂടെ ഉയർത്താനുള്ള ശ്രമങ്ങളിൽ മുൻപന്തിയിലാണ്.

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

ഏകദേശം 90 ശതമാനം പട്ടികവർഗക്കാർ വിദൂര പ്രദേശങ്ങളിലും ദുഷ്കരമായ ഭൂപ്രദേശ ങ്ങളിലും ആണ് താമസിക്കുന്നത്. മുഖ്യധാരയിൽനിന്ന് ഒറ്റപ്പെട്ട സാഹചര്യമാണ് നിലവിൽ ഉള്ളത്. ഇത് അവരുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥയ്ക്ക് പ്രധാനകാരണമായി കണക്കാക്കാം. ഇത് മറികടക്കാൻ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (എംആർഎസ്)/ആശ്രമം സ്കൂളുകൾ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനായി പട്ടികവർഗ വികസന വകുപ്പിന് (എസ്ടിഡിഡി) കീഴിൽ പ്രവർത്തിക്കുന്നു. ഇത്തരം സ്ഥാപനങ്ങളിൽ അധിക അക്കാദമിക് സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. വർഷങ്ങളായി എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ തുടർച്ചയായി ശ്രദ്ധേയമായ



എം.ആർഎസ്. പൂക്കോട് വയനാട്

ഫലങ്ങൾ കൈവരിക്കുന്ന മികവിന്റെ കേന്ദ്രങ്ങളാണ് എംആർഎസ്. 5500 ഓളം വിദ്യാർഥികൾ ഈ സ്ഥാപന ങ്ങളിൽ പഠിക്കുന്നുണ്ട്.

## ഗോത്രബന്ധു പദ്ധതി

പട്ടികവർഗ സമുദായത്തിലെ കുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം ഉറപ്പാക്കാൻ, പട്ടികവർഗ ഭാഷയിലും മലയാളത്തിലും പരിജ്ഞാനമുള്ള അതേ പ്രദേശത്തു നിന്നും ടിടിസി/ബിഎഡ് യോഗ്യത യുള്ള അഭ്യസ്തവിദ്യരായ യുവതീ യുവാക്കളെ തിരഞ്ഞെടുത്ത് എല്ലാ പ്രൈമറി സ്കൂളുകളിലും അധ്യാ പക/വിദ്യാഭ്യാസ സഹായിയായി പ്രവർത്തിക്കാൻ പരിശീലിപ്പിക്കുന്നു. അധ്യാപനത്തോടൊപ്പം കുട്ടികളുടെ ഭാഷാപ്രശ്നങ്ങൾ പരിഹരിക്കുന്നതി നും കൊഴിഞ്ഞുപോക്ക് കുറയ്ക്കു ന്നതിനും സ്കൂളുകളിൽ കുട്ടികളുടെ ശതമാനം, പ്രവേശനം എന്നിവ ഉറപ്പാക്കുന്നതിനും ഈ അധ്യാപ കരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വിദ്യാർഥികൾക്കിടയിൽ കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിനും പട്ടികവർഗ സങ്കേതങ്ങ ളിൽ വിദ്യാഭ്യാസത്തിന് മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി സാമൂഹ്യപഠനമുറി സ്ഥാപിച്ചിട്ടുണ്ട്

## സാമൂഹ്യ പഠനമുറി

വിദ്യാർഥികൾക്കിടയിൽ കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിനും പട്ടികവർഗ സങ്കേതങ്ങളിൽ വിദ്യാഭ്യാസത്തിന് മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി സാമൂഹ്യപഠനമുറി സ്ഥാപിച്ചിട്ടുണ്ട്. അതേ സമുദായത്തിൽ നിന്നുള്ള വിദ്യാസമ്പന്നനായ ഒരു പട്ടികവർഗ യുവതിയോ യുവാവോ ഒരു കമ്മ്യൂണിറ്റി സ്റ്റഡി സെന്ററിൽ ഫെസിലിറ്റേറ്ററായും സാമൂഹികപ്രവർത്തകനാ യും പ്രവർത്തിക്കുന്നു. സാമൂഹ്യപഠന മുറിയിൽ ഇന്റർനെറ്റ്, എൽഇഡി ടിവി, ഫർണിച്ചറുകൾ, വായനസാമഗ്രികൾ എന്നീ സേവനങ്ങൾ സജ്ജീകരിച്ചിരിച്ചിട്ടുണ്ട്. ഓരോ കേന്ദ്രത്തിലും 30 ഓളം വിദ്യാർഥികൾക്ക് താമസ സൗകര്യമുണ്ട്.

ഗോത്ര സാരഥി, ഉൾക്കാടുക ളിലും അപ്രാപ്യമായ പ്രദേശങ്ങളിലും താമസിക്കുന്ന വിദ്യാർഥികൾക്ക് ഗതാഗത സൗകര്യങ്ങൾ, വിദൂര പ്രദേശങ്ങളിലെ ആദിവാസി വിദ്യാർ ഥികൾക്ക് റസിഡൻഷ്യൽ വിദ്യാഭ്യാസം നൽകുന്നതിന് പ്രീ-മെട്രിക് &പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ, അയ്യൻകാളി മെമ്മോ റിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് സ്കീം മുതലായവ പട്ടികവർഗ യുവതി യുവാക്കളുടെ വിദ്യാഭ്യാസ പുരോഗതിക്ക് വളരെയധികം സഹായകമാകുന്ന ചില പദ്ധതികളാണ്.

കേരളത്തിലെ പട്ടികവർഗ സമൂഹങ്ങളുടെ സമഗ്രവികസനത്തി നുള്ള ശക്തമായ ഉപകരണമാണ് വിദ്യാഭ്യാസം. പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസം സാമൂഹിക മാറ്റത്തിനുള്ള ഉപാധിയായതിനാൽ, പ്രൊഫഷ ണൽ വിദ്യാഭ്യാസത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് ഉന്നതവിദ്യാഭ്യാസം നൽകുകയാണ് സംസ്ഥാനത്തെ പട്ടികവർഗ സമുദായങ്ങളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള ഏകമാർഗം ■

ആദിവാസി സമൂഹവും മാറ്റങ്ങളും

# തുറക്കുന്ന ജാലകങ്ങൾ

**ഗോത്രഭാഷയിൽ കവിത എഴുതുന്ന ലേഖകന് കവിതക്കുള്ള കേരള സാഹിത്യ അക്കാദമിയുടെ കനകശ്രീ പുരസ്കാരം നേടിയിട്ടുണ്ട്**



**അശോകൻ മറയൂർ**

കേരളത്തിൽ മുപ്പത്തിയാറോളം ഗോത്രസമൂഹം ഇന്നുണ്ട്. അവർക്കെല്ലാം അവരവരുടേതായ ഭാഷകൾ, വേഷങ്ങൾ, ആചാരങ്ങൾ, മലകളും പുഴകളും കൊണ്ടുള്ള അതിരുകൾ ഉണ്ട്. ഇവരിൽ ഒരു ഗോത്രവും മറ്റൊരു ഗോത്രത്തിന്റെ അതിര് കടന്നു മണ്ണും മലയും കാടും പിടിച്ചെടുത്തതായി അറിവില്ല. ഒരു ഗോത്രം മറ്റൊരു ഗോത്രത്തിൽ വിവാഹം കഴിച്ചതായി അറിവില്ല. ഇപ്പോഴും അത് അങ്ങനെ തന്നെ തുടർന്ന് പോകുന്നുണ്ട്. പക്ഷേ ഇന്നത്തെ ആദിവാസി സമൂഹം പലരാലും ചുറ്റപ്പെട്ട, മെരുക്കപ്പെട്ട ഒരു സമൂഹമായി മാറിയിരിക്കുന്നു. ഇത്തരം പ്രശ്നങ്ങളിൽ ഇടപെടുന്ന ഒരു സർക്കാർ ഉള്ളതുകൊണ്ടും ജാഗ്രൂകമായ പൊതുസമൂഹം ഉള്ളതുകൊണ്ടും ഇന്ന് കേരളത്തിലെ ആദിവാസി സമൂഹം മുഖ്യധാരയിലേക്ക് വന്നിട്ടുണ്ട്. ആദിവാസി മേഖലയിൽ അഴിമതിയുടെ വിളയാട്ടം കേരളത്തിൽ തൊണ്ണൂറു ശതമാനവും ഇല്ലാതായിട്ടുണ്ട്.

പൊതുവേ ഏറ്റവും പ്രധാനപ്പെട്ട മാറ്റങ്ങളിലൊന്നാണ് പ്രാദേശിക ചുറ്റുപാടുകളിൽ നടന്നുകൊണ്ടിരിക്കുന്നത്, പ്രത്യേകിച്ചും ഇടുക്കി പോലത്തെ ജില്ലകളിൽ. കടമെന്ന പേരിൽ പറ്റിക്കപ്പെട്ട് കടക്കെണിയിലായവരും ഭൂമി നഷ്ടപ്പെട്ടവരുമായ ഒരു തലമുറ ഇന്നില്ല, ഉള്ളവർ അത് നഷ്ടപ്പെടുത്തുവാൻ തയ്യാറല്ല. അതിന്റെ ആവശ്യകതയെക്കുറിച്ച് കൂടുതൽ ബോധവാൻമാരായിരിക്കുന്നു. സ്വന്തമായി വാഹനങ്ങൾ ഊരുകളിൽ വന്നതോടെ കൂടുതൽ ചൂഷണങ്ങളിൽ നിന്നും മോചനം ഉണ്ടായിട്ടുണ്ട് . കൃത്യമായ രാഷ്ട്രീയതീരുമാനങ്ങൾ എടുക്കാൻ കഴിയുന്നതുകൊണ്ട് ജനാധിപത്യത്തിന്റെ കാഴ്ചപ്പാടുകൾ ഉണ്ടാവുന്നു. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കൂടുതൽ അറിവു നേടുന്നതോടെ സ്വന്തമായി ചിന്തിക്കാനും പുതിയ വിവരങ്ങൾ അറിയുവാനും കഴിയുന്നുണ്ട്. ഇതിൽ പ്രധാനം സർക്കാരിന്റെയും വകുപ്പുകളുടെയും വികസന പ്രവർത്തനങ്ങൾ അറിഞ്ഞുകൊണ്ട് കാലതാമസമില്ലാതെ പദ്ധതികളിൽ ഉൾപ്പെടാനാവുന്നുവെന്നതാണ്.

ഇന്ന് പൊതുസമൂഹത്തിൽ എത്തപ്പെട്ടവർക്ക് പ്രധാനമായും സർക്കാരിന്റെ പദ്ധതികൾ ഉപകാരപ്പെടുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിൽ കൂടുതലും ശ്രദ്ധതിരിക്കാൻ കഴിയുന്നു. ആദിവാസികൾക്ക് പ്രാഥമിക വിദ്യാഭ്യാസം മുതൽ ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള വിദ്യാഭ്യാസ, തൊഴിൽരംഗങ്ങളിലെ അവസരങ്ങളും പ്രയോജനപ്പെടുത്തുന്നതിനുതകും വിധം കേരളത്തിലെ ഇന്നുള്ള സംവിധാനങ്ങൾ മാറിയിട്ടുണ്ട്. ഇതെല്ലാം ഭരണകൂടം ഈ സമൂഹത്തിനു തുറന്നിട്ട ജാലകങ്ങളാണ്.■

# വിദ്യാഭ്യാസത്തിലൂടെ പൊതുധാരയിലേക്ക്




അസിം മുഹമ്മദ്

# കേരളത്തിലെ ഗോത്രസമൂഹങ്ങൾ പൊതുവിദ്യാഭ്യാസധാരയിലേക്ക് കടന്നു വന്നതിന്റെ നാൾവഴികളും അതുവഴി ആർജിച്ച സാമൂഹിക പുരോഗതിയും അടയാളപ്പെടുത്തുന്നു


**ഷീന സുകുമാരൻ**

മിഷണറി പ്രവർത്തനങ്ങളും ബ്രിട്ടീഷ് - നാട്ടുവാഴി ദ്വയങ്ങളും കേരള പൊതുസമൂഹത്തെ ആധുനിക വിദ്യാഭ്യാസം പഠിപ്പിച്ചു തുടങ്ങിയ കൊളോണിയൽ കാലഘട്ടത്തിൽ ഗോത്രസമൂഹങ്ങൾ ആ ചിത്രങ്ങളുടെ ഏഴയലത്ത് പോലുമില്ലായിരുന്നു. അക്കാലത്ത് അവിടേക്ക് എത്തിനോക്കിയ ഏക ഗോത്രസമൂഹം മധ്യതിരുവിതാം കൂറിലെ മലയരയരായിരുന്നു.

19-ാം നൂറ്റാണ്ടവസാനം തന്നെ സ്കൂളുകളിലെ ത്താൻ കഴിഞ്ഞതിന്റെ സാമൂഹിക പുരോഗതി അവരിലെ മ്പാടും കാണാവുന്നതുമാണ്. അക്കാലത്ത് തങ്ങൾക്കും സ്കൂൾ വേണമെന്നാവശ്യപ്പെട്ട് ഹെൻറി ബേക്കർ സായിപ്പിനെ സമീപിച്ച മലയരയ മൂപ്പൻമാരുടെ അപേക്ഷ മാനിച്ച് കോട്ടയം മേലുകാവിൽ തുടങ്ങിയ വെർണാക്കുലർ സ്കൂൾ അങ്ങനെ ഗോത്രവിദ്യാഭ്യാസ ചരിത്രത്തിന്റെ ആദ്യ ഏടായി. ഒരു നൂറ്റാണ്ടിനു ശേഷം 1978 ലെ സംസ്ഥാന സർക്കാർ സ്ഥിതിവിവരക്കണക്ക് പ്രകാരം അന്ന് പത്താംതരമോ അതിന് മുകളിലോ പഠിച്ച ആകെ 1946 ഗോത്ര വിഭാഗക്കാരിൽ 1372 പേരും ആ മലയരയ ഗോത്ര സമൂഹത്തിൽ ഉൾപ്പെട്ടവരായിരുന്നു. വനാന്തരങ്ങളിലും മലയോരങ്ങളിലും അധിവസിച്ചിരുന്ന പല ഗോത്ര സമൂഹങ്ങളും അപ്പോഴും പൊതുവിദ്യാഭ്യാസത്തിന്റെ ഹരിശ്രീ കുറിക്കുന്നതേ ഉണ്ടായിരുന്നുള്ളൂ.

## ഇ എം എസ് സർക്കാരിട്ട അടിസ്ഥാനം

ചരിത്രപരമായ കാരണങ്ങളാൽ പൊതുസമൂഹത്തിൽ നിന്നും അരികിലായി പോയ പട്ടികവർഗ സമൂഹങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉയർത്തെഴുന്നേൽപിന് നൂതനവും ഫലപ്രാപ്തിയുള്ളതുമായ വിദ്യാഭ്യാസ പരിപാടികളാണ് ആവശ്യമെന്ന് ആദ്യ ഇ എം എസ് സർക്കാരിന് കൃത്യമായ ബോധ്യമുണ്ടായിരുന്നു.



സ്വാതന്ത്ര്യാനന്തരം, കേരളത്തിന്റെ വനാന്തരങ്ങളിൽ താമസിക്കുന്നവർക്കായി ഗവ. റസിഡൻഷ്യൽ ബേസിക് സ്കൂളുകൾ എന്ന ജി ആർ ബി സ്കൂളുകൾ പ്രാഥമിക വിദ്യാഭ്യാസം നല്കാനായി പല വനാന്തരങ്ങളിലും പ്രവർത്തിച്ചു തുടങ്ങിയിരുന്നെങ്കിലും അതൊന്നും ലക്ഷ്യത്തിലേക്കെത്തുന്നില്ലെന്ന് ആദ്യസർക്കാരിന് ബോധ്യപ്പെട്ടിരുന്നു. വനവിഭവശേഖരണത്തിനും പുനംകൃഷികൾക്കുമായി കാട് കേറുന്നവരുടെ മക്കളെ സംരക്ഷിക്കാനും പ്രാഥമിക വിദ്യാഭ്യാസം നല്കാനും തുടങ്ങിയ ഈ സ്ഥാപനങ്ങളെ സംശയത്തോടെയാണ് അന്ന് ഗോത്രസമൂഹവും കണ്ടിരുന്നത്.

പല കാലഘട്ടങ്ങളിലായി നിലവിൽ വന്ന വിവിധ വനനിയമങ്ങൾ മൂലം കാടിന്റെ അധികാരങ്ങൾ നഷ്ടപ്പെട്ടു തുടങ്ങിയ അവർക്ക്, അവരുടെ ഭൂമിയും അവകാശങ്ങളും കവർന്ന പുറംനാട്ടുകാരുടെ പ്രതിനിധികൾ തന്നെ കാട്ടിലേക്ക് പുതിയ ഭാഷയും(മലയാളം) വിദ്യാഭ്യാസ പദ്ധതികളുമായി വരുന്നതിനെ സംശയത്തോടെ വീക്ഷിക്കാനേ അന്നത്തെ സാഹചര്യങ്ങൾ അനുവദിച്ചിരുന്നുള്ളൂ.

ആദ്യത്തെ സർക്കാരിന്റെ സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി വനാന്തരങ്ങളിൽ പൈൽ സ്കൂളുകൾ എന്ന പേരിൽ ഏകാധ്യാപക പ്രാഥമിക വിദ്യാലയങ്ങളും തുടർന്ന് ട്രൈബൽ ഹോസ്റ്റലുകളും സംസ്ഥാനത്ത് വ്യാപകമായി ആരംഭിച്ചു തുടങ്ങി. 1978-79 ലാണ് സംസ്ഥാനത്ത് വ്യാപകമായി ഗവ. ട്രൈബൽ ലോവർ പ്രൈമറി സ്കൂളുകൾ ആരംഭിക്കുന്നത്. ആ വർഷം മാത്രം 100 സർക്കാർ ട്രൈബൽ ലോവർ പ്രൈമറി സ്കൂളുകൾ തുടങ്ങി. ഇതേ കാലത്ത് തന്നെ ഹൈസ്കൂൾ പഠിതാക്കൾക്കായി പുറത്തുള്ള അത്തരം സ്കൂളുകൾക്ക് സമീപം ട്രൈബൽ ഹോസ്റ്റലുകളും പ്രവർത്തിച്ചു തുടങ്ങി. പിന്നീടവ ട്രൈബൽ പ്രീ മെട്രിക് ഹോസ്റ്റലുകളായി ഇപ്പോഴും പ്രവർത്തിച്ചു വരുന്നു. സംസ്ഥാനവ്യാപകമായി ഇത്തരം 106 പ്രീമെട്രിക് ഹോസ്റ്റലുകളിലായി താമസിച്ചുകൊണ്ട് വീട്ടിൽനിന്നു പോയി പഠിക്കാൻ സാഹചര്യമില്ലാത്ത ഏഴായിരം കുട്ടികൾ ഇന്ന് പൊതു വിദ്യാലയങ്ങളിൽ പഠിച്ചുവരുന്നു.

1980-കൾ വരെയും സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ ലോകത്തിലേക്ക് കാര്യമായി ഗോത്ര സമൂഹങ്ങൾ എത്തിച്ചേർന്നിട്ടില്ലെന്ന് കാണാം. എന്നാൽ കാടിന് പുറത്ത് അധിവസിച്ചവരുൾപ്പടെ അപൂർവം സമുദായങ്ങളിലെ കുറച്ച് ആൾക്കാർ അന്നത്തെ പരിമിതമായ ഹോസ്റ്റൽ സൗകര്യങ്ങൾ ഉപയോഗിച്ച് പത്താം ക്ലാസ് പാസാവുകയും മുഖ്യധാരയിലൂടെ മുന്നോട്ട് നടക്കുകയും ചെയ്തിരുന്നു.

90-കളിൽ അംബേദ്കർ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് പബ്ലിക് സ്കൂൾ മാതൃകയിൽ ഗോത്രവിഭാഗങ്ങളിലെ കുട്ടികൾക്കായി ഗവ.മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചു. എല്ലാവിധ ഹൈടെക് സംവിധാനങ്ങളുമുള്ള അത്തരം ഇരുപത്തി രണ്ട് റസിഡൻഷ്യൽ സ്കൂളുകളിലായി ഇപ്പോൾ ആറായിരം കുട്ടികൾ താമസിച്ച് പഠിക്കുന്നുണ്ട്. ഊരുകളിൽ തന്നെ താമസിക്കുന്ന മറ്റു കുട്ടികൾ

ഇതര പൊതുവിദ്യാഭ്യാസ സ്കൂളുകളിലുമായി മുഖ്യധാരയ്ക്കൊപ്പം ഇന്ന് പഠിക്കുന്നു. മുൻപ് സ്ഥാപിച്ച ട്രൈബൽ പ്രൈമറി സ്കൂളുകൾ പലതും ഇതിനകം ഹൈസ്കൂളും ഹയർസെക്കൻഡറി സ്കൂളുകളായും മാറിയിരുന്നു. ദുർഘട പ്രദേശങ്ങളിൽനിന്നും കുട്ടികളെ സൗജന്യമായി സ്കൂളിലെത്തിക്കാൻ 2013 ൽ സർക്കാർ തുടങ്ങിയ ഗോത്രസാരഥി പദ്ധതിയും (വിദ്യാവാഹിനി) ഗോത്രപൊതുവിദ്യാഭ്യാസ രംഗത്ത് നാഴികക്കല്ലായിരുന്നു.

ഈ നൂറ്റാണ്ടാരംഭത്തോടെ മെഡിക്കൽ എഞ്ചിനിയറിങ്ങ് ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ രംഗത്തും ഗോത്രസമൂഹങ്ങളുടെ കാര്യമായ പ്രാതിനിധ്യമുണ്ടായി തുടങ്ങി. കഴിഞ്ഞ മൂന്ന് ദശകങ്ങൾ ഇക്കാര്യത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു.

## പുതിയ കാലം പുതിയ പദ്ധതികൾ

സാമൂഹ്യ പഠനമുറികൾ പോലുള്ള വിപ്ലവകരമായ വിദ്യാഭ്യാസ പദ്ധതികളുമായി ഒന്നാം പിണറായി സർക്കാർ ഗോത്ര വിദ്യാഭ്യാസമേഖലയിൽ സൃഷ്ടിപരമായ മാറ്റം കൊണ്ടു വന്നു. കംപ്യൂട്ടറും ഇന്റർനെറ്റും ലൈബ്രറിയും ഉൾപ്പെടെയുള്ള ആധുനിക പഠന സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള സാമൂഹ്യ പഠന മുറികളിൽ വിദ്യാർഥികളെ സഹായിക്കാൻ ഊരുകളിൽ തന്നെയുള്ള അഭ്യസ്തവിദ്യരായവരെ ഫെസിലിറ്റേറ്റർമാരായി നിയമിച്ചിട്ടുണ്ട്. അത്തരം 362 സ്ഥാപനങ്ങൾ സംസ്ഥാനത്തെ പട്ടികവർഗമേഖലകളിൽ നിലവിൽ പ്രവർത്തിക്കുന്നു. ഇക്കഴിഞ്ഞ വർഷങ്ങളിൽ വിദ്യാഭ്യാസരംഗത്ത് രാജ്യത്തിന് തന്നെ മാതൃകയാക്കാവുന്ന ക്രിയാത്മക പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. പുതിയ തലമുറയിൽ ഇതിന്റെയൊക്കെ ഫലമായി പ്രകടമായ മാറ്റം ഉണ്ടായിരിക്കുന്നു.

2021 ലെ കണക്ക് പ്രകാരം മെഡിക്കൽ ബിരുദവും ഗവേഷണ ബിരുദവുമുള്ള 152 പേരും എഞ്ചിനിയറിങ്ങ് ബിരുദവും ഡിപ്ലോമയുമുള്ള 1231 പേരും ബിരുദാനന്തര ബിരുദമുള്ള 2620 പേരും ബിരുദധാരികളായ 6636 പേരും പട്ടികവർഗ വിഭാഗങ്ങളിലുണ്ട് എന്നത് വിദ്യാഭ്യാസമേഖലയിൽ സമീപകാലത്തുണ്ടായ പുരോഗതിയെ അടയാളപ്പെടുത്തുന്നു.

പട്ടികവർഗ വിഭാഗങ്ങളുടെ അവകാശങ്ങളും പാരമ്പര്യ അറിവുകളും സംസ്കാരങ്ങളും സംരക്ഷിച്ചുകൊണ്ട് അവർക്ക് സാമൂഹികസമത്വവും സുരക്ഷയും സാമ്പത്തിക വികസനവും വിദ്യാഭ്യാസ ഉന്നമനവും ഉറപ്പ് വരുത്തുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ■

# നിലമ്പൂരിൽനിന്ന് നോർവേയിലേക്ക്

**നിലമ്പൂരിലെ വനമേഖലയിലെ ചോലനായ്ക്കർ വിഭാഗത്തിൽനിന്ന് രാജ്യത്തിന് പുറത്തുപോകുന്ന ആദ്യ വ്യക്തിയെന്ന ചരിത്ര നേട്ടം കുറിച്ചിരിക്കുകയാണ് കുസാറ്റിൽ ആദിവാസികളുടെ സാമൂഹ്യ സാമ്പത്തിക വിഷയത്തിൽ പിഎച്ച്ഡി വിദ്യാർഥിയായ വിനോദ് ചെല്ലൻ. നോർവേയിലെ ട്രോമസോ ആർട്ടിച്ച് സർവകലാശാലയിൽ 2023 മാർച്ച് 27 മുതൽ 31 വരെ നടന്ന അന്തർദേശീയ സെമിനാറിൽ പങ്കെടുക്കാനായി. സെമിനാറിൽ പങ്കെടുക്കുന്നതിന് പട്ടിക വർഗവകുപ്പ് ഒരുലക്ഷം രൂപ അനുവദിച്ചിരുന്നു.**



വിനോദ് ചെല്ലൻ നോർവേയിൽ

വിനോദ് പറയുന്നു: ഇന്ത്യയിലെ വേട്ടയാടുന്ന ഗോത്രങ്ങൾ അഭിമുഖീകരിക്കുന്ന സാമൂഹിക-സാമ്പത്തിക വെല്ലുവിളികളെ കുറിച്ച് , പ്രത്യേകമായി ചോലനായ്ക്കരുടെ ജീവിതത്തെ പരാമർശിച്ച്, സെമിനാറിൽ സംസാരിച്ചു. നല്ല രീതിയിൽ പ്രബന്ധം അവതരിപ്പിക്കാൻ കഴിഞ്ഞു. വിദേശയാത്രക്ക് പ്രത്യേക അനുമതിയോടെയാണ് എനിക്ക് പട്ടികജാതി/പട്ടിക വർഗവകുപ്പ് ഫണ്ട് അനുവദിച്ചത്. തീരെ സാമ്പത്തികമില്ലാത്ത കുട്ടികൾക്ക് പോലും വിദേശത്തേക്ക് പോകാൻ കഴിയുമെന്ന് എന്റെ ഈ യാത്രയിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു.

ആദിവാസി കുട്ടികളുടെ മാനസികാവസ്ഥ മറ്റു കുട്ടികളെക്കാളും വ്യത്യസ്തമാണ്. ഒരു ആദിവാസി കുട്ടിക്ക് എട്ടുവയസ്സായാൽ ജീവിക്കാൻ പ്രാപ്തനായി എന്നാണു കാഴ്ചപ്പാട്. അവിടെ നിന്ന് സ്കൂളിലേക്കു വരുമ്പോൾ മിക്ക കുട്ടികൾക്കും പിടിച്ചുനിൽക്കാൻ പ്രയാസമാണ്. മലയാളം പഠിക്കണം. ആദിവാസികളെ സംബന്ധിച്ചിടത്തോളം അറിയാത്തൊരു ഭാഷയാണത്. ഇതിനു പുറമെ മറ്റു വിഷയങ്ങളും. 'പത്താം ക്ലാസ് കഴിഞ്ഞു മറ്റു കോഴ്സുകളിലേക്ക് പോകുമ്പോൾ ഒരു വിഷയത്തിലും അടിസ്ഥാനം ഉണ്ടായിരിക്കില്ല. ഇതിനുപുറമെ സാമ്പത്തികപ്രശ്നവും. പത്താം ക്ലാസ് കഴിഞ്ഞാൽ വിദ്യാഭ്യാസത്തിൽ ഉറച്ചുനിൽക്കാൻ അവർക്കു ബുദ്ധിമുട്ടാണ്.

വിദ്യാഭാസം കിട്ടിയാൽ ഒരു ജോലി എന്ന് പറഞ്ഞാണ് ഇന്ന് മിക്ക ആദിവാസി കുട്ടികളെയും സ്കൂളിലേക്ക് ആകർഷിക്കുന്നത്. ജോലി എന്നതിലുപരി വിദ്യാഭ്യാസം നേടിയാൽ അവരുടെ ജീവിതനിലവാരം ഉയരും എന്ന് ഇവരെ ബോധ്യപ്പെടുത്തണം.

# ഉയരെ സ്വപ്നസാഫല്യം

## നിശ്ചയദാർഢ്യവും സ്ഥിരോത്സാഹവും കൊണ്ട് എയർ ഹോസ്റ്റസായ ഗോത്രവിഭാഗത്തിൽനിന്നുള്ള ഗോപിക ഗോവിന്ദിന്റെ യാത്ര ശ്രദ്ധേയമാണ്

വീടിനു മുകളിലൂടെ പറക്കുന്ന വിമാനത്തിൽ ഇരിക്കാൻ കൊതിച്ചൊരു ബാല്യം ഗോപികയ്ക്കുണ്ടായിരുന്നു. എന്നിരുന്നാലും, കണ്ണൂരിലെ പട്ടികവർഗ വിഭാഗമായ കരിമ്പാല സമുദായത്തിൽപ്പെട്ട ഒരു പെൺകുട്ടി എന്ന നിലയിൽ, അത്തരമൊരു സ്വപ്നം പിന്തുടരുന്നത് വെല്ലുവിളികൾ കൂടാതെയായിരുന്നില്ല. എന്നാൽ ഇപ്പോഴിതാ എയർ ഹോസ്റ്റസ് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്ന സംസ്ഥാനത്തെ ആദ്യ ആദിവാസി വനിതയായി അവർ മാറി.

സംസ്ഥാന സർക്കാരിന്റെ പിൻബലത്തോടെ മാത്രമാണ് തന്റെ സ്വപ്നം യാഥാർഥ്യമാക്കിയത് എന്ന് ഗോപിക പറയുന്നു. 'എന്റെ മാതാപിതാക്കൾക്ക് ഉയർന്ന ഫീസ് നൽകി എന്നെ എയർഹോസ്റ്റസ് കോഴ്സിന് പഠിപ്പിക്കാൻ കഴിയില്ലായിരുന്നു. ഒരുലക്ഷം രൂപയിലധികം ചെലവാകുന്ന കോഴ്സ് ആയിരുന്നു. എല്ലാ സഹായവും സർക്കാർ ഒരുക്കിത്തന്നു,' ഗോപിക പറയുന്നു. വയനാട്ടിലെ ഡ്രീംസ്കൈ ഏവിയേഷൻ ട്രെയിനിങ് അക്കാദമിയിലായിരുന്നു പരിശീലനം.

തുടക്കത്തിൽ തന്റെ സ്വപ്നം ആരോടും പങ്കുവച്ചിരുന്നില്ല ഗോപിക. പ്ലസ് ടുവും ഡിഗ്രിയും കഴിഞ്ഞപ്പോഴാണ് ഏവിയേഷൻ കോഴ്സിനെക്കുറിച്ച് കൂടുതൽ അറിയാൻ ഗോപിക ശ്രമിച്ചത്. 'എവിടെയാണ് ഈ കോഴ്സ് പഠിപ്പിക്കുന്നതെന്നും എത്ര പണച്ചെലവ് ഉണ്ടാകുമെന്നും അറിയില്ലായിരുന്നു. പിന്നീട് കസിൻസിനോടും ചില സുഹൃത്തുക്കളോടും എന്റെ ആഗ്രഹം പങ്കുവച്ചു.. അവർ കൂടി സഹായിച്ചു,' ഗോപിക പറയുന്നു.

മിക്ക രക്ഷിതാക്കളെയും പോലെ മകളെ സർക്കാർ ജോലിക്കാരിയാക്കണമെന്നായിരുന്നു വീട്ടിൽ എല്ലാവർക്കും. എന്നാൽ തന്റെ സ്വപ്നങ്ങൾ പറന്നുയരാനുള്ളതാണെന്നു മാതാപിതാക്കളോട് പറഞ്ഞപ്പോൾ അവർ എതിർത്തില്ല എന്നും ഗോപിക പറയുന്നു.

'എനിക്ക് ഏവിയേഷനെക്കുറിച്ച് പഠിക്കണമെന്ന ആഗ്രഹം ഉണ്ടായപ്പോൾ, അതിനെക്കുറിച്ച് പറഞ്ഞുതരാൻ എന്റെ നാട്ടിൽ ആരും ഉണ്ടായിരുന്നില്ല. ഇന്ന് നാട്ടിൽ പോകുമ്പോൾ പലരും അതിനെ കുറിച്ചും ജോലിസാധ്യതയെക്കുറിച്ചും ചോദിക്കാറുണ്ട്,' ഗോപിക പറയുന്നു.

കണിയഞ്ചാൽ ഗവ. ഹൈസ്കൂളിൽ ഏഴിൽ പഠിക്കുമ്പോഴേ ഗോപിക മനസ്സിൽ താലോലിച്ച സ്വപ്നമാണ് ഇന്ന് സഫലമായിരിക്കുന്നത്. കൂടുതൽ ഉയരങ്ങളിലേക്കു ചിറക് നീർക്കാനുള്ള ഗോപികയുടെ ആഗ്രഹം നിശ്ചയദാർഢ്യത്തിന്റെയും ഒരു സമൂഹത്തിന്റെ ഉന്നതിയിലേക്കുമുള്ള യാത്ര കൂടിയാണ് ■



ഗോപിക ഗോവിന്ദ്




# മുതുവാൻ ആവാസവ്യവസ്ഥയുടെ ഹൃദയം

## റോഡ് നിർമ്മാണം കൂടി ഉദ്ഘാടനം ചെയ്യപ്പെട്ടതോടെ ഇടമലക്കുടിയുടെ മുഖച്ഛായ മാറുകയാണ്

**ആന്റണി മുനിയറ**
മാധ്യമപ്രവർത്തകൻ

ഇടമലക്കുടിയിലേക്കെത്താൻ പതിമൂന്ന മണിക്കൂർ വരെ കാൽനടയായി കാട്ടുമൃഗങ്ങൾ വിഹരിക്കുന്ന കാട്ടിലൂടെ യാത്ര ചെയ്യേണ്ടി വന്ന കാലം പഴങ്കഥയായി മാറി. തമിഴ്നാട്ടിലെ വാൽപ്പാറ വഴി മലയിറങ്ങി ഇടമലക്കുടിയിലെ ഒരു ഭാഗത്തെ മുളകുതറക്കുടിയിലെത്തിയിരുന്ന കാലവും ഓർമ്മയായി മാറി. അട്ടകൾ കാലിൽ കയറി ചോരയൂറ്റി കുടിക്കാതിരിക്കാൻ യാത്ര ആരംഭിക്കും മുമ്പ് പുകയില പൊടിയും ഉപ്പുപൊടിയും കാലിൽ പുരട്ടി നടക്കാൻ ആരംഭിച്ചിരുന്ന കാലവും കഴിഞ്ഞു.

ഇപ്പോൾ മൂന്നാറിൽ നിന്ന് ജീപ്പിൽ കയറിയാൽ മൂന്നു മണിക്കൂറിനുള്ളിൽ ഇഡലിപ്പാറക്കുടിയിലെത്താം. രോഗം വന്നാൽ ചികിത്സാസൗകര്യമില്ലാതിരുന്ന, വികസനസ്പർശം എത്താതിരുന്ന വിദൂരസ്ഥലിയായിരുന്നു ഈ ഗോത്രഗ്രാമം. കാലം മാറിയപ്പോൾ പഴയ ഇടമലക്കുടിയുടെ മുഖമല്ല ഇപ്പോഴുള്ളത്. ഈ ഗോത്രഗ്രാമത്തിൽ അടിസ്ഥാനവികസനത്തിന്റെ വെള്ളിവെളിച്ചം പരക്കുകയാണ്.

വനം ജീവന്റെ ആധാരമായി കരുതുന്ന ഗോത്ര സമൂഹത്തിന്റെ പാരമ്പര്യവും സംസ്കാരവും നിലനിർത്തി അവരുടെ ജീവിതപുരോഗതി സാധ്യമാക്കുകയാണ് ലക്ഷ്യം.

സംസ്ഥാനത്തെ പ്രഥമ ഗോത്രവർഗ പഞ്ചായത്തും വിദൂര ആദിവാസി ഗ്രാമവുമാണ് ഇടുക്കിയിലെ ഇടമലക്കുടി. മുതുവാൻ ആവാസവ്യവസ്ഥയുടെ ഹൃദയം എന്നറിയപ്പെടുന്ന ഇവിടേക്ക് ഗതാഗതയോഗ്യമായ റോഡ് സാക്ഷാൽക്കരിക്കപ്പെടുന്നതോടെ ഗോത്രഗ്രാമത്തിലുള്ളവരുടെ യാത്രാദുരിതത്തിന്








📷 ആന്റണി മുനിയറ

അറുതിയുണ്ടാകം. നിലവിൽ ജീപ്പുകൾ ഇഡലിപ്പാറ വരെ എത്തിയതോടെ പെട്ടിമുടിയിലേക്കും മൂന്നാറിലേക്കും കാടിന്റെ മക്കൾക്ക് എത്തിച്ചേരാൻ എളുപ്പമായി. പെട്ടിമുടി മുതൽ ഇഡലിപ്പാറ വരെ 7.7 കിലോമീറ്റർ ദൂരവും തുടർന്ന് സൊസൈറ്റിക്കുടിവരെയുള്ള നാലേമുക്കാൽ കിലോമീറ്റർ റോഡും പൂർത്തിയാകുന്നതോടെ കാടിനുള്ളിലെ ഈ ഗോത്രഗ്രാമത്തിലേക്ക് വേഗത്തിൽ എത്തിച്ചേരാൻ കഴിയും.

ആദിവാസികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും മേഖലയിൽ നിലനിൽക്കുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കാനും വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമായി ഇടമലക്കുടി സമഗ്രവികസനപാക്കേജ് എന്ന പേരിൽ പ്രത്യേക പാക്കേജാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. നടപ്പുവർഷം ആദിവാസികൾക്കായി ഭവനം, കുടികൾ കേന്ദ്രീകരിച്ച് വൈദ്യുതീകരണം, എല്ലാ കുടികളിലേക്കും സഞ്ചാരയോഗ്യമായ റോഡുകൾ, ശുദ്ധജല വിതരണം, ആദിവാസികളുടെ ഉപജീവനമാർഗത്തിനായി പ്രത്യേക സംവിധാനം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

മൂന്നാർ പഞ്ചായത്തിലെ ഒരു വാർഡ് മാത്രമായിരുന്ന ഇടമലക്കുടിയെ 2010ലാണ് സംസ്ഥാനത്തെ ആദ്യ ഗോത്രവർഗ പഞ്ചായത്താക്കി മാറ്റിയത്. രോഗം ബാധിച്ചവരെയും അപകടത്തിൽപ്പെടുന്നവരെയും ചാക്കു കട്ടിലിൽ കിടത്തിയും, കസേരയിലിരുത്തിയും ചുമന്ന് മണിക്കൂറുകളോളം കാൽനടയാത്ര ചെയ്തു പുറംലോകത്തേക്കെത്തിച്ചിരുന്ന കാലം ഇനി ഓർമ്മയായി മാറും. ഇക്കഴിഞ്ഞ നാളിലാണ് ഇടമലക്കുടിയിൽ കുടുംബാരോഗ്യകേന്ദ്രത്തിന്റെ ഉദ്ഘാടനം നടന്നത്.

വനാശ്രിതരായ ഗോത്രസമൂഹങ്ങളിൽ പ്രബലവിഭാഗമാണ് മുതുവാൻ സമുദായം. ഇടമലക്കുടിയിൽ ഇരുപത്തിനാല് കുടികളിലായി 806 കുടുംബങ്ങളാണുള്ളത്. 2255 പേരാണ് ഈ ഗോത്രഗ്രാമത്തിലുള്ളത്. വനപാലകർ, പട്ടികവർഗ വികസന വകുപ്പ്, പോലീസ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾ ഒത്തു ചേർന്നു പ്രവർത്തിച്ചതോടെ ഇടമലക്കുടിയുടെ മുഖച്ഛായ മാറുകയാണ് ■



# മണ്ണിലെഴുതുന്ന ജീവിതം

രമേഷ് കുമാർ വെള്ളമുണ്ട

മലനിരകളും കാടും അതിരിടുന്ന കാട്ടുപാതകൾ കടന്നുള്ള യാത്ര വയനാട്ടിലെ ചുരുളിയെന്ന ഗോത്രഗ്രാമത്തിലേക്കാണ്. വലിയ കയറ്റങ്ങളും കുത്തനെയുള്ള ഇറക്കങ്ങളുമായി ജനവാസ കേന്ദ്രങ്ങളിൽ നിന്നും ഏറെ അകലെയാണ് ഈ വനഗ്രാമം. ഇലപൊഴിക്കാത്ത വലിയ മരങ്ങളും ശിഖരങ്ങൾ നീട്ടി വളർന്ന കാടുകളെയും താണ്ടിയെത്തുന്നവരെ ഈ ഗ്രാമംകാർഷിക സമൃദ്ധിയുടെ നിറകാഴ്ചകളുമായി സ്വീകരിക്കും. മഴയും മഞ്ഞും മാറിമാറി ചിത്രം വരയ്ക്കുമ്പോൾ ചുരുളിയും മണ്ണിൽ പുതിയ കൃഷിഗാഥകളുയർത്തും.

കൃഷിമാത്രം ഉപജീവനമാക്കിയ കുറിച്യകുടുംബങ്ങൾ അധിവസിക്കുന്ന ഗ്രാമമാണിത്. തൊണ്ടർനാട്ടിലെ വയനാടൻ അതിർത്തിഗ്രാമമായ കുഞ്ഞോത്ത് നിന്നും കുറച്ചുകൂടി മുന്നോട്ട് പോയി കാട് കടന്നുവേണം ഈ ഗ്രാമത്തിലെത്താൻ. സമൃദ്ധമായ  കാപ്പിത്തോട്ടങ്ങൾക്കും കുരുമുളക് തോട്ടങ്ങൾക്കും ഇടയിൽ  ചെറിയ ഓടുമേഞ്ഞ വീടുകളും അതിന് നടുവിലായി വയലുമായി ചുരുളി സ്വാഗതം ചെയ്യും. ഗ്രാമം കാടിനുള്ളിലാണെങ്കിലും ഇവിടേക്കുള്ള ഗോത്രകുടുംബങ്ങളുടെ കുടിയേറ്റത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. വയനാടിന്റെ പരമ്പരാഗത നെൽകൃഷിയുടെ താളം ഇവരുടെ ജീവിതത്തിനും കാലങ്ങളായി ദിശാബോധം നൽകി. മണ്ണിൽ ജൈവകൃഷിയുടെ വേരുകളാഴ്ത്തി അക്കാലം മുതൽ തുടങ്ങിയതാണ് ചുരുളിയുടെ കാർഷിക ജീവിതം.

> **വയനാട്ടിലെ ചുരുളി ഗോത്രഗ്രാമത്തിനാണ് ഇത്തവണ സംസ്ഥാന ട്രൈബൽ ക്ലസ്റ്റർ കാർഷിക പുരസ്കാരം**

## മൂന്ന് തറവാടുകൾ മൂന്നൂറ് അംഗങ്ങൾ

63 കുടുംബങ്ങളിലായി മുന്നൂറോളം പേരാണ് ചുരുളിയിലുള്ളത്.  എഴുപത് പിന്നിട്ട വെള്ളനാണ് ചുരുളിയിലെ തലമുതിർന്ന കാരണവർ. ആഞ്ഞിലി, പള്ളിയാറക്കൽ, ചിറക്കംപാടി എന്നിങ്ങനെ മൂന്ന് കുറിച്യതറവാടുകളാണ് ഇവിടെയുള്ളത്.

നഞ്ച, പുഞ്ച എന്നിങ്ങനെ രണ്ട് നെൽകൃഷിക്കാലം  ചുരുളിയിലുണ്ടായിരുന്നു. വയനാടിന്റെ പഴയ നെല്ലിനങ്ങളായ വെളിയനും ചോമാലയും ഗന്ധകശാലയുമെല്ലാം വ്യാപകമായി കൃഷി ചെയ്തു ഒരുകാലം ഇവിടെയുണ്ടായിരുന്നു. ഇപ്പോൾ വെളിയനും ചോമാലയും ഗന്ധകശാലയും പേരിനുണ്ട്. കൃഷിഭവൻ മുഖേന ലഭ്യമാകുന്ന പുതിയ സങ്കരയിനം നെൽവിത്തുകളും ഇവിടെ സ്ഥാനം പിടിച്ചു. കൃഷി ചുരുളിയുടെയും നിയോഗമാണ്. കാലാവസ്ഥവ്യതിയാനമൊന്നും കാര്യമായി ചുരുളിയെ ഇപ്പോഴും ബാധിച്ചിട്ടില്ല. കൃഷി ചെയ്യാനുള്ള മനസ്സും ഇവർക്ക് ഇന്നും ആവോളമുണ്ട്.  ഓരോ കാലത്തും നെല്ല് മാറിമാറി കൃഷി ചെയ്ത് ആവശ്യത്തിനുള്ള നെല്ല്  ഇവർ തന്നെ വർഷാവർഷം കൊയ്തെടുത്തു. കാലംമാറി പതിയെ പുഞ്ചകൃഷി പോയി. പകരം

വേനൽക്കാലത്ത് പച്ചക്കറികൃഷിയും കുറെ സ്ഥലങ്ങൾ വാഴയ്ക്കായും വഴിമാറി. ഇതിനിടയിലാണ് പാവൽകൃഷിയും ഇവിടെ പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയത്. ഇന്ന് ഏക്കർക്കണക്കിന് പാടത്ത് നിന്നും പാവൽ കൃഷിയിൽ വരുമാനം നേടുകയാണ് ചുരുളിയിലെ ഗ്രാമീണർ. മറ്റു കൃഷികളെ അപേക്ഷിച്ച് പാവൽ കൃഷിയിൽ കുരങ്ങുകളുടെ ശല്യം കുറവാണെന്നും ഇവിടുത്തെ ആദിവാസി കർഷകർ പറയുന്നു. രണ്ട് ക്ലസ്റ്ററുകളിലായി പത്ത് ഹെക്ടർ സ്ഥലത്താണ് ഇന്ന് പാവൽ കൃഷി. താഴെ നാട്ടുകളിൽ നിന്നെല്ലാം പാവക്ക തേടി കച്ച വടക്കാർ ചുരുളിയിലെത്തും. ഒന്നാം തരം ഫ്രഷ് പാവക്ക അങ്ങിനെ ഇവിടെ നിന്നും തൃശ്ശൂർ വിപണികളിൽ വരെയും എത്താൻ തുടങ്ങി. പാവൽ ഗ്രാമമെന്ന വിലാസവും ഇതോടെ ഈ ഗ്രാമത്തിന് സ്വന്തമായി മാറുകയായിരുന്നു.

## വന്യജീവികളോടുള്ള പ്രതിരോധം

നേരത്തെ ഉറങ്ങുകയും അതിരാവിലെ ഉണരുകയും ചെയ്യുന്ന ഗ്രാമമാണിത്. കാടിറമ്പങ്ങളിൽ എപ്പോഴും കാട്ടുപോത്തുകളെയും കാട്ടുപന്നികളെയെല്ലാം പ്രതീക്ഷിക്കണം. മഴക്കാലമായാൽ കാട്ടാനയുമെത്തും. ഇവകൾക്കിടയിലും ഇവർ കൃഷി ഉപേക്ഷിക്കുന്നില്ല. വന്യജീവി പ്രതിരോധത്തിനായി പലയിടങ്ങളിലും വൈദ്യുത കമ്പിവേലികളുണ്ട്. നേരമിരുട്ടിയാൽ ഈ ഗ്രാമത്തിന് അകത്തോട്ടും പുറത്തോട്ടും വാതിലുകളടയും. വന്യജീവികൾ വഴിവക്കിൽ നിലയുറപ്പിച്ചിട്ടുണ്ടാകാം. നേരം പുലർന്നതിന് ശേഷമാണ് പിന്നെ സഞ്ചാരം സാധ്യമാവുക. കുട്ടികൾ അധികവും പുറത്തുള്ള ഹോസ്റ്റലുകളിൽ താമസിച്ചാണ് പഠിക്കുന്നത്. മുമ്പ് ചുരുളി വനം സംരക്ഷണസമിതിക്കായി അനുവദിച്ച ജീപ്പായിരുന്നു ഇവരുടെ സഞ്ചാരമാർഗം തുറന്നത്. ഇപ്പോൾ ഇരുചക്രവാഹനങ്ങളും ഓട്ടോറിക്ഷകളുമെല്ലാം ചുരുളിക്ക് സ്വന്തമായുണ്ട്. കൃഷി ചെയ്താലും വന്യജീവികൾ അവരുടെ പങ്കെടുക്കും. ഇവർക്ക് കൂടിയുള്ളതാണ് നെല്ലും വിളകളുമെല്ലാം. അതിനോടൊന്നും പരിഭവമില്ല.

## ലക്ഷ്യം ജൈവകൃഷി

പ്രത്യേക കാലാവസ്ഥയിൽ വളരുന്ന ചുരുളിയിലെ കാർഷിക ഉൽപന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുക, ചുരളിയെ സമ്പൂർണ്ണ ജൈവ കാർഷികഗ്രാമമാക്കി മാറ്റുക തുടങ്ങിയവയാണ് ഈ ഗ്രാമം ലക്ഷ്യം വയ്ക്കുന്നത്. ■





# പുതുവെളിച്ചം പടരുന്നു

**അക്ഷര. ജെ**

അട്ടപ്പാടി മാറുകയാണ്. മുന്നേറ്റത്തിന്റെ, വികസനത്തിന്റെ പാതയിൽ. സംസ്ഥാന സർക്കാരിന്റെ കൃത്യമായ കാഴ്ചപ്പാടും പദ്ധതി ആസൂത്രണവും നിർവഹണവും കൊണ്ട് അട്ടപ്പാടിയിലെ ഗോത്രജനതയുടെ ജീവിതത്തിൽ പുതിയ വെളിച്ചം പടരുന്നു.

പോഷകാഹാര സുരക്ഷാപദ്ധതികൾ, വിദ്യാഭ്യാസമേഖലയിലെ പദ്ധതികൾ, വനിതാ ശാക്തീകരണ പദ്ധതികൾ, തൊഴിൽ ലഭ്യത ഉറപ്പാക്കാനും, പുതിയ തൊഴിൽ മേഖലകളിലേക്ക് പട്ടികവർഗ വിഭാഗത്തെ ആകർഷിക്കാനുള്ള പദ്ധതികൾ, സാമൂഹിക പഠനമുറികൾ, കൃഷിയിലൂടെയുള്ള ഉപജീവന പദ്ധതികൾ, നൈപുണ്യ വികസന പദ്ധതികൾ എന്നിവ ആദിവാസി സമൂഹത്തിന്റെ വികസനം സാധ്യമാക്കി.

പട്ടികവിഭാഗക്കാർ കൂടുതലുള്ള പ്രദേശമാണെങ്കിലും അട്ടപ്പാടിയിലെ ജനതയുടെ ഭൂരിപക്ഷവും ഇപ്പോൾ കുടിയേറ്റ കർഷകരാണ്. ഉൾപ്രദേശങ്ങളും വനാന്തർഭാഗങ്ങളും സർക്കാർ-സർക്കാരിതര കോളനികളിലും മാത്രമായി ഇപ്പോൾ ആദിവാസികൾ കുറഞ്ഞിരിക്കുന്നു. തമിഴ്നാട്ടിൽ നിന്നു കുടിയേറിപ്പാർത്ത ഒരു ചെറിയ വിഭാഗം ജനങ്ങളും അട്ടപ്പാടിയിലുണ്ട്.

ആദിവാസി വിഭാഗത്തിനായുള്ള പ്രവർത്തനങ്ങളെല്ലാം ഏകോപിപ്പിച്ച് ഒരേ കുടക്കീഴിൽ കൊണ്ടുവരികയാണ് ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രൊജക്ട് (ഐ.ടി.ഡി.പി) പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. വാത്സല്യസ്പർശം, വാത്സല്യനിധി, അപ്പാരൽ പാർക്ക് തൊഴിൽ പരിശീലന പദ്ധതി, ഗോത്ര ജീവിക എന്നിവ ഉൾപ്പെടെ വിവിധ പദ്ധതികൾ ഐ.ടി.ഡി.പി യിലൂടെ നടപ്പിലാക്കി വരുന്നു.

> **സംസ്ഥാനസർക്കാരിന്റെ കൃത്യമായ കാഴ്ചപ്പാടും പദ്ധതി ആസൂത്രണവും നിർവഹണവും കൊണ്ട് അട്ടപ്പാടിയിലെ ഗോത്രജനതയുടെ ജീവിതത്തിൽ പുതിയ വെളിച്ചം പടരുന്നു**

## വാത്സല്യസ്പർശം

ശിശുമരണങ്ങൾ ഒഴിവാക്കാൻ ലക്ഷ്യമിട്ട് ആരംഭിച്ച വാത്സല്യസ്പർശം പദ്ധതി പ്രകാരം മുലയൂട്ടുന്ന അമ്മമാർക്ക് നേരിട്ട് വീടുകളിലെത്തി ബോധവൽക്കരണം നൽകുന്നു. ഓരോ പഞ്ചായത്തിലും നഴ്സിങ്ങ് കഴിഞ്ഞ ആദിവാസി വിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീകളെ തിരഞ്ഞെടുത്ത് ഓരോ വീടുകളും സന്ദർശിച്ച് കൃത്യമായി എങ്ങിനെ മുലയൂട്ടണം എന്നതിൽ ബോധവൽക്കരണം നടത്തുന്നു. സംസ്ഥാനത്ത് ആദ്യമായി അട്ടപ്പാടി മേഖലയിലാണ് ഇത്തരമൊരു പദ്ധതി സംസ്ഥാനസർക്കാർ ആരംഭിക്കുന്നത്.

## പഠനത്തിന് കൂടുതൽ മികവ്

അട്ടപ്പാടിയിൽ ജനിക്കുന്ന പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ട് 2017 ൽ ആരംഭിച്ച പദ്ധതിയാണ് വാത്സല്യനിധി. ഓരോ കുട്ടിയുടെയും വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും വിദ്യാഭ്യാസത്തിനായി ഒരു നിശ്ചിത തുക സംസ്ഥാന സർക്കാർ മാറ്റിവെക്കുന്നു.

അട്ടപ്പാടിയിലെ വിദ്യാർഥികൾക്ക് പഠനത്തിന് കൂടുതൽ മികവ് നൽകുകയും മുതൽക്കൂട്ടാവുകയുമാണ് അട്ടപ്പാടിയിലെ സാമൂഹിക പഠനമുറികൾ. 43 സാമൂഹികപഠനമുറികളാണ് അട്ടപ്പാടിയിലെ അഗളി, പുതൂർ, ഷോളയൂർ പഞ്ചായത്തുകളിലായി ഉള്ളത്. സ്കൂളുകളിലെ പഠനത്തിന് ശേഷം വൈകീട്ട് 5.30 മുതൽ രാത്രി 8.30 വരെ ട്യൂഷനും പി.എസ്.സി ക്ലാസുകളും പഠനമുറികളിലൂടെ നൽകുന്നു.

ഉൾപ്രദേശങ്ങളിലെ പത്താം ക്ലാസ് വരെയുള്ള ആദിവാസി വിഭാഗം കുട്ടികൾക്ക് യാത്രാസൗകര്യം ഇല്ലാത്തതിനാൽ വിദ്യാഭ്യാസം നേടാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കുക, സ്കൂളുകളിൽ നിന്നുള്ള വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് തടയുകയും ലക്ഷ്യമിട്ട് വിദ്യാർഥികൾക്ക് വീട്ടിൽ നിന്ന് സ്ക്കൂളിലേക്കും തിരിച്ചും സൗജന്യയാത്ര ഉറപ്പ് വരുത്തുന്ന പദ്ധതിയാണ് വിദ്യാവാഹിനി. അഗളി,

ഷോളയൂർ, പുതൂർ പഞ്ചായത്തുകളിലായി 114 വാഹനങ്ങൾ ഓടുന്നുണ്ട്. 1904 വിദ്യാർഥികൾക്ക് ഇത് |പ്രയോജനമാവുന്നുണ്ട്.

കൂടാതെ ഗോത്ര ബന്ധു പദ്ധതിയിലൂടെ 26 എയ്ഡഡ്, സർക്കാർ സ്കൂളുകളിലായി പട്ടിക വർഗ വിഭാഗത്തിൽ നിന്നുള്ള 26 അധ്യാപകരെ അട്ടപ്പാടിയിൽ നിയമിച്ചിട്ടുണ്ട്. ഗോത്ര ഭാഷ പഠിപ്പിക്കുന്നതിലൂടെ അട്ടപ്പാടി മേഖലയിൽ പത്താംക്ലാസ് പാസാകുന്നവരുടെ എണ്ണം വർധിപ്പിക്കുകയാണ് ഗോത്രബന്ധു പദ്ധതിയുടെ ലക്ഷ്യം.

## വനിതാശക്തീകരണം

അട്ടപ്പാടിയിലെ വനിതകളുടെ ശക്തീകരണം ലക്ഷ്യമിട്ട് ആവിഷ്കരിച്ച തൊഴിൽ പരിശീലനപദ്ധതിയാണ് അപ്പാരൽ പാർക്ക്. തൃശ്ശൂരിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ടെക്സ്റ്റൈൽസ് ഡിസൈനിങ്ങ് മുഖേനയാണ് പരിശീലനം നൽകുന്നത്. പരിശീലനം പൂർത്തിയാക്കിയവർ അപ്പാരൽ പാർക്ക് ഒരു സൊസൈറ്റി ആയി രൂപീകരിക്കുകയും അട്ടപ്പാടി യിലെ 16 ഹോസ്റ്റലുകളിലെ വിദ്യാർഥികൾക്ക് ആവശ്യമായ യൂണിഫോമുകൾ നിർമ്മിച്ച് നൽകുന്നു. കൂടാതെ അട്ടപ്പാടിയിലെ പട്ടികവർഗ വിഭാഗക്കാരായ യുവതീയുവാക്കൾക്ക് വിവിധ തൊഴിൽ മേഖലകളിൽ വിദഗ്ധപരിശീലനം നൽകി തൊഴിൽലഭ്യത ഉറപ്പുവരുത്താനുള്ള ഗോത്രജീവിക പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയിലൂടെ 310 പേർ പരിശീലനം നേടി. കൺസ്ട്രക്ഷൻ വർക്കുകൾ, ടൈലിങ്ങ്, ഫ്ളോറിങ്ങ്, ഹോളോ ബ്രിക്സ്, മൊബൈൽ റിപ്പയറിങ്ങ് എന്നീ ജോലികളിൽ പരിശീലനം പൂർത്തിയാക്കി ഒൻപത് സംഘങ്ങൾ രൂപീകരിച്ചു. വനിതകൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കി ജീവിതനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച വട്ട്ലക്കി ഫാമിങ്ങ് സൊസൈറ്റിയിലൂടെ മുള ഉൽപന്നങ്ങൾ നിർമ്മിച്ച് വിപണിയിലെത്തിക്കുകയാണ്. അലങ്കാര വസ്തുകൾ , ഗൃഹോപകരണങ്ങൾ, ഫർണീച്ചറുകൾ, കളിപ്പാട്ടങ്ങൾ എന്നിവയാണ് നിർമ്മിക്കുന്നത്.



## കോട്ടത്തറ ആശുപത്രി

കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ആരോഗ്യവകുപ്പ് നിരവധി പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. 120 കിടക്കകളുള്ള ആശുപത്രിയിൽ പ്രതിദിനം ശരാശരി 400 ഒ.പി യും 100 ഐ. പിയുമാണ് വരുന്നത്. ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ ജനറൽ മെഡിസിൻ, ഗൈനക്, ഒഫ്താൽമോളജി, സൈക്യാട്രി, പീഡിയാട്രിക്, സർജറി ആൻഡ് അനസ്തേഷ്യ വിഭാഗം എന്നിവയുടെ സ്പെഷ്യാലിറ്റി പ്രവർത്തിക്കുന്നുണ്ട്. ഓർത്തോ ഒ.പി, ഇ.എൻ. ടി ഒ.പി എന്നിവയും സെക്കൻഡറി പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ ഒ.പി, മോർഫിൻ ക്ലിനിക് എന്നിവയുമുണ്ട്. സിക്കിൾസെൽ അനീമിയ ക്ലിനിക്, ജനിതക കൗൺസിലിങ്ങ്, കൗമാര കൗൺസിലിങ്ങ്, കുടുംബക്ഷേമ കൗൺസിലിങ്ങ്, വന്ധ്യതാക്ലിനിക്, ക്യാൻസർ നിർണയ ക്ലിനിക് എന്നിവ കൂടാതെ ഫിസിയോതെറാപ്പി സൗകര്യം, ഡയറ്റീഷ്യൻ സേവനം, തിമിര രോഗം കണ്ടെത്തുന്നതിനുള്ള ഒ.പി, അത്യാഹിത വിഭാഗം, ലാബ്, എക്സ്റേ, ഫാർമസി സൗകര്യം, നാല് കിടക്കകളുള്ള ഡയാലിസിസ് യൂണിറ്റ് എന്നിവയും പ്രവർത്തിക്കുന്നു. 11 കിടക്കകളുള്ള പുതിയ ഡയാലിസിസ് യൂണിറ്റ് സജ്ജമായിക്കൊണ്ടി രിക്കുന്നു.

നിലവിൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡി- അഡിക്ഷൻ സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പണിയും പുരോഗമിക്കുകയാണ്. ആധുനിക സൗകര്യങ്ങളോടെയുള്ള മോഡൽ ലേബർറൂമിന്റെ പണിയും പുരോഗമിക്കുകയാണ്.

## സഞ്ചരിക്കുന്ന റേഷൻ കടയും സജീവം

റേഷൻ കടകളിലേക്ക് എത്താൻ കഴിയാത്ത ഉൾക്കാടുകളിൽ താമസിക്കുന്നവർക്കായി വനംവകുപ്പിന്റെ സഹായത്തോടെ സഞ്ചരിക്കുന്ന റേഷൻ കടയും പ്രവർത്തിക്കുന്നുണ്ട്. ആനവായ്, മേലെ തൊഡുക്കി, താഴെതൊഡുക്കി, ഗലസി പാലപ്പട, തുടങ്ങിയ സ്ഥലങ്ങളിലേക്ക് വ്യാഴാഴ്ച കളിൽ ഉദ്യോഗസ്ഥർ നേരിട്ടെത്തി സഞ്ചരിക്കുന്ന റേഷൻകട മുഖാന്തരം റേഷൻ വിതരണം നടത്തി വരുന്നുണ്ട് ■

📷 വി.എം. ജയപ്രകാശ്

മികവിന്റെ മാതൃക /
ഡിജിറ്റലി കണക്ടഡ് ട്രൈബൽ ഏരിയ

# ഡിജിറ്റൽ വിപ്ലവം

## 2023 ഡിസംബറോടെ കേരളത്തിലെ എല്ലാ ഊരുകളിലും ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാകും

പട്ടികവർഗ ജനവിഭാഗങ്ങളെ കാലത്തിനൊത്ത സഞ്ചരിക്കത്തക്ക പ്രാപ്തിയുള്ളവരാക്കി മാറ്റുക എന്ന നയത്തിന്റെ ഭാഗമായി ഇന്റർനെറ്റ് സൗകര്യം എത്താത്ത ഊരുകളിൽ കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിനായി ഡിജിറ്റലി കണക്ടഡ് ട്രൈബൽ ഏരിയ എന്ന പദ്ധതി ആവിഷ്കരിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1284 പട്ടികവർഗ ഊരുകളിൽ 1083 ൽ ഇന്റർനെറ്റ് കണക്ഷൻ ഉറപ്പാക്കി.

പട്ടികവർഗ കോളനികളിലെ സാമൂഹ്യ പഠനമുറികളെ സ്മാർട്ടാക്കി ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി സഹായത്തോടെ വിദ്യാഭ്യാസം, ആരോഗ്യാവബോധം, രോഗനിർണ്ണയം എന്നിവയ്ക്ക് സഹായകരമാകുന്ന കേന്ദ്രങ്ങളാക്കി മാറ്റുകയാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. റീജിയണൽ ക്യാൻസർ സെന്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജി, CSIR, NIIST എന്നീ ഏജൻസികളുടെ സഹകരണത്തോടെ വിദ്യാഭ്യാസം, ആരോഗ്യ അവബോധം, രോഗനിർണ്ണയം, തൊഴിലവസരം എന്നിവയ്ക്ക് സഹായകമാകുന്ന കേന്ദ്രങ്ങളായി സാമൂഹ്യ പഠനമുറികളെ ഉയർത്തി, ആദിവാസി സമൂഹത്തിന് ഗുണപ്രദമായി ഉപയോഗിക്കുകയാണ് സുപ്രധാന ലക്ഷ്യം.

ആദ്യഘട്ടത്തിൽ വയനാട് ജില്ലയിൽ പദ്ധതി നടപ്പാക്കിവരുന്നു. 2023 ഡിസംബറോടെ കേരളത്തിലെ എല്ലാ ഊരുകളിലും ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാകും.

കേവലം രോഗനിർണ്ണയത്തിനപ്പുറം സമൂഹത്തിന്റെ പൊതുവായ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിൽ ആഴ്ന്നിറങ്ങിയ മദ്യം, മയക്കമരുന്ന് പോലുള്ള ദുശ്ശീലങ്ങൾക്കും അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ ശക്തമായ ബോധവൽക്കരണം നല്കുന്നതിനും നൂതന ശാസ്ത്രസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പുതിയൊരു തലമുറയെ വാർത്തെടുക്കുന്നതിനും ഈ പദ്ധതി ഉപകരിക്കും. ■



# എല്ലാവർക്കും രേഖകൾ

## വയനാട് -ഗോത്രവിഭാഗങ്ങൾക്ക് അടിസ്ഥാന രേഖകൾ ഉറപ്പാക്കിയ ആദ്യ ജില്ലയായി



മുഴുവൻ പട്ടികവർഗക്കാർക്കും ആധികാരിക രേഖകൾ ഉറപ്പാക്കിയ സംസ്ഥാനത്തെ ആദ്യ ജില്ലയായി വയനാട്. ഇരുപത്തി മൂന്ന് ഗ്രാമപഞ്ചായത്തുകളിലും മൂന്ന് നഗരസഭകളിലും നടത്തിയ അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ (എ.ബി.സി.ഡി) പദ്ധതിയിലൂടെയാണ് ജില്ല ചരിത്രനേട്ടം കൈവരിച്ചത്. റേഷൻകാർഡ്, ആധാർകാർഡ്, ഇലക്ഷൻ ഐ.ഡി കാർഡ്, ജനന സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട്, ആരോഗ്യ ഇൻഷുറൻസ് എന്നിങ്ങനെ ആറ് പ്രധാന രേഖകളാണ് ഗുണഭോക്താക്കൾക്ക് ലഭ്യമായത്. പരമാവധി രേഖകൾ ഡിജിറ്റലൈസ് ചെയ്ത് ഡിജി ലോക്കറിൽ സൂക്ഷിക്കുകയും ചെയ്തു.

മൊബൈൽ നമ്പറുള്ള എല്ലാവരുടെയും രേഖകൾ ഡിജിലോക്കറിൽ സുരക്ഷിതമാണ്. ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും ഫോണുണ്ടെങ്കിൽ എല്ലാവരുടെയും രേഖകൾ അതിൽ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ഡിജിലോക്കർ വഴി ഡോക്യുമെന്റുകൾ ഡിജിറ്റലൈസ് ചെയ്യുന്നത് പട്ടികവർഗ ഗുണഭോക്താക്കൾക്ക് രേഖകൾ അവരുടെ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കാൻ സഹായിക്കും, അതുവഴി ഒരു ദുരന്തം മൂലമോ ഭൗതിക സുരക്ഷയുടെ അഭാവം മൂലമോ രേഖകൾ നഷ്ടപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ അവ എളുപ്പത്തിൽ വീണ്ടെടുക്കാനാകും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ സഹകരണത്തോടെയുള്ള പദ്ധതി ഇന്ത്യയിൽ തന്നെ ഇത്തരത്തിലുള്ള ആദ്യത്തെ പദ്ധതിയാണ്. അടിസ്ഥാന രേഖകളില്ലാത്ത പൗരന്മാരെ കണ്ടെത്തുന്നതിന് പ്രത്യേക ട്രൈബൽ പ്രൊമോട്ടർ ഓഫീസർമാരുടെ സർവേയോടെയാണ് നടപടി ആരംഭിച്ചത്, തുടർന്ന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പങ്കാളിത്തത്തോടെ പ്രത്യേക ക്യാമ്പുകൾ ഷെഡ്യൂൾ ചെയ്തു. റവന്യൂ, തദ്ദേശ സ്വയംഭരണം, പട്ടികവർഗവികസനം, ആരോഗ്യം, സിവിൽ സപ്ലൈസ്, ഇലക്ഷൻ, ഐ.ടി മിഷൻ, അക്ഷയ കേന്ദ്രം, ലീഡ് ബാങ്ക്, പോസ്റ്റൽ വകുപ്പ്, കാരുണ്യ. കെ.എസ്.ഇ.ബി, ബി.എസ്.എൻ.എൽ, പിഡബ്ലിയുഡി ഇലക്ട്രോണിക്സ്, നെഹ്റു യുവകേന്ദ്ര തുടങ്ങിയവയുടെ സഹകരണത്തോടെയാണ് ഒരോ തദ്ദേശ സ്ഥാപന പരിധിയിലും പട്ടിക വർഗക്കാർക്കായി ക്യാമ്പുകൾ നടത്തിയത്. ജനപ്രതിനിധികൾ വഴിയും പട്ടികവർഗ പ്രൊമോട്ടർ, സാമൂഹിക സന്നദ്ധപ്രവർത്തകർ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയാണ് ആദിവാസി കോളനികൾ തോറും കയറി രേഖകൾ ഇല്ലാത്തവരെ കണ്ടെത്തി ക്യാമ്പിലെത്തിച്ചത്. ഏകദേശം 64,670 പട്ടികവർഗ ഗുണഭോക്താക്കൾക്ക് 1,42,563 സേവനങ്ങൾ നൽകി.

എല്ലാ സർക്കാർ പദ്ധതികളും ആനുകൂല്യങ്ങളും പട്ടിക വർഗവിഭാഗത്തിൽപ്പെട്ട ഓരോ പൗരനും എത്തുന്നുവെന്ന് ഉറപ്പാക്കാൻ ഈ പദ്ധതിയിലൂടെ കഴിഞ്ഞു. ■

# സുരക്ഷിതവാസം സുഗമം





**ജോസഫ് ജോൺ**
ജോയിന്റ് ഡയറക്ടർ, പട്ടികവർഗവികസനവകുപ്പ്

പട്ടികവിഭാഗക്കാരുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് 2022-23 സാമ്പത്തികവർഷം മുതൽ സേഫ് പദ്ധതി (SAFE- Secure Accommodation and Facility Enhancement) നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം ഭവന പൂർത്തീകരണം/പുനരുദ്ധാരണം എന്നിവയ്ക്കായി ആകെ രണ്ട് ലക്ഷം രൂപ മൂന്ന് ഗഡുക്കളായി വിതരണം ചെയ്യുന്നു. ഒന്നാം ഗഡു 50,000/ രൂപ, രണ്ടാം ഗഡു 1,00,000/ രൂപ മൂന്നാം ഗഡു 50,000/ രൂപ ക്രമത്തിലാണ് തുക അനുവദിക്കുന്നത്.

## അർഹതാമാനദണ്ഡങ്ങൾ

- വരുമാന പരിധി ഒരു ലക്ഷം രൂപ വരെ.
- 2010 ഏപ്രിൽ 1 ന് ശേഷം ഭവനപൂർത്തീകരണം നടത്തിയിട്ടുള്ള പട്ടികജാതി കുടുംബങ്ങൾ. (01.04.2010 മുതൽ 26.09.2017 വരെ)
- വീട് അപേക്ഷകന്റേയോ ഭാര്യ/ ഭർത്താവിന്റെയോ പേരിൽ ഉള്ളതായിരിക്കണം. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഭവന

നിർമ്മാണത്തിനോ ഭവന പുനരുദ്ധാരണ ത്തിനോ ഭവന പൂർത്തീകരണത്തിനോ
സർക്കാർ ധനസഹായം ലഭിച്ചവരെ പരിഗണിക്കില്ല.

- ഇരുനില വീടുകൾ പരിഗണിക്കില്ല.

## ആവശ്യമായ രേഖകൾ

01 അപേക്ഷകന്റെ ജാതി വരുമാന സർട്ടിഫിക്കറ്റുകൾ.
02 കൈവശ / ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുകൾ.
03 ആവശ്യമായ നിർമ്മാണ ഘടകങ്ങൾ അടങ്ങിയ അപേക്ഷകന്റെ സ്റ്റേറ്റ്മെന്റ്.
04 അവസാന ഗഡു കൈപ്പറ്റിയത് സംബന്ധിച്ച് വകുപ്പ് / എഞ്ചിനീയറിൽ നിന്നുള്ള സാക്ഷ്യപത്രം മുമ്പ് മെയ്ന്റനൻസ് ഗ്രാന്റ് ലഭിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം.
05 നിശ്ചിത മാതൃകയിലുള്ള മേൽക്കൂര നിർമ്മിക്കാത്തതിനാൽ അവസാന ഗഡു സംഖ്യ നൽകിയിട്ടില്ലെന്നത് സംബന്ധിച്ച് വകുപ്പ് / ഏജൻസിയുടെ സാക്ഷ്യപത്രം.
06 സ്വന്തമായി ഭവനം നിർമ്മിച്ചവർ വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം സെക്രട്ടറി / അസി.എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കണം.
07 മുമ്പ് മെയ്ന്റനൻസ് ഗ്രാന്റ്, റിപ്പയർ എന്നിവ ലഭിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം.
08 ആധാർ, റേഷൻ കാർഡ്, പാസ്സ് ബുക്ക് എന്നിവയുടെ പകർപ്പ്.

## മുൻഗണനാ മാനദണ്ഡങ്ങൾ

മേൽക്കൂര, ടോയിലറ്റ് എന്നിവയില്ലാത്ത പൂർത്തിയാകാത്ത കുടുംബങ്ങൾക്ക് മുൻഗണന.

## തുടർന്നുള്ള മുൻഗണന

1. ഭർത്താവ് മരണപ്പെട്ട/ഉപേക്ഷിച്ച വനിതകൾ കുടുംബനാഥയായ കുടുംബം.
2. ഭിന്നശേഷിക്കാർ /മാരകരോഗങ്ങൾ ബാധിച്ചവരുള്ള കുടുംബം.
3. വിദ്യാർഥികളുള്ള കുടുംബം.
4. വനിതകൾ മാത്രമുള്ള കുടുംബം.
5. ഒന്നിലധികം വിദ്യാർഥിനികളുള്ള കുടുംബം.
6. മുൻപ് മെയിന്റനൻസ് ഗ്രാന്റ് ലഭിക്കാത്ത കുടുംബം.
7. 800 ച.അടിയിൽ താഴെ വിസ്തീർണ്ണമുള്ള വീട്.
8. പഠനമുറി അനുവദിച്ചിട്ടില്ലാത്ത കുടുംബം.
9. നിർമ്മാണ ഘടകങ്ങളിൽ അഞ്ചിൽ അധികം ഘടകങ്ങൾ ആവശ്യമുള്ള കുടുംബം.
10. 50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബം. ■








# ഭൂരഹിതരില്ലാത്ത നവകേരളത്തിലേക്ക്

**ഭൂരഹിതരായ പട്ടികവർഗവിഭാഗക്കാർ ഇല്ലാത്ത ആദ്യജില്ലയായി തിരുവനന്തപുരം. മറ്റ് ജില്ലകളും അതിവേഗം ലക്ഷ്യത്തിലേക്ക് പുരോഗമിക്കുകയാണ്**

ഭൂരഹിതരില്ലാത്ത നവകേരളം എന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം യാഥാർഥ്യമാകുന്ന നാൾ വിദൂരമല്ല എന്നതിന് അടയാളമായി അഭിമാനകരമായ ചരിത്രനേട്ടം സ്വന്തമാക്കിയിരിക്കുകയാണ് തിരുവനന്തപുരം ജില്ല. വനാവകാശ നിയമ പ്രകാരം 981 പേർക്ക് 692.94 ഏക്കർ ഭൂമിക്ക് കൈവശാവകാശരേഖ നൽകുകയും ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഒൻപത് പേർക്ക് 1.35 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്യുകയും ചെയ്തു. വിതുര പഞ്ചായത്തിലെ ചെറ്റച്ചലിൽ ഭൂമിയ്ക്കായി രണ്ട് പതിറ്റാണ്ടായി നടത്തിവരുന്ന സമരം അവസാനിപ്പിച്ച് വനാവകാശ നിയമ പ്രകാരം 33 കുടുംബങ്ങൾക്ക് കൈവശാവകാശരേഖ നൽകി.

തിരുവനന്തപുരം കൂടാതെ പാലക്കാട് ജില്ലയും ഭൂരഹിതരായ പട്ടികവർഗക്കാർ ഇല്ലാത്ത ജില്ലയായി മാറുകയാണ്. വനാവകാശനിയമപ്രകാരം ജില്ലയിൽ 358 പേർക്ക് 1536.68 ഏക്കർ ഭൂമിക്ക് കൈവശാവകാശരേഖ നൽകി. ഇതിൽ 336 പേർ അട്ടപ്പാടിമേഖലയിലുള്ള വരാണ്. ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 51 പേർക്ക് 11.73 ഏക്കർ ഭൂമി വാങ്ങി വിതരണംചെയ്തു. നിക്ഷിപ്തവനഭൂമി വിതരണ പദ്ധതി പ്രകാരം എട്ട് കുടുംബങ്ങൾക്ക് എട്ട് ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

## മറ്റു ജില്ലകളിലെ ഭൂമി വിതരണം

| | |
|---|---|
| പത്തനംതിട്ട | വനാവകാശ നിയമപ്രകാരം 215 പേർക്ക് 132.57 ഏക്കർ ഭൂമിക്ക് കൈവശാവകാശരേഖ നൽകി ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 5.3 ഏക്കർ ഭൂമി വിതരണം ചെയ്യുന്നതിനായി വാങ്ങിയിട്ടുണ്ട്. നൊമാഡിക്ക് വിഭാഗക്കാരായ 20 മലമ്പണ്ടാര കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമിവീതം കൈവശാവകാശരേഖ നൽകി.<br>23 കുടുംബങ്ങൾക്ക് കൂടി ഭൂമി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| കോട്ടയം | വനാവകാശ നിയമ പ്രകാരം അഞ്ച് പേർക്ക് 5.70 ഏക്കർ ഭൂമിക്ക് കൈവശാവകാശരേഖ നൽകി ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 18 പേർക്ക് 2.15 ഏക്കർ ഭൂമി വാങ്ങി വിതരണംചെയ്തു. |
| ഇടുക്കി | വനാവകാശനിയമപ്രകാരം 240 പേർക്ക് 368.94 ഏക്കർ ഭൂമിക്ക് കൈവശാവകാശരേഖ നൽകി. |
| എറണാകുളം | വനാവകാശ നിയമ പ്രകാരം 48 പേർക്ക് 368.94 ഏക്കർ ഭൂമിക്ക് കൈവശാവകാശരേഖ നൽകി. ലാൻഡ് ബാങ്ക് പദ്ധതി 6.27 ഏക്കർ ഭൂമി വിതരണം ചെയ്യുന്നതിനായി വാങ്ങിയിട്ടുണ്ട്.<br>79.28 സെന്റ് ഭൂമി കൂടി വിതരണത്തിനായി കണ്ടെത്തിയിട്ടുണ്ട്. |
| തൃശ്ശൂർ | ചിമ്മിനി ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് കള്ളിചിത്ര മലയിൽ നിന്നുംകുടിയിറക്കപ്പെട്ട കള്ളിചിത്ര നടാംപാടം കോളനിയിലെ 17 കുടുംബങ്ങൾക്ക് ചാലക്കുടി താലൂക്കിൽ മൂപ്ലിയം വില്ലേജിൽ 3.035 ഹെക്ടർ ഭൂമി വിതരണം ചെയ്തു. |
| കോഴിക്കോട് | ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 40 പേർക്ക് 8.06 ഏക്കർ ഭൂമിവാങ്ങി വിതരണം ചെയ്തു.<br>ലാൻഡ് ബാങ്ക് പദ്ധതിക്കായി 1,53,41,911/ രൂപ അനുവദിച്ചു. |
| വയനാട് | വനാവകാശ നിയമപ്രകാരം 409 പേർക്ക് 274.74 ഏക്കർ ഭൂമിക്ക് കൈവശാവകാശ രേഖ നൽകി<br>ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 53 പേർക്ക് 6.17 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്തു. നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി പ്രകാരം 109 കുടുംബങ്ങൾക്ക് 44.20 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. മുത്തങ്ങ സമരത്തിൽ പങ്കെടുത്തതും ഭൂമി അനുവദിക്കേണ്ടതുമായ 37 കുടുംബങ്ങൾക്ക് കൂടി ഒരേക്കർവീതം ഭൂമി അനുവദിച്ചു. |
| കണ്ണൂർജില്ല | വനാവകാശനിയമ പ്രകാരം 89 പേർക്ക് 95.28 ഏക്കർ ഭൂമിക്ക് കൈവശാവകാശരേഖ നൽകി |
| കാസർഗോഡ് ജില്ല | ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 47 പേർക്ക് 11.66 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്തു. 26.12 ഏക്കർ ഭൂമികൂടി വിതരണത്തിനായി വാങ്ങിയിട്ടുണ്ട്.<br>ലാൻഡ് ബാങ്ക് പദ്ധതിക്കായി 2,20,73,841/ രൂപ അനുവദിച്ചു. |

# നിറഞ്ഞുപൂക്കുന്ന ചന്ദനമരം

അട്ടപ്പാടിയുടെ ഗോത്രജീവിതത്തിൽ നിന്ന് കേരളത്തിന്റെ ഇഷ്ട ഗായികയായി മാറിയ നഞ്ചിയമ്മ  ജീവിതം പാടുന്നു...പറയുന്നു...



വര: ദീപക് മൗത്താട്ടിൽ

കാടറിഞ്ഞ് കാടിന്റെ താളമറിഞ്ഞ് പ്രകൃതിയോട് ഒട്ടിച്ചേർന്നു വളർന്നുവന്ന ഗായിക.... അട്ടപ്പാടിയുടെ നഞ്ചിയമ്മ.....വനപച്ചയും പച്ചയായ ജീവിതവും ഇഴചേർന്ന് രൂപപ്പെട്ട മണ്ണ് മണക്കുന്ന നഞ്ചിയമ്മയുടെ ഗാനങ്ങൾ ജനം പ്രായഭേദമെന്യേ എറ്റെടുത്തു എന്ന് മാത്രമല്ല ലോകത്തിന്റെ കൂടി ഓളമായി മാറിയിരിക്കുന്നു. 2020 ലിറങ്ങിയ 'അയ്യപ്പനും കോശിയും' എന്ന മലയാള സിനിമയിലെ കലക്കാത്തസന്ദനമരം..നിറഞ്ഞ് പൂത്ത ചന്ദനമരത്തെക്കുറിച്ച് പാടി സംസ്ഥാന, ദേശീയ പുരസ്കാരവും നേടി...ലോക രാഷ്ട്രങ്ങൾ സഞ്ചരിച്ചു... പാലക്കാടിന്റെ വടക്ക് ഭാഗത്ത് കിടക്കുന്ന 827 ച.കി.മി വിസ്തൃതിയിലുള്ള അട്ടപ്പാടിയെ ലോകത്തെ അറിയിച്ച ആദിവാസി ഗായിക നഞ്ചിയമ്മ നിനച്ചിരിക്കാതെ കയറി വന്ന പ്രശസ്തിയിലും ജനശ്രദ്ധയിലും ലാളിത്യം കൈവിടാതെ തന്റെ 64-ാം വയസ്സിലും നിഷ്കളങ്കമായ ചിരിയോടെ വിശേഷങ്ങൾ പങ്കുവെക്കുന്നു. വേദികളിൽ നിന്ന് വേദികളിലേക്ക് മാറിക്കൊണ്ടിരിക്കുന്ന....നഞ്ചിയമ്മ ലവലേശം സംശയമില്ലാതെ
നക്കുപതി ഊരിലെ പുതിയ വീട്ടിലിരുന്ന് പാട്ടിനൊപ്പം പറയുന്നു.....അട്ടപ്പാടി ഇപ്പ..
അടിപൊളി അല്ലെ....

സർക്കാര് വെച്ച മരാ
സർക്കാര് വെച്ച മരാ
പൊങ്കി വളർന്ത മരാ
തങ്കോ രത്തിനമേ
എങ്കളുത്ത ത്തുക്കമര
പൊന്നോ രത്തിനമേ

പാട്ടുപാടി കഴിഞ്ഞ് ചോദ്യങ്ങൾ ചോദിക്കാതെ തന്നെ വാചാലയായി തുടങ്ങിയ നഞ്ചിയമ്മ സർക്കാരിനെക്കുറിച്ച് പ്രതികരിച്ചത് ഇങ്ങനെ....

ഗവർമെണ്ട് ഇല്ലാതെ നമ്മളില്ല...നമ്മളില്ലാതെ ഗവർമെണ്ടുമില്ല...ഏത് കാര്യയാലും നമ്മള് എല്ലാവരും ഒന്ന് സേർന്താൽ മാത്രാണ് കാര്യവുള്ളൂ....ഇപ്പോ നമ്മളൊരു പ്രശ്നമുണ്ടായാൽ ഗവർമെണ്ടില്ലാതെ നമ്മളാരിന്റടുത്ത് പോയി പറയും.. കുട്ടികളെ അതാത് സമയത്ത് അവര് ചെക്കപ്പ് ചെയ്യണ്....നല്ലപോലെ നോക്കണ്... ഗർഭിണികളെ അതാതാ സമയത്ത് വന്നു നോക്കണ....ആരോഗ്യമില്ലാത്ത കുട്ടികൾക്ക് അതാത് സമയത്ത് ഭക്ഷണം കൊടുക്കണ...മരുന്നു കൊടുക്കണ.... അംഗൻവാടികളിൽ വന്ന് ചെക്ക് അപ്പ് ചെയ്യുണ...നോക്കണ...വയ്യാത്ത കുട്ടികളെ ആസ്പത്രിയിൽ കൊണ്ടുപോയി അഡ്മിറ്റാക്കണ്...നമ്മള് അവര് വന്ന് നോക്കണതിന് നിക്കാറില്ല...എന്തെങ്കിലുമുണ്ടെങ്കിൽ അപ്പതന്നെ ഗവർമെണ്ടാശുപത്രിയിൽ പോകും...അവിടെ അടിപൊളി ആയിട്ടാണ് നോക്കണത്.... പോയി രണ്ടു ദിവസം ഒരു ദിവസം ആകുമ്പോഴേക്കും ആളുകളൊക്കെ സുഖാവണ... പരിശോധിച്ചു മരുന്നു കൊടുക്കുന്നു. സമയത്തെല്ലാം നോക്കുന്നുണ്ട്. അട്ടപ്പാടി ഇപ്പോ ആണ് അടിപൊളിയായിട്ട് പോണത്... ആണായാലും പെണ്ണായാലും ഷൂട്ടിങ്ങിനു പോകുന്നു, അഭിനയിക്കാൻ പോകുന്നു പാട്ടിനു പോകുന്നു, അങ്ങനെ എല്ലാവരും പുറത്തേക്ക് പോകുന്നു.

## താരാട്ടിന്റെ ഇനിപ്പ്

കെഎസ്ആർടിസിയുടെ പ്രമോഷനായി നഞ്ചിയമ്മ ആലപിച്ചിരിക്കുന്ന ഗാനം ഒരു താരാട്ട് പാട്ടാണെന്ന് മിക്കവർക്കും അറിയില്ല...

തിന്തി...തിന്തി......

തിന്തിന്തി ലാലി ലാലി തിനാ തിന്തിനാ
തിന്തിത്തി ലാലി ലാലി തിനാ തിന്തിനാ
വെള്ളേക്കാരൻ തോട്ടത്തിലെ തിനാ തിന്തിനാ
വെള്ളേച്ചോല വെട്ടയിലേ തിനാ തിന്തിനാ
മഞ്ചാക്കാട് തോട്ടക്കുള്ളെ തിനാ തിന്തിനാ
മഞ്ചാത്തോട് വെട്ടയിലെ തിനാ തിന്തിനാ

### ഈ പാട്ടിന്റെ അർത്ഥമെന്താണ്?

അന്ത് കാലത്തില് കാട്ടിലാണ് കൃഷി.... മുളക്കുടയൊക്കെ ഉണ്ടാക്കി...ഞങ്ങള് കാട്ടില് വിത്തെടുക്കാൻ പോകും.ഞങ്ങള് റാഗി വിത്തിനെ പൊളിച്ചെടുത്ത്

കല്ലില് പൊടിയാക്കി മാവ് ഉണ്ടാക്കും....പിന്നെ കുറെ ചീരകളെടുത്ത് കൂട്ടാൻ വെക്കും...പിന്നെ റാഗി മാവില് പുട്ടുണ്ടാക്കി ചീര കൂട്ടാൻ കൂട്ടി കഴിച്ചുവന്നാ ശരീരത്തുക്കു നല്ലതാണ്...അപ്പോ അതെണ്ടാക്കണ...വിത്തെടുക്കാൻ പോണ ടൈമിലാണ് ആ പാട്ട്..... കുട്ടികളെ മരത്തിന്റെ തണലില് മുണ്ട് വിരിച്ച് ഉറക്കി കിടത്തിക്കൊണ്ടാണ് ആ പാട്ട്.....

കുട്ടികൾ അമ്മമാരെ വിടില്ലല്ലോ അതു കൊണ്ടാണ് അങ്ങനെ ചെയ്യുന്നത്.....

ആത്ത്ക്ക് അന്ത പക്കാ
ദേന ആരാണ്ട് വരേണ്
വെള്ളെപൂവുകയിലേ കാണികാണാനെട്ടയിലെ

ആത്ത് മണ കല്ലെടുത്ത് ദുമ്മ പോട്ട്
ആത്ത് മണ കല്ലെടുത്ത് ദുമ്മ പോട്ട്
ആരാരി രാരേ കണ്ണേ ആരാരീ രാരോ
ആരാരി രാരേ കണ്ണേ നീയുറങ്കേ
(മറ്റൊരു താരാട്ട് പാട്ട് പാടുന്നു)

അത് അന്തകാലത്തില് സാമ്പ്രാണിക്ക് പകരം അന്ന് മരത്തിൽ നിന്നുണ്ടാക്കുന്ന ദുമ്മ എന്ന പൊടി പുകയ്ക്കും.. എന്നിട്ട് കുട്ടികളെ ഉറക്കാൻ പാടുന്ന പാട്ടാണിത്...ഒരു സിനിമ

ഷൂട്ടിങ്ങിനിടെ ഒൻപതുമാസക്കുട്ടിയെ ഞാൻ തോളിലിട്ട് ഈ പാട്ട് പാടി...കുട്ടി എന്റെ നെഞ്ചിൽ

കിടന്നുറങ്ങി പോയി....എന്താ ചെയ്യാ.....പിന്നെ ചെക്കന്മ ണർന്ന് കഴിഞ്ഞിട്ടാണ് ഷൂട്ടിങ്ങ് ചെയ്തത്..(ചിരി)

## ഉള്ളത്തിലുണ്ട് പാട്ടുകൾ

ഒരുപാട് പാട്ടുകൾ അറിയാമല്ലോ ജീവിതത്തിലെ ഏത് സാഹചര്യം പറഞ്ഞാലും അതിനനുസരിച്ചിട്ടുള്ള പാട്ടുകൾ പാടാൻ പറ്റുന്നു. ഇത്രയും പാട്ടുകൾ എങ്ങനെ മനസ്സിൽ വന്നു?

(ചിരിക്കുന്നു)

'അതിപ്പോ ഞങ്ങൾ ജീവിച്ചവരല്ലേ കാടിനെപ്പറ്റി.. മനുഷ്യരെപ്പറ്റി... പക്ഷികളെപ്പറ്റി... ഭക്ഷണങ്ങളൊക്കെപ്പറ്റി ഒക്കെ പാട്ടും ഉണ്ടാവും ഞങ്ങൾ കൂട്ടുകൂടുന്ന സമയത്തൊക്കെ എങ്ങനെ ഇരുന്നാലും ഞങ്ങളുടെ ഉള്ളത്തിൽ നിന്ന് പാട്ടു വരും..അന്തക്കാലത്തില് എന്റെ ചെറുപ്പത്തിൽ.. കുട്ടികളെ കാണിച്ചുകൊടുക്കാൻ സിനിമാവില്ല..റേഡിയോ വില്ല ഒന്നുമില്ല.. എന്റെ ഏട്ടനൊക്കെ തെരുവ് കൂത്ത് ആട്ടമായിരുന്നു.അവര് 20 പേര് 10 പേര് ചേർന്നാണ് കളിക്കുക.ഞങ്ങൾക്ക് ബുദ്ധി വരുന്ന ടൈമിൽ ഞങ്ങൾ തെരുവ് കൂത്താണ് കണ്ണുനിറഞ്ഞ് കണ്ടിരുന്നത്. വൈകിട്ട് ആറുമണിക്ക് കഴിഞ്ഞ് തെരുവ് കൂത്താടാൻ പോകും .... കമ്മിയടി...ആട്ടം പാട്ടം ... എല്ലാം ഉണ്ടാവും. ആറ് മണി കഴിഞ്ഞാ അത് മാത്രമാണ് നമ്മുടെ രാജ്യത്തിലുണ്ടാകുക.അത് കണ്ടാണ് ഞാൻ ഈ പാട്ടൊക്കെ പാടാൻ തുടങ്ങിയത്. അതിന് വീട്ടിലെ പണിയെടുക്കില്ല... അവിടിവിടെ പോണു എന്നൊക്കെ പറഞ്ഞ് അച്ഛന്റെടുത്ത് നിന്ന് അടി കൊണ്ടിട്ടുണ്ട്. എത്ര അടിച്ചാലും കൊന്നാലും ശരി ഞാൻ കളിക്കാൻ പോകുമെന്ന് പറഞ്ഞ് ആറുമണി കഴിഞ്ഞാൽ ഞാൻ പോയി കളിക്കും. കുട്ടികളുടെ കൂടെയിരുന്ന് കളിച്ചും പാടി... ആടിയിരുന്ന പാട്ടാണ് ഇന്ന് ലോകം ഏറ്റെടുത്തിരിക്കുന്നത്.ഒൻപത് വയസ്സിലെ കാര്യമാണ് ഞാൻ പറയുന്നത്

> **ഇപ്പത്തെ കുട്ടികളെ എന്തായാലും പഠിക്കാൻ വിടണം. പെൺകുട്ടി ആയാലും ആൺകുട്ടി ആയാലും ഒരു ജോലി ഉണ്ടെങ്കിലെ ജീവിക്കാൻ പറ്റൂ**

അന്നത്തെ തെരുവ്കൂത്തും കമ്മിയടിയുമൊക്കെയാണ് ഇപ്പോഴും ഞങ്ങൾ ചെയ്യുന്നത്. അത് ഞങ്ങള് മറന്നിട്ടില്ല...അത് ഞങ്ങളെ വിട്ട് എങ്ങോട്ടും പോകില്ല, ഞങ്ങളുടെ ഉള്ളത്തിലാണ് അതിരിക്കണത്.... ഞങ്ങള് മരിച്ചാലും ഞങ്ങളുടെ കുട്ടികള് അത് വിടില്ല.... ഇപ്പോഴും എന്റെ കുടുംബത്തിൽ എല്ലാവരും ആട്ടക്കാരാണ്...പേരക്കുട്ടികളടക്കം കളിക്കും.

അന്ന് താളം, ഹുറെ, തകില്, ചിലങ്കെ ,കുഴലെ ,പുക,മൺകലം അങ്ങനെ കുറെ സാധനങ്ങൾ വെച്ചിട്ടാണ് ഞങ്ങൾ പാട്ട് പാടുന്നത്. ഈ പുക എന്ന് പറയുന്നത് മരത്തിൽനിന്ന് ഉണ്ടാക്കുന്ന സാധനമാണ്. ഹുറെ പശുവിന്റെ തോല് വെച്ചിട്ടുണ്ടാക്കും.പിന്നെ മൺകലം പശുവിന്റെ തോലെടുത്ത് വലിഞ്ഞ് കെട്ടി കൊട്ടുമ്പോൾ....എന്താ രസം....

## കുട്ടികളെ പഠിക്കാൻ വിടണം

സ്ത്രീകൾ നാല് ചുമരുകൾക്കുള്ളിൽ ഒതുങ്ങാതെ മുന്നോട്ടു കടന്നുവരണം എന്ന താല്പര്യം എല്ലായ്പ്പോഴും നഞ്ചിയമ്മ ചോദിക്കാതെ തന്നെ പങ്കുവെക്കുന്നുണ്ട്

ഇപ്പത്തെ കുട്ടികളെ എന്തായാലും പഠിക്കാൻ വിടണം.പെൺകുട്ടി ആയാലും ആൺകുട്ടി ആയാലും ഒരു ജോലി ഉണ്ടെങ്കിലെ ജീവിക്കാൻ പറ്റൂ. ഇനിയുള്ള കാലം നമ്മുടെ മക്കൾ പഠിക്കണം ഏറ്റവും മുന്നിൽ വരണം. അതാണ് എന്റെ ആഗ്രഹം. എന്റെ കെട്ട്യോൻ മരിച്ചിട്ട് കൂടി എന്റെ രണ്ട് മക്കളെയും ഞാൻ പഠിപ്പിച്ചു.വീട്ടുപണികളൊക്കെയെടുത്തും ചട്ടി തൂക്കി നടന്നുമൊക്കെ കഷ്ടപ്പെട്ടാണ് എന്റെ മക്കളെ പഠിപ്പിച്ചത്. മകൾക്ക താല്പര്യമില്ലാത്തതുകൊണ്ട് പത്താം ക്ലാസ് വരെ പോയുള്ളൂ പിന്നെ കല്യാണം കഴിപ്പിച്ചു. മകൻ ഡിഗ്രി പരീക്ഷ എഴുതാൻ പോകുമ്പോൾ കാലിന് അസുഖം വന്നു നടക്കാൻ വയ്യാതായി...പിന്നെ അത് ആശുപത്രിയിൽ കൊണ്ടുപോയി ശരിയാക്കി വന്നപ്പോഴേക്കും സമയം പോയി . അവൻ രണ്ടു മക്കളുടെ അച്ഛനാണെങ്കിലും ഇപ്പോഴും പി.എസ്.സി പഠിക്കുന്നുണ്ട്.. എസ്. ടി പ്രമോട്ടറായി ജോലി നോക്കുന്നുണ്ട്.

അന്ന് ഞങ്ങടെ ആൾക്കാരൊക്കെ പെൺകുട്ടികളെ ദൂരത്തിന് വിടില്ല. അടുത്ത് സ്കൂൾ ഉണ്ടെങ്കി പഠിക്കാൻ പൊയ്ക്കോ പറയും അല്ലെങ്കി ഇല്ല...അന്ന് അടുത്ത സ്കൂൾ ഉണ്ടായിരുന്നെങ്കിൽ ഞാൻ പഠിച്ചിട്ടുണ്ടാകും...ഞാൻ അച്ഛനോട് പഠിക്കുന്ന കാര്യം പറയുമ്പോൾ പെൺകുട്ടി പഠിച്ചിട്ടെന്താ കാര്യം എന്ന് ചോദിച്ചിട്ടുണ്ട് . നീ ഇവിടെ ഇരുന്നാൽ മതി എന്ന് പറഞ്ഞിട്ടുണ്ട്. അന്ന് അങ്ങനെ പറഞ്ഞുകൊണ്ടാണ് ഞാൻ വീട്ടിൽ ഇരുന്നത്. ദേശീയ അവാർഡ് ജേതാവ് ചെറു ചിരിയോടെ പറയുന്നു. പിന്നെയാണ് കെട്ട്യോനും ഞാനും കിലാത്തിലൊക്കെ (കില)പോയാണ് പേരെഴുതി ഒപ്പിടാൻ പഠിച്ചത്. അന്ന് ചില ക്ലാസുകളൊക്കെ ഉണ്ടായിരുന്നത് അട്ടപ്പാടിയിലെ പെണ്ണുങ്ങളൊക്കെ ചേരുമായിരുന്നു.

## അന്നത്തെ ജീവിതമാണോ ഇന്നത്തെ ജീവിതമാണോ ഇഷ്ടം..?

അന്നത്തതാണ് ഇഷ്ടം...ഞങ്ങൾ ജീവിച്ച കാലത്തില് ഒന്നും കടേന്ന് വാങ്ങണ്ട...ഭക്ഷണത്തിന് വാങ്ങണ്ട... എല്ലാം നമ്മള് എണ്ടാക്കി കഴിച്ചവരാണ്...എന്റെ വീടിരിക്കുന്ന സ്ഥലത്ത് ഒരു കൊല്ലത്തില് 20 കിലൊ കടലയൊക്കെ നമ്മള് കൊടുക്കും...എന്റെ മാമനൊക്കെ .... ഇപ്പോ കാലം മാറി....നാട് മാറി..മക്കള് മാറി...അന്നത്തെ ആൾക്കാര് ഇന്നത്തെ ആൾക്കാരും വ്യത്യാസമുണ്ട്... അതനുസരിച്ച് നമ്മള് പോകണം..അന്നത്തെ ഭക്ഷണം ഇന്ന് കിട്ടൂല...റാഗി മാവ് ഇന്ന് മെഷീനില് പൊടിച്ചാണ് കിട്ടുന്നത്....അന്ന് നാല് കിലൊ അഞ്ച് കിലൊ റാഗി



തദ്ദേശീയ ജനതയുടെ ദിനാചരണത്തോടനുബന്ധിച്ച് നഞ്ചിയമ്മയെ സംസ്ഥാന സർക്കാർ ആദരിച്ചപ്പോൾ

മാവൊക്കെ കല്ലിൽ അരച്ച് പൊടിച്ചിട്ടുണ്ട്. എന്നിട്ട് ഞങ്ങൾ പുട്ടുണ്ടാക്കും.അതാണ് ആരോഗ്യം..ദിവസവും മരിക്കണ പണിയാണ്.... അങ്ങനെ അരച്ചരച്ച് എന്റെ കയ്യൊക്കെ കായ് വന്നിട്ടുണ്ട്. അന്ന് അരി ഇല്ല...അരി എതോ സന്തോഷത്തിനൊക്കെ ചോറ് വെക്കണമെന്ന് തോന്നിയാ എവിടെയെങ്കിലും പോയെ വാങ്ങുള്ളൂ...അല്ലെങ്കിൽ നമ്മള് കണ്ടത്തിൽ നെല്ലിട്ട് ഉണ്ടാക്കി ഉണക്കിയെടുത്ത് കെട്ടി വെയ്ക്കും.....തിന്നാൻ മൊത്തം ഉണ്ടാകും .പച്ചമുളകുണ്ടാകും... കത്തിരിക്കായുണ്ടാകും...മെലങ്കായ്...തക്കാളിയുണ്ടാകും...കാട്ടിൽ പോയെടുക്കുന്ന കായ് കനികളൊക്കെയുണ്ടാകും...അന്ന് ഒന്നും വാങ്ങണ്ട.....കൂട്ടാൻ വെയ്ക്ക... ആടുമാടുകളെയൊക്കെ നോക്കി വീട്ടിൽ സുഖായ് ജീവിച്ച മതിയായിരുന്നു....(ചിരി) അക്കാലം തിരിയെ കിട്ടില്ല...അന്നൊക്കെ പുതുവർഷം പിറന്നാ ആ ടൈമില് മഴ വരും....ഇപ്പോ സമയത്തിന് മഴയില്ല...ഇങ്ങനെ ആയാ എന്താ ചെയ്യാ......

> **കുവൈറ്റ് പോയി... ഖത്തർ പോയി, മസ്ക്കറ്റ് പോയി, മുംബൈ, ഡൽഹി, മദിരാശി, ലണ്ടൻ പോയി..... മൊത്തം പോയി... എവിടെ പോയാലും നമ്മുടെ രാജ്യമാണ് എനിക്കിഷ്ടം**

## നഞ്ചിയമ്മ എത്ര രാജ്യങ്ങൾ പോയി....?

കുറെ പോയിമ്മാ....കുവൈറ്റ് പോയി...ഖത്തർ പോയി, മസ്ക്കറ്റ് പോയി, മുംബൈ, ഡൽഹി, മദിരാശി, ലണ്ടൻ പോയി.....മൊത്തം പോയി...എവിടെ പോയാലും നമ്മുടെ രാജ്യമാണ് എനിക്കിഷ്ടം. പുറത്തേക്ക പോയാ നമ്മള് എങ്ങനെയോ, എവിടെയോ വന്നെത്തിയ തോന്നലാ... നമ്മുടെ നാട്ടില് എവിടെ ആയാലും നടന്ന പോണ.. വരണ...ഇത് ആശകത്തില് (ആകാശം) പോണ്... ആശകത്തില് ഇറങ്ങി വരണ്...അങ്ങനെയുള്ള നാടില് പോകുമ്പോള് സന്തോഷത്തില് പോയി....എവിടെ ഇറങ്ങുമ്പോഴേക്ക് പേടിച്ചു...എങ്ങനെ പോകുമെന്ന് അന്തം വിട്ടു പോയി....(ചിരി)ഏതായാലും അയ്യപ്പനും കോശിയും വഴി സച്ചി സാർ എന്നെ പുറത്തെടുത്തു വെച്ചിട്ട് ലോകം മൊത്തം അറിഞ്ഞു...ലോകത്തെ കുട്ടികളെ കണ്ടു... ലോകത്തെ അറിഞ്ഞു......ഇനി എന്ത് വേണമ്മാ......

തിളങ്ങുന്ന കണ്ണുകളോടെ നഞ്ചിയമ്മ ചോദിക്കുന്നു...ഇനി എന്ത് വേണമ്മാ...... ജീവിതം ജീവിച്ച് പഠിച്ച നഞ്ചിയമ്മ തന്റെ പുതിയ വീടിന്റെ മുറ്റത്ത് ഇടവിട്ട് പെയ്യുന്ന മഴയെ പേടിക്കുന്നുണ്ട്..കാരണം ഊണിലും ഉറക്കിലും ഇരിപ്പിലും നടപ്പിലും ജീവിതം പാടുന്ന നഞ്ചിയമ്മയുടെ എണ്ണിയാൽ തീരാത്തത്ര പാട്ടുകൾ ഇനിയും ലോകമറിയാനുണ്ട്......അതുകൊണ്ട് തൊണ്ടയിടറരുത്..... ശബ്ദമടയരുത്...... അതിനിടെ തൊഴുത്തിലെ ആടുമാടുകളുടെ വിളി.. നഞ്ചിയമ്മയെ തെല്ല് അസ്വസ്ഥമാക്കുന്നുണ്ടെങ്കിലും നിറചിരിയോടെ ആശംസിക്കുന്നു...' എല്ലാ രാജ്യമക്കൾക്കും(നഞ്ചിയമ്മയുടെ ഭാഷ) തന്തോഷമാകട്ടെ.......'■

# നവകേരളവും സുസ്ഥിര വികസനലക്ഷ്യങ്ങളും

**കേരളത്തിലെ വികസനരംഗങ്ങളിൽ ഉണ്ടായ കുതിച്ചുചാട്ടത്തിന്റെ പ്രതിഫലനം കൂടിയാണ് ഇക്കഴിഞ്ഞ വർഷങ്ങളിലെല്ലാം നാം നേടിയ പുരസ്ക്കാരങ്ങൾ. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് സുസ്ഥിര വികസനലക്ഷ്യങ്ങളിൽ നാം നേടിയ അംഗീകാരം**

**ഡോ. ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ, കില

**സുകന്യ കെ. യു**
കോർഡിനേറ്റർ, കില എസ്.ഡി.ജി. കേന്ദ്രം

കഴിഞ്ഞ വർഷങ്ങളിൽ എല്ലാം നിരവധി വികസന മേഖലകളിൽ ദേശീയതലത്തിൽ അനേകം പുരസ്കാരങ്ങൾ നേടിയ സംസ്ഥാനമാണ് കേരളം. ഏതാണ്ട് എല്ലാ വികസനപ്രവർത്തനങ്ങളിലും മറ്റെല്ലാ സംസ്ഥാനത്തേക്കാളും മുൻപന്തിയിൽ നിൽക്കുവാനും മറ്റുള്ളവർക്ക് മാതൃകയാകാനും സാധിക്കുന്ന രീതിയിലുള്ള നിരവധി പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് ഈ പുരസ്ക്കാരങ്ങൾ. ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ആദ്യമന്ത്രിസഭ മുതൽ സംസ്ഥാന ത്തിന്റെ വികസനപാത ഏത് ദിശയിൽ ആയിരിക്കണ മെന്ന വ്യക്തമായ ധാരണ ഉറപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ജനങ്ങളുടെ ക്ഷേമത്തിൽ ഊന്നിയ ഭരണരീതിയും നയ-വികസന സമീപനങ്ങളും ഭരണക്രമവുമാണ് കേരളത്തെ ഈ നിലയിൽ എത്താൻ സഹായിച്ചത്. എന്നാൽ മുൻകാലങ്ങളിലെ പ്രവർത്തനങ്ങളിൽ കൂടിയുള്ള നേട്ടങ്ങൾ കൂടുതൽ ശക്തമാക്കാനും ന്യൂനതകൾ പരിഹരിക്കാനും പുതിയ ആവശ്യങ്ങളും വെല്ലുവിളികളും ഏറ്റെടുക്കാനും ഉതകുന്നരീതിയിലാണ് നവകേരളം കർമ്മപരിപാടി ആരംഭിച്ചത്. അതുവഴി കേരളത്തിലെ വികസനരംഗങ്ങളിൽ ഉണ്ടായ കുതിച്ചുചാട്ടത്തിന്റെ പ്രതിഫലനം കൂടിയാണ് ഇക്കഴിഞ്ഞ വർഷങ്ങളിലെല്ലാം നാം നേടിയ പുരസ്ക്കാരങ്ങൾ. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് സുസ്ഥിര വികസനലക്ഷ്യങ്ങളിൽ നാം നേടിയ അംഗീകാരം.

രാജ്യത്ത് നീതിആയോഗിന്റെ നേതൃത്വത്തിൽ സുസ്ഥിര വികസനലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള റാങ്കിങ്ങിൽ എല്ലാതവണയും ഒന്നാംസ്ഥാനം നേടുവാനും നിലനിർത്തു വാനും കേരളത്തിന് സാധിച്ചു എന്നത് അഭിമാനകരമാണ്.



## എന്താണ് സുസ്ഥിര വികസനലക്ഷ്യങ്ങൾ

നേട്ടങ്ങൾ കൂടുതൽ ശക്തമാക്കി മുന്നോട്ടുപോകുവാൻ സുസ്ഥിര വികസനലക്ഷ്യങ്ങ ളുടെ രീതിശാസ്ത്രം സഹായകമായേക്കും. പ്രത്യേകിച്ചും ലക്ഷ്യാധിഷ്ഠിതമായുള്ള ആസൂത്രണനിർവഹണ പ്രവർത്തനങ്ങൾക്ക് സുസ്ഥിരവികസന ലക്ഷ്യങ്ങ ളുടെ രീതിശാസ്ത്രം നമുക്ക് പ്രയോജനപ്പെടുത്താം. ഇതിനുള്ളിൽ നിന്നുകൊണ്ട് സംസ്ഥാനത്തിന്റെ നയസമീപനങ്ങളുടെ അടിസ്ഥാനത്തിൽ വികസന വിടവുകളും ന്യൂനതകളും കണ്ടെത്തി ലക്ഷ്യങ്ങൾ വീണ്ടും ഉറപ്പിച്ചു മുന്നോട്ടു പോകാൻ അത് സഹായകമാവും. ഈ സാഹചര്യത്തിൽ സുസ്ഥിര വികസനലക്ഷ്യങ്ങൾ എന്താണ് എന്നും അതിൽ കേരളം ഏത് നിലയിൽ നിൽക്കുന്നു എന്നതുകൂടി

പരിശോധിക്കേണ്ടതാണ്.

2030-തോടെ എല്ലാത്തരം ദാരിദ്ര്യവും അവസാനിപ്പിക്കാനും അസമത്വങ്ങൾക്കെതിരെ പോരാടാനും, കാലാവസ്ഥവ്യതിയാനങ്ങൾ നേരിടാനും വേണ്ടി ഐക്യരാഷ്ട്രസഭയുടെ പൊതുസഭ നിശ്ചയിച്ചിട്ടുള്ള 17 ലക്ഷ്യങ്ങളാണ് Sustainable Development Goals അഥവാ സുസ്ഥിര വികസനലക്ഷ്യങ്ങൾ. ദാരിദ്ര്യമില്ലായ്മ, വിശപ്പുരഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗസമത്വം, ശുദ്ധമായ വെള്ളവും ശുചിത്വവും, താങ്ങാവുന്നതും ശുദ്ധവുമായ ഊർജം, മാന്യമായ ജോലിയും സാമ്പത്തിക വളർച്ചയും, വ്യവസായം, നവീകരണം, അടിസ്ഥാനസൗകര്യങ്ങൾ, അസമത്വം കുറയ്ക്കുക, സുസ്ഥിരനഗരങ്ങളും കമ്മ്യൂണിറ്റികളും, ഉത്തരവാദിത്ത ഉപഭോഗവും ഉൽപാദനവും, കാലാവസ്ഥ പ്രവർത്തനം, വെള്ളത്തിന് താഴെയുള്ള ജീവിതം, കരയിലെ ജീവിതം, സമാധാനം/നീതി/ശക്തമായ സ്ഥാപനങ്ങൾ, ലക്ഷ്യങ്ങൾക്കുള്ള പങ്കാളിത്തം എന്നിവയാണ് ലക്ഷ്യങ്ങൾ.

പരിസ്ഥിതിയും വികസനവും സംബന്ധിച്ച ഐക്യരാഷ്ട്രസഭ 1992 ജൂൺ 3 മുതൽ 14 വരെ റിയോ ഡി ജനീറോയിൽ വച്ച് സംഘടിപ്പിച്ച അന്താരാഷ്ട്ര സമ്മേളനത്തിൽ അംഗീകരിച്ച തത്വങ്ങളുടെ വെളിച്ചത്തിലാണ് സുസ്ഥിര വികസനലക്ഷ്യങ്ങൾ എന്ന കാഴ്ചപ്പാട് രൂപപ്പെട്ടുവന്നത്. റിയോ പ്രഖ്യാപനത്തിൽ പറഞ്ഞിരിക്കും പ്രകാരം പ്രകൃതിയുമായി ഇണങ്ങിയുള്ള ആരോഗ്യകരവും ഉൽപാദനക്ഷമവുമായ ജീവിതം മനുഷ്യന്റെ അവകാശമാണെന്ന കാഴ്ചപ്പാടിനെ അടിസ്ഥാനപ്പെടുത്തിയാണ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്. സുസ്ഥിരവികസനമെന്നാൽ ഭാവിതലമുറയ്ക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള സാധ്യതകളെയും ശേഷികളെയും പ്രതികൂലമായി ബാധിക്കാതെ വർത്തമാനകാലത്തിന്റെ ആവശ്യം നിറവേറ്റപ്പെടുന്നതരത്തിലുള്ള വികസന സമീപനമാണ്. ഇത് തന്നെയാണ് കേരളത്തിന്റെയും കാഴ്ചപ്പാട്. 2015 സെപ്റ്റംബറിൽ ന്യൂയോർക്കിൽ നടന്ന ഉച്ചകോടിയിൽ ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയിലെ 193 അംഗരാജ്യങ്ങൾ അംഗീകരിച്ച് 2016 ജനവരി ഒന്ന് മുതൽ 'സുസ്ഥിര വികസനത്തിനു വേണ്ടിയുള്ള 2030 അജണ്ട' നിലവിൽ വന്നു.

**ജനങ്ങളുടെ ക്ഷേമത്തിൽ ഊന്നിയ ഭരണരീതിയും നയ-വികസന സമീപനങ്ങളും ഭരണക്രമവുമാണ് കേരളത്തെ ഈ നിലയിൽ എത്താൻ സഹായിച്ചത്**

## ദേശീയസൂചകങ്ങളിലെ കേരളം

ഐക്യരാഷ്ട്രസഭയുടെ ആഗോളസൂചകങ്ങളുടെ ((Global Indicators) ന്റെ അടിസ്ഥാനത്തിൽ നീതിആയോഗിന്റെ നേതൃത്വത്തിൽ ദേശീയസൂചകങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ വർഷങ്ങളിലെല്ലാം കേരളം ഒന്നാം സ്ഥാനം കൈവരിച്ചത്.

സുസ്ഥിര വികസന ലക്ഷ്യങ്ങളിലേക്കുള്ള പുരോഗതിയെ ആശ്രയിച്ച് സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണ പ്രദേശങ്ങളെയും റാങ്ക് ചെയത് വരുന്നുണ്ട്. 2018 മുതൽ 2020 വരെ കേരളത്തിന്റെ വിവിധ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സംയോജിത സ്കോറിൽ ആദ്യത്തെ രണ്ട് ലക്ഷ്യങ്ങളും ദാരിദ്ര്യമില്ലായ്മയും വിശപ്പ് രഹിതവും - സ്ഥിരവും വാഗ്ദാനപ്രദവുമായ വളർച്ച കാണിച്ചു. വിശപ്പുരഹിത കേരളവും അതീവ ദാരിദ്ര്യം നിർമ്മാർജനം ചെയാനുള്ള ഇടപെടലുകളും കുടുംബശ്രീ പ്രവർത്തനങ്ങളും ഫലപ്രദമാകുന്നു എന്നതാണ് ഇത് തെളിയിക്കുന്നത്. ലിംഗസമത്വം ഉറപ്പാക്കുന്ന കാര്യത്തിൽ - ലക്ഷ്യം 5 - ഈ കാലയളവിൽ വളരെ ഗണ്യമായ വർധനവാണ് കാണിക്കുന്നത്.

ജലക്ഷാമവും മലിനീകരണവും പരിഹരിക്കുന്നതിനും എല്ലാവർക്കും ജലത്തിന്റെയും ശുചിത്വത്തിന്റെയും ലഭ്യതയും സുസ്ഥിരമാനേജ്മെന്റും ഉറപ്പാക്കുന്നതിനും വലിയ മാറ്റമാണ് (ലക്ഷ്യം 6) സൂചിപ്പിക്കുന്നത്.

എല്ലാവർക്കും താങ്ങാനാവുന്നതും വിശ്വസനീയവും സുസ്ഥിരവും ആധുനികവുമായ ഊർജത്തിലേക്കുള്ള പ്രവേശനം ഉറപ്പാക്കുകയും പുനരുപയോഗിക്കാവുന്ന സ്രോതസ്സുകൾ വികസിപ്പിക്കുന്നതിനും വലിയ നിലയിലുള്ള മാറ്റമാണ് കാണാൻ കഴിയുന്നത്. അവിടെ 100% സ്കോർ ചെയ്യാൻ കഴിഞ്ഞത് നവകേരള കർമ്മപരിപാടിയുടെ ഭാഗമായുള്ള ഹരിതകേരളം ദൗത്യം ലക്ഷ്യത്തിലേക്ക് നീങ്ങുന്നു എന്ന സൂചനയാണ് നൽകുന്നത്. സംസ്ഥാനത്തിന്റെ കോംപോസിറ്റ് സ്കോർ മൂന്നു വർഷങ്ങൾക്കിടയിൽ 69 ൽ നിന്നും 75 ആയി ഉയർന്നു. ദേശീയ സ്കോർ 66 ആയിരിക്കുമ്പോൾ ആണ് കേരളം 75 എന്ന സ്കോറിൽ എത്തിനിൽക്കുന്നത് എന്നത് ശ്രദ്ധേയം.

ഈ ഓരോ ലക്ഷ്യങ്ങളിലും ഇനിയുമേറെ മുന്നേറാനുണ്ട് എന്ന തിരിച്ചറിവാണ് നമ്മെ നയിക്കുന്നത്. അതിനാൽ തന്നെയാണ് നവകേരള കർമ്മപരിപാടിയുടെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിച്ചതും. ഓരോ ലക്ഷ്യങ്ങളിലെയും ഉപലക്ഷ്യങ്ങളെ മനസ്സിലാക്കി അത് നേടാനുള്ള സമയബന്ധിത പരിപാടികളാണ് സർക്കാർ ആസൂത്രണം ചെയ്യുന്നത്. ■



# ഭരണസുതാര്യതയും ജനങ്ങളുടെ അവകാശവും

സേവനാവകാശ നിയമത്തെ ജനാധിപത്യ വ്യവസ്ഥിതിയിലെ ഏറ്റവും ശക്തമായ നിയമങ്ങളിൽ ഒന്നായിട്ടാണ് വിലയിരുത്തപ്പെടുന്നത്




**എം മുഹമ്മദ് ഹാരിസ്**
അഡീഷണൽ സെക്രട്ടറി, സെക്രട്ടേറിയറ്റ്

ഇന്ത്യയിൽ നിലവിൽ വന്ന ഏറ്റവും ശക്തമായ നിയമങ്ങളിലൊന്നായിരുന്നു 2005 ലെ വിവരാവകാശ നിയമം. പരിഷ്കൃത സമൂഹത്തിൽ പൗരന് ലഭിക്കേണ്ട ന്യായമായ പരിഗണനയും കരുത്തും ലഭ്യമാക്കിയ നിയമം രാജ്യത്തെ ജനാധിപത്യ മൂല്യങ്ങൾക്ക് നവോന്മേഷംപകർന്നു. അതേ മാതൃകയിൽ സേവനം പൗരന്റെ അവകാശമാക്കിയ നിയമമാണ് സേവനാവകാശനിയമം (Right to Service Act).

വിവരാവകാശ നിയമം പോലെ സേവനാവകാശ നിയമവും ഭരണസുതാര്യതയും ജനങ്ങളുടെ അവകാശവും ഉറപ്പുവരുത്തുന്നു. ആയതിനാൽ സേവനാവകാശ നിയമത്തെ ജനാധിപത്യ വ്യവസ്ഥിതിയിലെ ഏറ്റവും ശക്തമായ നിയമങ്ങളിൽ ഒന്നായിട്ടാണ് വിലയിരുത്തപ്പെടുന്നത്. സാമ്പത്തിക സാമൂഹിക രംഗങ്ങളിലെ സുസ്ഥിര വികസനത്തിന് അത്യന്താപേക്ഷിതമായ സദ്ഭരണം എന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന സേവനാവകാശ നിയമം 2012 നവംബർ 1-ന് നിലവിൽ വന്നത്.

## സമയബന്ധിതമായ സേവനങ്ങൾ

സേവനങ്ങൾക്കായി സാധാരണക്കാർ സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങേണ്ടി വരുന്ന അവസ്ഥയ്ക്ക്

ഒരു പരിഹാരം കൂടിയാണ് സേവനാവകാശ നിയമം. സർക്കാർ ഓഫീസുകളിൽ തടസ്സരഹിതവും അഴിമതിരഹിതവും സമയബന്ധിതവുമായ സേവനങ്ങൾ ലഭ്യമാക്കുവാൻ ജനങ്ങളെ ഈ നിയമം ശാക്തീകരിച്ചു. സമയബന്ധിതമായി സേവനങ്ങൾ തടസ്സങ്ങളില്ലാതെ നൽകുക വഴി സർക്കാർ ഓഫീസുകളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നു.

ഭരണത്തിന്റെ സുതാര്യത, ഉത്തരവാദിത്തം, പ്രതികരണശേഷി എന്നീ മൂന്ന് സുപ്രധാന ഘടകങ്ങൾ ഈ നിയമം ഉറപ്പാക്കുന്നു. പൊതുജനങ്ങൾക്ക് ഫലപ്രദവും കാര്യക്ഷമവും വേഗത്തിലുള്ളതുമായ സേവനം എത്തിക്കുന്നതിനും അവരും സർക്കാർ ഉദ്യോഗസ്ഥരും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും സർക്കാർ ശ്രദ്ധാലുവാണ്.

**സമയബന്ധിതമായി സേവനങ്ങൾ തടസ്സങ്ങളില്ലാതെ നൽകുക വഴി സർക്കാർ ഓഫീസുകളുടെ വിശ്വാസ്യത വർധിപ്പിക്കുന്നു**

ഭരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി മൂന്നാമത് കേരള ഭരണപരിഷ്കാര സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇതിനകം പൗരാവകാശരേഖ നിലവിൽ കൊണ്ട് വന്നിട്ടുണ്ട്. ഓരോ ഭരണ സ്ഥാപനങ്ങളിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ പൗരന്മാർക്ക് വിവിധ ഇനം സേവനങ്ങളും അവയുടെ വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയപരിധിയും സംബന്ധിച്ച വിവരങ്ങൾ രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സേവനങ്ങൾ സമയബന്ധിതമായി നൽകാത്ത ഉദ്യോഗസ്ഥർക്ക് പിഴ അടക്കമുള്ള ശിക്ഷകൾ ഏറ്റുവാങ്ങേണ്ടി വരും. സർക്കാർ ഉദ്യോഗസ്ഥർക്കിടയിലെ അഴിമതി കുറയ്ക്കാനും സുതാര്യതയും ഉത്തരവാദിത്തവും വർദ്ധിപ്പിക്കാനും സേവനാവകാശനിയമം ലക്ഷ്യമിടുന്നു.

ജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കാനും സേവനം നല്കാൻ വീഴ്ച വരുത്തിയാൽ സർക്കാർ ജീവനക്കാരെ ഉത്തരവാദികളാക്കാനും സേവനാവകാശ നിയമം അനുശാസിക്കുന്നു. ഈ നിയമം വഴി സർക്കാർ ഉദ്യോഗസ്ഥർ പ്രവർത്തനങ്ങളിൽ ജനങ്ങളോട് ഉത്തരവാദിത്വമുള്ളവരാകും.

## അപ്പീൽ സംവിധാനം

പരാതികൾ പരിഹരിക്കുന്നതിന് രണ്ട് തലത്തിലുള്ള അപ്പീൽ സംവിധാനം നിയമത്തിൽ പറയുന്നു. സേവനത്തിനുള്ള അപേക്ഷ ലഭിച്ചാൽ, അപേക്ഷ ലഭിച്ച ദിവസം മുതൽ കണക്കാക്കിയ സമയപരിധിക്കുള്ളിൽ അപേക്ഷ നൽകുകയോ നിരസിക്കുകയോ ചെയ്യുന്ന നിയുക്ത ഉദ്യോഗസ്ഥന്റെ ചുമതല ബില്ലിന്റെ സെക്ഷൻ 5 അടിവരയിടുന്നു. നിരസിച്ചാൽ, ഉദ്യോഗസ്ഥൻ അത് രേഖാമൂലം ന്യായീകരിക്കണം. ബില്ലിലെ വ്യവസ്ഥകൾ ലംഘിച്ചാൽ 500 രൂപയിൽ കുറയാത്തതും 5000 രൂപയിൽ കൂടാത്തതുമായ പിഴ അടക്കാൻ ഉദ്യോഗസ്ഥൻ ബാധ്യതസ്ഥനാണ്.

എല്ലാ സർക്കാർ വകുപ്പുകളും വകുപ്പ് മേധാവികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിയമാനുസൃത സ്ഥാപനങ്ങളും നിയമം നിലവിൽ വന്ന് ആറ് മാസത്തിനകം നിയുക്ത ഉദ്യോഗസ്ഥരും നൽകുന്ന സേവനങ്ങൾ, സമയപരിധി എന്നിവ അറിയിക്കണമെന്ന് നിയമത്തിന്റെ സെക്ഷൻ 3 പറയുന്നു.

അപ്പീലുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളും ഒന്നും രണ്ടും അപ്പീൽ അധികാരികൾ അപ്പീലുകൾ കൈകാര്യം ചെയ്യുന്ന രീതിയും നിയമത്തിൽ വിശദമാക്കിയിട്ടുണ്ട്. രണ്ട് അപ്പീൽ അധികാരികൾക്കും രേഖകൾ പരിശോധിക്കുവാനും നിയുക്ത ഉദ്യോഗസ്ഥനെയും അപ്പീലുകാരനെയും കേൾക്കുന്നതിന് സമൻസ് പുറപ്പെടുവിക്കുന്നതിനും മറ്റ് കാര്യങ്ങളിലും സിവിൽ കോടതിയുടെ അധികാരങ്ങൾ ഉണ്ടായിരിക്കും.

മിക്കവാറും എല്ലാ വകുപ്പുകളും സ്റ്റാറ്റ്യൂട്ടറി ബോഡികളും നിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട് .

## ഗാന്ധിയൻ തത്ത്വചിന്തയും സേവനാവകാശവും

പൊതുസേവനത്തിനുള്ള അവകാശം ഗാന്ധിയൻ തത്ത്വചിന്തയിൽ നിന്ന് ഉടലെടുത്തതാണ്. ഇതുമായി ബന്ധപ്പെട്ട് 1890-ൽ ദക്ഷിണാഫ്രിക്കയിൽ നടത്തിയ പ്രസംഗത്തിൽ മഹാത്മാഗാന്ധിയുടെ പ്രസിദ്ധമായ പ്രസ്താവന-

"ഞങ്ങളുടെ പരിസരത്തെ ഏറ്റവും പ്രധാനപ്പെട്ട സന്ദർശകനാണ് ഒരു ഉപഭോക്താവ്.

അവൻ നമ്മെ ആശ്രയിക്കുന്നില്ല.

നാം അവനെ ആശ്രയിക്കുന്നു.

അവൻ നമ്മുടെ ജോലിക്ക് ഒരു തടസ്സമല്ല.

അവനാണ് അതിന്റെ ഉദ്ദേശം.

അവൻ ഞങ്ങളുടെ ബിസിനസ്സിന് പുറത്തുള്ള ആളല്ല.

അവൻ അതിന്റെ ഭാഗമാണ്.

അവനെ സേവിക്കുന്നതിലൂടെ ഞങ്ങൾ ഒരു ഉപകാരവും ചെയ്യുന്നില്ല. അതിനുള്ള അവസരം നൽകിക്കൊണ്ട് അവൻ നമുക്ക് ഒരു ഉപകാരം ചെയ്യുന്നു."

ഐക്യരാഷ്ട്രസഭയുടെ നിർദേശപ്രകാരം മിക്ക അംഗരാജ്യങ്ങളും സേവനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ട്. 2010 ഓഗസ്റ്റ് 18 ന് മധ്യപ്രദേശിലാണ് ഈ നിയമം ആദ്യമായി നിലവിൽ വന്നത്. ■

# മാതൃകയാണ് കേരളം

## എൻ സി ഇ ആർ ടി നീക്കംചെയ്ത ഭാഗങ്ങൾ ഉൾപ്പെടുത്തി പൂരകപാഠപുസ്തകങ്ങളുമായി കേരളം ഇതരസംസ്ഥാനങ്ങൾക്കും മാതൃകയാവുന്നു



**ഡോ. ശിവദാസൻ. പി**
പ്രൊഫസർ, ചരിത്ര വിഭാഗം
കോഴിക്കോട് സർവകലാശാല

ബ്രിട്ടീഷ് പാഠ്യപദ്ധതികളിൽ നിന്ന് മോചനം നേടുക എന്ന ലക്ഷ്യത്തോടെ 1964ൽ സ്ഥാപിതമായ കേന്ദ്രസർക്കാരിനു കീഴിലുള്ള എൻ.സി.ഇ.ആർ.ടി മതനിരപേക്ഷത, ജനാധിപത്യം, ശാസ്ത്രബോധം, സാമൂഹികനീതി എന്നിവ വിദ്യാർഥികളിലുളവാക്കുന്ന പാഠപുസ്തകങ്ങളാണ് പുറത്തിറക്കിയിരുന്നത്. ഈ പുസ്തക ങ്ങളാണ് വികസിതരാജ്യങ്ങളെപ്പോലും വിസ്മയിപ്പിക്കുന്നവി ധത്തിൽ നമ്മുടെ രാജ്യത്തെ മുന്നോട്ടുനയിച്ചത്. എന്നാൽ എൻ സി ഇ ആർ ടി 2023-24 അക്കാദമിക വർഷത്തേക്കു ള്ള സ്കൂൾ പാഠപുസ്തകങ്ങളിലെ ചിലഭാഗങ്ങൾ ഒഴിവാക്കു കയായിരുന്നു. ഇന്ത്യയിലെ വിദ്യാർഥികൾ പ്രാധാന്യത്തോടെ പഠിക്കേണ്ട വിഷയങ്ങളാണിവയെല്ലാം. എൻ സി ഇ ആർ ടി ഒഴിവാക്കിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തി സംസ്ഥാനം പൂരക പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുകയാണ് ഇപ്പോൾ. ഏറെ പ്രസക്ത മാണ് കേരളത്തിന്റെ നടപടി.

### എന്താണ് വെട്ടിക്കുറച്ചത്?

നിലവിലുള്ള പ്ലസ് വൺ പ്ലസ് ടു പാഠപുസ്തകങ്ങളിലെ ചരിത്രം, സാമ്പത്തിക ശാസ്ത്രം, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി പാഠങ്ങൾ ക്കാണ് ഈ നടപടിയിൽ മാരകമായ പരുക്കുകളേറ്റത്. ചരിത്രപാഠങ്ങളിൽ മനുഷ്യോൽപത്തി, മധ്യ-ഏഷ്യൻ ഇസ്ലാമിക പ്രദേശങ്ങൾ, സംസ്കാര ങ്ങളുടെ സംഘട്ടനം, വ്യവസായിക വിപ്ലവം, രാജാക്കൻമാരും കൊട്ടാരം രേഖകളും, ഇന്ത്യാവിഭജനത്തെ മനസ്സിലാക്കൽ തുടങ്ങിയവയാണ് നീക്കം ചെയ്തിരിക്കുന്ന ത്. പൊളിറ്റിക്കൽ സയൻസ് പാഠപുസ്തകത്തിൽ നിന്ന് സമാധാനം, വികസനം എന്നീ ഭാഗങ്ങളും ജനകീയ പ്രസ്ഥാനങ്ങൾ, ശീതയുദ്ധം, അമേരിക്കൻ സർവാധിപത്യം എന്നിവയും നീക്കം ചെയ്തിരിക്കുന്നു. മഹാത്മാഗാന്ധിയും ഇന്ത്യാവിഭജനവും എന്ന ഭാഗത്തുണ്ടായിരുന്ന ഗാന്ധിവധ ത്തിൽ രാഷ്ട്രീയ സ്വയംസേവക് സംഘിനുള്ള പങ്കാളിത്തം പറയുന്ന ഭാഗവും അടിയന്തരാവസ്ഥയുമായി ബന്ധപ്പെട്ട ചിലഭാഗങ്ങളും ഒഴിവാക്കി. 'ഇന്ത്യൻ എക്കണോമിക് ഡവലപ്മെന്റ് 'എന്ന പുസ്തകത്തിലെ 'പോവർട്ടി' അഥവാ ദാരിദ്ര്യം എന്ന ഭാഗവും നീക്കംചെയ്യുകയുണ്ടായി. തന്റെ ചുറ്റുപാടുകളെ ശാസ്ത്രീയമായും പുരോഗമനപരമായും മനസ്സിലാക്കിയെടുക്കുവാനുതകുന്ന പല ഭാഗങ്ങളും സോഷ്യോളജി പാഠപുസ്തകത്തിൽ വെട്ടിച്ചുരുക്കി.

**ഇന്ത്യയിലെ വിദ്യാർഥികൾ പ്രാധാന്യത്തോടെ പഠിക്കേണ്ട വിഷയങ്ങളാണിവയെല്ലാം**

### പ്രതിരോധവുമായി കേരളം

എൻസിഇആർടി യുടെ പ്രഖ്യാപനം വന്ന ഉടനെതന്നെ നീക്കംചെയ്ത പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയ പുസ്തകങ്ങൾ വിദ്യാർഥികൾക്ക് വിതരണം ചെയ്യുമെന്ന് കേരള സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിങ്ങ് അഥവാ എസ് സിഇആർടി ഇതിന്റെ ചുമതല ഏറ്റെടുക്കുകയും തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്തു.

സാമൂഹികശാസ്ത്രപഠനം വിദ്യാർഥികളിൽ മതനിരപേ ക്ഷ ജനാധിപത്യ മൂല്യങ്ങളും മാനവിക തയും ശാസ്ത്ര ബോധവും നിർമ്മിക്കുന്നവയായിരിക്കണമെന്ന നിലപാടാണ് എസ്.സി.ഇ.ആർ.ടി കൈക്കൊണ്ടത്. വിഷയവിദഗ്ധരെ കണ്ടെത്തി പാഠപുസ്ത കങ്ങൾ തയ്യാറാക്കുവാൻ എസ് സി ഇ ആർ ടി ക്കു സാധിച്ചു. ചരിത്രം, പൊളിറ്റിക്കൽ സയൻസ് എന്നീ വിഷയങ്ങൾക്ക് രണ്ട് വീതവും സോഷ്യോളജി, സാമ്പത്തിക ശാസ്ത്രം എന്നിവക്ക് ഓരോന്നുമായി ആറ് പുസ്തകങ്ങളാണ് ഇങ്ങനെ രൂപം കൊണ്ടത്.

ഇന്ത്യയുടെ ചരിത്രം ശാസ്ത്രീയ കാഴ്ചപ്പാടുകളിലൂടെ അവതരിപ്പിക്കുന്ന പുസ്തകം ഇവയിൽ ശ്രദ്ധേയമാണ്. Origin of Humans, Cultural Formations in the Middle Ages, Age of Discoveries and Inventions, Culture and Polity through Court Chronicles, A Country Torn Apart എന്നീ അഞ്ച് പാഠഭാഗങ്ങൾ രണ്ട് പാഠപുസ്തകങ്ങളായിട്ടാണ് ലഭ്യമാക്കിയിരിക്കുന്നത്. മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വം, പഞ്ചവത്സര പദ്ധതികൾ, അടിയന്തരാവസ്ഥ, സ്വാതന്ത്ര്യാനന്തര കാലത്തെ ജനകീയ മുന്നേറ്റങ്ങൾ, ഗുജറാത്ത് കലാപം, ശീതസമരം, അമേരിക്കൻ മേധാവിത്തം, തുടങ്ങിയ പാഠങ്ങളാണ് പൊളിറ്റിക്കൽ സയൻസിന്റെ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പഞ്ചവത്സരപദ്ധതികൾ ശാസ്ത്രീയമായി വിലയിരുത്തുന്നതിനൊപ്പം കേരളത്തിന്റെ ലോകശ്രദ്ധ നേടിയ വികസനമുന്നേറ്റവും പാഠഭാഗമായി ചേർത്തിട്ടുണ്ട്. ഇന്ത്യയിലെ ഹരിത- ധവളവിപ്ലവങ്ങൾ



രാജ്ഘട്ട്: ഗാന്ധിജിയുടെ രക്തസാക്ഷിത്വവുമായി ബന്ധപ്പെട്ട പാഠഭാഗമാണ് സംസ്ഥാനം പുനഃപ്രസിദ്ധീകരിച്ചതിൽ ഒന്ന്

ക്കൊപ്പം 2002 ലെ ഗുജറാത്ത് കലാപം, ശീതയുദ്ധങ്ങൾ, ഇന്ത്യയുടെ ചേരിചേരാനയം അമേരിക്കൻ സർവാധിപത്യ ശ്രമങ്ങൾ തുടങ്ങിയവയും ലളിതമായ രീതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

എങ്ങനെയായിരിക്കണം വിഷയം പഠിക്കേണ്ടതെന്നു പറയുന്നതാണ് സോഷ്യോളജി പാഠപുസ്തകത്തിലെ ആദ്യ അധ്യായം. പാർശ്വവൽക്കരണം, പിന്നാക്കവിഭാഗ ങ്ങളുടെ ജീവിതം, സാമൂഹിക സ്ഥാപനങ്ങൾ എന്നിവയെ നാം നേടിയെടുക്കുന്ന സാമാന്യ അറിവിൽക്കൂടിയല്ല പരിശോധനയിലൂടെയും വിമർശനാത്മക പഠനത്തിലൂടെയുമാണ് മനസ്സിലാക്കേണ്ടത് എന്നതാണ് ഇതിലെ ഉള്ളടക്കം. ഈ പാഠഭാഗങ്ങൾ വഴി ഭരണഘടനാ മൂല്യങ്ങളും ഇന്ത്യൻ ജനാധിപത്യത്തിന്റെ വളർച്ചാവഴികളും വിദ്യാർഥികൾക്ക് ഗ്രഹിച്ചെടുക്കാം.

## കേരളമാതൃകയുടെ പെരുമ

കേരളം കൈവരിച്ച നേട്ടങ്ങൾകൂടി ഉൾപ്പെടുത്തിയാണ് പാഠഭാഗങ്ങൾ തയ്യാറാക്കിയത്. ജാതിവിരുദ്ധ മുന്നേറ്റങ്ങൾ വിജയിച്ച കേരളത്തിലെ അയ്യൻകാളിയുടെ വിദ്യാഭ്യാസത്തിനായുള്ള പ്രക്ഷോഭവും പി.കെ റോസിയെന്ന ആദ്യകാല സിനിമാപ്രവർത്തകയുടെ ജീവിതവും വസ്ത്രം ധരിക്കാൻ സ്ത്രീകൾ നടത്തിയ ചാന്നാർ പ്രക്ഷോഭവും കല്ലുമാല സമരവും ഉൾപ്പെടുത്തി. കേരളത്തിലെ ഗോത്രവിഭാഗങ്ങളിലുണ്ടായ പുരോഗതിക്ക് തെളിവായ ശ്രീധന്യ സുരേഷ് ഐ എ എസ് നെയും തൊഴിലാളി മുന്നേറ്റങ്ങളുണ്ടാക്കിയ മാറ്റത്തേയും പുന്നപ്ര-വയലാർസമരം ദേശീയസമരത്തെ ശക്തമാക്കിയതിനെയും പരാമർശിക്കുന്നുണ്ട്. കേരളത്തിന്റെ വികസനനയത്തിലെ നാഴികക്കല്ലായ ട്രാൻസ്ജെൻഡർ നയവും അവതരിപ്പിച്ചിട്ടുണ്ട്. ആധുനിക ഇന്ത്യയെ നയിച്ച ജവഹർലാൽനെഹ്റുവിന്റെ പ്രവർത്തനങ്ങളും ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

> **നമ്മുടെ രാജ്യം പുലർത്തുന്ന ജനാധിപത്യ-മതനിരപേക്ഷ ശാസ്ത്രീയ മൂല്യങ്ങൾ നാടിന്റെ ഭാവികാലജീവിതത്തിന് അത്യന്താപേക്ഷിതമാണ് എന്നതാണ് കേരളത്തിന്റെ പാഠപുസ്തകങ്ങൾ നൽകുന്ന സന്ദേശം**

സാമ്പത്തികശാസ്ത്ര പാഠപുസ്തകം 'ദാരിദ്ര്യം' എന്ന വിഷയത്തെ കേന്ദ്രീകരിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്. വർത്തമാന ഇന്ത്യയിലെ ജനജീവിതത്തെ സാരമായി ബാധിക്കുന്ന ദാരിദ്ര്യത്തിന്റെ വർധനവ് ഏവരും തിരിച്ചറിയേണ്ടതാണ്. ഇതു പഠനവിധേയമാക്കുന്നതിനുപകരം പാഠ്യപദ്ധതിയിൽനിന്ന് വെട്ടിമാറ്റുന്ന പ്രർത്തനമാണ് ഏവരെയും അത്ഭുതപ്പെടുത്തുക. സ്വാതന്ത്ര്യാനന്തരവും വർത്തമാനകാലത്തും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ ദാരിദ്ര്യത്തെ ഇല്ലാതാക്കുന്നതിൽ വേണ്ടത്ര വിജയിച്ചിട്ടില്ല. എന്നാൽ 2023ലെ ദേശീയ കണക്കുകളനുസരിച്ച് (NMDPI) ഇന്ത്യയിൽ ദാരിദ്ര്യം ഏറ്റവും കുറവായ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. കേരളത്തിന്റെ ദാരിദ്ര്യത്തിന്റെ അളവ് വെറും 0.55 ശതമാനം മാത്രമാണെന്നും പാഠഭാഗത്ത് ഉൾക്കൊള്ളിച്ചിരിക്കുന്നു. വിദ്യാർഥികളുടെ പാഠഭാരം വർധിക്കാതെയും എന്നാൽ അടിസ്ഥാന മൂല്യങ്ങളും ശാസ്ത്രീയജ്ഞാനവും കൈവിട്ടുപോകാതെയുമാണ് ഈ പുസ്തകങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

മറ്റേത് സംസ്ഥാനത്തിനെക്കാളും വിദ്യഭ്യാസമേഖലയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളം ആ മികവ് പ്രദർശിപ്പിച്ചുകൊണ്ടു തന്നെയാണ് പൂരകപാഠപുസ്തകങ്ങൾ പുറത്തിറക്കിയിരിക്കുന്നത്. നമ്മുടെ രാജ്യം പുലർത്തുന്ന ജനാധിപത്യ-മതനിരപേക്ഷ ശാസ്ത്രീയ മൂല്യങ്ങൾ നാടിന്റെ ഭാവികാലജീവിതത്തിന് അത്യന്താപേക്ഷിതമാണ് എന്നതാണ് കേരളത്തിന്റെ പാഠപുസ്തകങ്ങൾ നൽകുന്ന സന്ദേശം. ജനാധിപത്യവും മതനിരപേക്ഷതയും ബഹുസ്വരജീവിതവും ചോദ്യം ചെയ്യപ്പെടുന്ന ഘട്ടത്തിൽ അത്തരം വെല്ലുവിളികളെ നേരിടുവാൻ കെൽപ്പുള്ള തലമുറ വളർന്നു വരേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങളോടെ കേരളം തയ്യാറാക്കിയ പൂരകപാഠപുസ്തകങ്ങൾ ഇതരസംസ്ഥാനങ്ങൾക്കും മാതൃകയാണ് ■

ക്യാമ്പസ്

# സൗഹൃദം പൂക്കുന്ന കലാലയം




125 ന്റെ നിറവിലുള്ള തിരുവനന്തപുരം ഗവ. വിമൻസ് കോളേജ് ഉന്നതവിദ്യാഭ്യാസമേഖല കൈവരിച്ച മികവിന്റെ നേർസാക്ഷ്യമാണ്

**അഞ്ജലി വിമൽ**

വിപ്ലവം, പ്രണയം, പഠനം, കല, സൗഹൃദം ...മഴയും വെയിലുമേറ്റ് നിറം മങ്ങിത്തുടങ്ങിയെങ്കിലും ഒരു കലാലയത്തിന്റെ മുഴുവൻ ഊർജവും തുടിക്കുന്ന വരികൾ ഇവിടെ നിങ്ങളെ സ്വാഗതം ചെയ്യും. വഴുതക്കാട് ഗവ. വിമൻസ് കോളേജിന്റെ ഇക്കണോമിക്സ് വിഭാഗത്തിന്റെ പടികെട്ടുകൾ കയറുമ്പോൾ ഒരു യുവതയുടെ സകല സ്പന്ദനങ്ങളും അടയാളപ്പെടുത്തിയ അക്ഷരങ്ങൾ അതിഥികളെ സ്വാഗതം ചെയ്യും.



പ്രശാന്ത്. ആർ, ഐ.പി.ആർ.ഡി

ക്യാമ്പസിനുള്ളിലേക്ക് കയറിയാൽ കാണുന്നത് ആ വാക്കുകൾ അന്വർഥമാക്കിയിട്ടുള്ള കാഴ്ചകൾ മാത്രമാണ്. പെൺകുട്ടങ്ങളുടെ കളിചിരികളും കുസൃതികളും മത്സരങ്ങളുമൊക്കെ കണ്ടും ആസ്വദിച്ചും തലസ്ഥാനനഗരിയിൽ തലയെടുപ്പോടെ നിൽക്കുകയാണ് കാലത്തിന്റെ മിടിപ്പുകളേറ്റു വാങ്ങിയ ഈ ക്യാമ്പസ്. ചരിത്രം പേറുന്ന പെൺകലാലയം ഇന്ന് 125 വർഷത്തിന്റെ പൊൻതിളക്കത്തിലാണ്. ആത്മവിശ്വാസത്തിന്റെ തലയെടുപ്പുണ്ട് ഇവിടുത്തെ കുട്ടികളുടെ ഓരോ വാക്കുകളിലും.

## ചരിത്രം വഴിമാറി

പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിച്ചിരുന്ന കാലത്താണ് ഈ അഭിമാനസ്ഥാപനത്തിന്റെ പിറവി. ആദ്യം സ്കൂളായും പിന്നീട് കോളേജായും രൂപമാറ്റം സംഭവിച്ചു. 1864ൽ ആയില്യം തിരുനാളിന്റെ കാലത്താണ് സർക്കാർ ഗേൾസ് സ്കൂൾ സ്ഥാപിതമായത്. എ സി ഡോൺലിയാണ് അന്നത്തെ ഹെഡ്മിസ്ട്രസ്. 1897ൽ ശ്രീമൂലം തിരുനാളിന്റെ കാലത്ത് ഈ സ്കൂളിന് മഹാരാജാസ് ഗേൾസ് കോളേജ് എന്ന പേര് നൽകുകയും പ്രീഡിഗ്രിക്ക്




സമാനമായ എഫ് എ( ഫസ്റ്റ് ആർട്സ്) ക്ലാസ്സുകൾ തുടങ്ങുകയും ചെയ്തു. തൊട്ടടുത്ത വർഷം സെക്കന്റ് ഗ്രേഡ് കോളേജായി അഫിലിയേഷനും ലഭിച്ചു. ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജിന് മുന്നിലായിരുന്നു അന്ന് ഈ സ്ഥാപനം പ്രവർത്തിച്ചിരുന്നത്. 1922ൽ റീജന്റ് മഹാറാണി സേതുലക്ഷ്മിഭായിയുടെ കാലത്താണ് ഡിഗ്രി കോഴ്സുകളുള്ള വിമൻസ് കോളേജാക്കി ഇതിനെ ഉയർത്തുന്നതും വഴുതക്കാടേക്ക് മാറ്റുന്നതും. ഹിസ് ഹൈനസ് ദി മഹാരാജാസ് കോളേജ് ഫോർ വിമൻ എന്നു പേരും നൽകി. ഇതേ വർഷം തന്നെ രവീന്ദ്രനാഥടാഗോറും കുടുംബവും കോളേജ് സന്ദർശിച്ചതായും ചരിത്രരേഖകളിൽ പറയുന്നു. 125 വിദ്യാർഥികളായിരുന്നു ആദ്യകാലത്ത് പഠിക്കാനെത്തിയത്. ഇന്നിവിടെ 3000ത്തോളം വിദ്യാർഥികളുണ്ട്. അവരുടെ വഴികാട്ടികളായി നൂറ്റിയെഴുപതോളം അധ്യാപകരും. തങ്ങളിൽ ഭൂരിഭാഗവും സ്ത്രീകളാണെന്ന അഭിമാനനേട്ടവും അധ്യാപകർ പങ്കുവയ്ക്കുന്നു.

## പ്രഗത്ഭരെ സമ്മാനിച്ച ക്യാമ്പസ്

ചർച്ചകളും സംവാദങ്ങളുമെല്ലാം ഇവിടെ സജീവമാണ്. പ്രതികരണ ശേഷിയുള്ള പുതിയ തലമുറയാണു തങ്ങളുടെ കുട്ടികളെന്നു പറയുമ്പോൾ അധ്യാപകരുടെ മുഖത്തും അഭിമാനം തെളിയുന്നുണ്ട്. കേരളത്തിന്റെ സാമൂഹിക മുന്നേറ്റവുമായി ചേർത്ത് വായിക്കാവുന്ന ചരിത്രത്തിന്റെ ഇടം കൂടിയാണിത്.

നിരവധി പ്രഗത്ഭരെ സമ്മാനിച്ച ക്യാമ്പസാണ്. കേരളത്തിലെ ആദ്യ വനിതാ ജഡ്ജി അന്നാ ചാണ്ടി, കവയത്രി സുഗതകുമാരി, ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്, മുൻ മന്ത്രി സുശീല ഗോപാലൻ, ഗായിക കെ എസ് ചിത്ര, ഇന്ത്യൻ വനിതാ ക്രിക്കറ്റ് താരം മിന്നുമണി തുടങ്ങി ആ പട്ടിക നീളുന്നു. ഒ എൻ വി കുറുപ്പും ഹൃദയകുമാരി ടീച്ചറുമൊക്കെ ഇവിടത്തെ അധ്യാപകരായിരുന്നു.





'സ്ത്രീകളുടെ ഉന്നമനലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു കലാലയമാണ്. ഇതിനോടകം നിരവധി പ്രഗത്ഭരെ സമൂഹത്തിന് സമ്മാനിക്കാൻ കഴിഞ്ഞു. അത് ഇനിയും തുടരും. മിടുമിടുക്കികളാണ് ഇവിടത്തെ കുട്ടികൾ. അവരിൽ ഞങ്ങൾക്ക് ഏറെ പ്രതീക്ഷയുണ്ട്. മഹത്തായ ഒരു പാരമ്പര്യമുള്ള ക്യാമ്പസാണ്. 125 വർഷം ആഘോഷിക്കുന്ന ഈ വേളയിൽ സെമിനാറുകളും റിസർച്ച് ഫെസ്റ്റുകളും സമ്മേളനങ്ങളുമൊക്കെയായി ഒരു വർഷം നീണ്ടുനിൽക്കുന്ന വിപുലമായ പരിപാടികളാണ് ക്യാമ്പസിൽ ഒരുക്കുന്നത്. '

ഡോ.വി.കെ അനുരാധ
പ്രിൻസിപ്പൽ

## പഴമയുടെ തലയെടുപ്പോടെ

ഹെറിറ്റേജ് മാതൃകയിലുള്ള കെട്ടിടങ്ങളാണ് ഇവിടത്തെ പ്രത്യേകത. നൂറ്റാണ്ടിന്റെ പഴക്കമുണ്ടെങ്കിലും ഇന്നും അവ പ്രൗഢിയോടെ തലയുയർത്തി നിൽക്കുകയാണ്. ഈജിപ്ഷ്യൻ വാസ്തുശില്പകല അടിസ്ഥാനമാക്കിയാണ് പ്രധാന കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത്. വിശാലമായ പ്രവേശനത്തളവും തടിയിൽ തീർത്ത കോണിപ്പടികളും കൂറ്റൻ തൂണുകളും തടിയിൽ പണിത നടപ്പാതകളും അർധവൃത്താകൃതിയിലുള്ള കെട്ടിടവുമൊക്കെ ഈ ക്യാമ്പസിന്റെ ഭംഗിയിരട്ടിയാക്കുന്നുണ്ട്. സംഗീതവിഭാഗം പ്രവർത്തിക്കുന്നതാകട്ടെ കേരളീയ ക്ഷേത്രമാതൃകയിലുള്ള കെട്ടിടത്തിലാണ്. മലയാളം, സംസ്കൃതം, ഫിലോസഫി, തമിഴ് വിഭാഗങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളും പൗരാണികത കാത്തുസൂക്ഷിക്കുന്നവയാണ്. ആദ്യമായി ക്യാമ്പസിലെത്തുന്നവരുടെ മനസ്സ് പോലും ഈ മന്ദിരങ്ങൾ കീഴടക്കുമെന്ന കാര്യത്തിൽ തർക്കമില്ല.


## മികവിൽ നിന്നും മികവിലേക്ക്

കോളേജിലെ പഠനാന്തരീക്ഷവും എടുത്തുപറയണം. വകുപ്പുകളുടെയും അധ്യാപകരുടെയും മികവ് തന്നെയാണ് കോളേജിന്റെ മഹത്വം വർധിപ്പിക്കുന്നത്.
25 വകുപ്പുകളിലായി 18 ഡിഗ്രി കോഴ്സുകളും 17 പി ജി കോഴ്സുകളും 12 റിസർച്ച് ഡിപ്പാർട്ടുമെന്റുകളുമാണ് ഇപ്പോഴിവിടെയുള്ളത്. തുടർച്ചയായി മൂന്നാം തവണയും നാക് അക്രെഡിറ്റേഷനിൽ എ ഗ്രേഡാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയ റാങ്കിങ്ങിൽ 75-ാം സ്ഥാനവും. മികവിൽ നിന്നും കൂടുതൽ മികവിലേക്കുള്ള യാത്രയിലാണ് സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖല കൈവരിച്ച മികവിന്റെ നേർസാക്ഷ്യം കൂടിയായ ഈ സർക്കാർ കലാലയം ■



# ജനാധിപത്യത്തിന്റെയും സാമൂഹികനീതിയുടെയും കേരളീയമുഖം

## അയ്യൻകാളിയുടെ 160-ാം ജന്മവർഷമാണ് 2023



**എം. ആർ. രേണുകുമാർ**
കവിയും അയ്യൻകാളിയുടെ ജീവചരിത്രകാരനും

കേരളസമൂഹത്തെ ഇന്നുകാണുന്ന വിധത്തിൽ ജനാധിപത്യവൽക്കരിച്ചതിൽ അയ്യൻകാളിക്കും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിനും നിർണ്ണായക പങ്കാണുള്ളത്. സാമൂഹികനീതിക്കും ആത്മാഭിമാനത്തിനും വേണ്ടിയുള്ള അധഃസ്ഥിതവിഭാഗങ്ങളുടെ സമരങ്ങൾക്കും വാദങ്ങൾക്കും ദൃശ്യതയുണ്ടാകുന്നത് കേരളത്തിന്റെ സാമൂഹികചരിത്രത്തിൽ അയ്യൻകാളി രംഗപ്രവേശം ചെയ്യുന്നതോടുകൂടിയാണ്. സമരങ്ങളിലൂടെയും ഇടപെടലുകളിലൂടെയും സ്വാതന്ത്ര്യപൂർവകേരളത്തിലെ അധഃസ്ഥിത ജനതയുടെ മനുഷ്യാവകാശ പോരാട്ടങ്ങളുടെ നെടുനായകത്വമായി അയ്യൻകാളി മാറുന്നതോടെയാണ് സ്വാതന്ത്ര്യം, ജനാധിപത്യം, സാമൂഹികനീതി, മൗലികാവകാശം തുടങ്ങിയവയെക്കുറിച്ചുള്ള പരാമ്പരാഗത/സവർണ്ണ/മുഖ്യധാരാ സങ്കല്പങ്ങൾ തിരുത്തപ്പെടുന്നത്.

നൂറ്റാണ്ടുകളായി നിലനിന്നുപോന്ന അടിമത്തവും ജാതിവ്യവസ്ഥയും, ഊഴിയം വേലയും ആശ്രിതതൊഴിൽ സമ്പ്രദായവും മൂലം അടിസ്ഥാന മൗലികാവകാശങ്ങൾപോലും നിഷേധിക്കപ്പെട്ട അയിത്തജാതിസമൂഹങ്ങളുടെ അവകാശങ്ങൾക്കും ആത്മാഭിമാനത്തിനും വേണ്ടി സന്ധിയില്ലാതെ പോരാടിയതുകൊണ്ടാണ് അയ്യൻകാളിയെ ജനാധിപത്യത്തിന്റെ അപ്പോസ്തലനായി അദ്ദേഹത്തിന്റെ സമൂഹം വാഴ്ത്തുന്നത്. ജാതീയ/വംശീയ/ലിംഗമേധാവിത്വ ചിന്തകൾ കൈയൊഴിഞ്ഞ പൊതുസമൂഹത്തിലെ മനുഷ്യരും ഈ യാഥാർഥ്യം കാലാനുസൃതമായി തിരിച്ചറിഞ്ഞുതുടങ്ങിയിട്ടുണ്ട്.

പൊതുവിടങ്ങൾ തങ്ങൾക്ക് നിഷേധിക്കുന്ന സവർണ്ണഭരണകൂടത്തോടുള്ള അയിത്തജാതിക്കാരുടെ പ്രതിഷേധത്തിന്റെ പൊട്ടിപ്പുറപ്പെടലിന്റെ തുടക്കമായിരുന്നു അയ്യൻകാളിയുടെ വില്ലുവണ്ടിയാത്ര. 1893 ലാണ് അയ്യൻകാളി വില്ലുവണ്ടിയാത്ര നടത്തുന്നത്. സാമൂഹിക വിലക്കുകളെ ലംഘിച്ചുകൊണ്ട് പൊതുവഴിയിലൂടെ സഞ്ചാര സ്വാതന്ത്ര്യത്തിനുവേണ്ടി അയ്യൻകാളി നടത്തിയ ഐതിഹാസിക സമരം കേവലമായ ജയപരാജയങ്ങൾക്കപ്പുറത്ത് സവർണ്ണമനസ്സുകളിൽ കഠിനമായ ഒരാഘാതമായി മാറിയപ്പോൾ, അയിത്തജാതിക്കാർക്കിടയിൽ അതുല്യമായ ആത്മാഭിമാനവും ഉള്ളുറപ്പുമാണ് അതുണ്ടാക്കിക്കൊടുത്തത്.

> **"സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരങ്ങൾക്കൊപ്പംതന്നെ അയിത്തജാതിക്കാരുടെ വിദ്യാഭ്യാസാവകാശത്തിനുവേണ്ടിയും അദ്ദേഹം അക്ഷീണം പ്രവർത്തിച്ചു"**

### വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം

സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരങ്ങൾക്കൊപ്പം തന്നെ അയിത്തജാതിക്കാരുടെ വിദ്യാഭ്യാസാവകാശത്തിനുവേണ്ടിയും അദ്ദേഹം അക്ഷീണം പ്രവർത്തിച്ചു. സമുദായത്തിന്റെ ശേഷിയും വളർച്ചയും ഭ്രവ്യസമസ്ഥതയോടെന്നപോലെ വിദ്യാഭ്യാസത്തോടും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് അയ്യൻകാളി മനസ്സിലാക്കിയിരുന്നു. വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം നേടിയെടുക്കുകയും സംരക്ഷിക്കപ്പെടുകയും ചെയ്യേണ്ട ഒരു ജനാധിപത്യവകാശമാണെന്നും, കേവലം നിവേദനങ്ങൾക്കപ്പുറം സാമൂഹിക പ്രതിരോധങ്ങളും സമരങ്ങളും ഏറ്റുമുട്ടലുകളും അതിനാവശ്യമാണെന്നും അദ്ദേഹം അണികളെ ബോധ്യപ്പെടുത്തിയിരുന്നു. അയിത്തമെന്ന സാമൂഹികാനാചാരം മൂലം പൊതുവിടങ്ങൾ അന്യമാകുന്ന വിവിധ അയിത്തജാതികളുടെ സ്വാതന്ത്ര്യത്തിനും അവകാശസംരക്ഷണത്തിനും ഉയിർപ്പിനും വേണ്ടിയുള്ള ശ്രമങ്ങളെ ശക്തിപ്പെടുത്തുന്നതിന് വേണ്ടിയായിരുന്നു അയ്യൻകാളി 1907ൽ സാധുജന പരിപാലനസംഘം രൂപീകരിച്ചത്.

### പണിമുടക്കുസമരം

അടിമത്തം ഏകപക്ഷീയമായി നിർണ്ണയിച്ചിരുന്ന അയിത്തജാതിക്കാരുടെ വിധേയത്വപൂർണ്ണമായ 'സാമൂഹികശരീരം' ചരിത്രത്തിലാദ്യമായി സവർണ്ണരുടെ പിടിയിൽനിന്ന് കുതറുന്നത് അയ്യൻകാളിയുടെ നേതൃത്വത്തിലായിരുന്നു. പണിമുടക്കുസമരമെന്ന പേരിൽ പരക്കെ അറിയപ്പെടുന്ന, ഒന്നരവർഷത്തോളം നീണ്ടുനിന്ന 'ഭൂമി തരിശിടൽ സമരം' അതിന്റെ പ്രകടരൂപമായിരുന്നു. അയിത്തജാതിക്കാർക്ക് പരമ്പരാഗതമായി സ്വായത്തമായിരുന്ന തൊഴിൽ വൈദഗ്ധ്യത്തെ നിയന്ത്രണ



വര: വി.എസ്. പ്രകാശ്

വിധേയമാക്കി അധീശസാമൂഹികഘടനയോടു നടത്തിയ രാഷ്ട്രീയ വിലപേശലായിരുന്നു അത്. വിദ്യാഭ്യാസാവകാശം നിഷേധിച്ചാൽ കൃഷിഭൂമി തരിശിട്ട് ഉൽപാദനമേഖല സ്തംഭിപ്പിക്കുമെന്ന തീർപ്പിൽ സമരവീര്യത്തോടൊപ്പം അയ്യൻകാളിയുടെ പ്രായോഗിക രാഷ്ട്രീയവീക്ഷണവും നിഴലിക്കുന്നുണ്ട്.

മാനുഷികവിരുദ്ധമായ ജാത്യാചാരങ്ങൾക്കെതിരെ അയ്യൻകാളി നയിച്ച പൗരാവകാശപ്പോരാട്ടങ്ങളിൽ സാധുജന പരിപാലന സംഘത്തിന്റെ കൊല്ലം ജില്ലയിലെ പ്രധാനിയായ ഗോപാലദാസന്റെ നേതൃത്വത്തിൽ നടന്ന 'കല്ലയും മാലയും' സമരത്തിന് അഥവാ 'പെരിനാട് ലഹള'(1915) യ്ക്ക് നിർണ്ണായക സ്ഥാനമാണുള്ളത്. ജാത്യാചാരങ്ങൾ അടിച്ചേൽപ്പിച്ച അടിമത്ത ചിഹ്നങ്ങളെ പരസ്യമായി അറുത്തെറിഞ്ഞ് മാറുമറച്ച പുലയസ്ത്രീകളുടെ സ്വാതന്ത്ര്യവിളംബരവും അതിനെ അടിച്ചമർത്താൻ സവർണ്ണഗുണ്ടകൾ നടത്തിയ ആക്രമണ പരമ്പരകളും അതിനെതിരെയുള്ള ചെറുത്തുനിൽപ്പുകളുമാണ് പിന്നീട് ചരിത്രത്തിൽ പെരിനാട് കലാപമായി അറിയപ്പെട്ടത്.

പൊതുവഴിയിലൂടുള്ള അധഃസ്ഥിത ജനതയുടെ സഞ്ചാരസ്വാതന്ത്യത്തിനും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങ ളിൽ പ്രവേശം ലഭിക്കുന്നതിനും അയ്യൻകാളി നടത്തിയ സമരങ്ങളിന്ന് കേരളചരിത്രത്തിന്റെ ഭാഗമാണ്. 'എന്റെ കുഞ്ഞുങ്ങളെ പഠിക്കാൻ സമ്മതിച്ചില്ലെങ്കിൽ ഈ കാണായ പാടങ്ങളിലെല്ലാം മുട്ടിപ്പുല്ല് കുരുപ്പിക്കും" എന്ന അയ്യൻകാളിയുടെ പ്രഖ്യാപനം ഇന്നൊരു 'സമരകവിത'യാണ്. ആയിരക്കണക്കിന് അയിത്തജാതിക്കാരായ സ്ത്രീകളെ അണിനിരത്തി അയ്യൻകാളിയും ഗോപാലദാസനും സംഘടിപ്പിച്ച 'കല്ലുമാല സമരം' കേരളത്തിലെ സ്ത്രീകളുടെ ആത്മാഭിമാനപ്പോരാട്ടങ്ങളിലെ ജ്വലിക്കുന്ന അധ്യായമാണ്. ശ്രീമൂലം പ്രജാസഭാംഗമായിരുന്ന(1912-33) കാലത്ത് ഭൂമിയും തൊഴിലും സംവരണവും ഉൾപ്പെടെയുള്ള വിഭവാധികാരങ്ങൾക്കായി അദ്ദേഹം സമർപ്പിച്ച ഹർജികളും നടത്തിയ പ്രസംഗങ്ങളും അധികാരത്തിലും ദേശീയ സ്വത്തിലുമുള്ള സ്വജനതയുടെ അഭാവത്തെ പ്രശ്നവൽക്കരിച്ച ആദ്യകാല ഇടപെടലുകളാണ്.

1863 ൽ ജനിച്ച് 1941 ൽ അന്തരിച്ച അയ്യൻ കാളിയുടെ ജീവിതവും ഇടപെടലുകളും കേരളീയ നവോത്ഥാന കാലഘട്ടത്തിലെ ഏറ്റവും മിഴിവാർന്നതും ചടുലവുമായ ഏടാണ്. ചില പതിറ്റാണ്ടുകളിൽ വിസ്മരിക്കപ്പെട്ടുപോയെങ്കിലും സമകാലിക കേരളമിന്ന് ജനാധിപത്യത്തിനും സാമൂഹികനീതിക്കുംവേണ്ടി ഹൃദയത്തിലേറ്റുന്ന പേരുകളിൽ മുൻനിരക്കാരനാണ് അയ്യൻകാളി. നവോത്ഥാനകാലത്തുനിന്ന് മറ്റൊരു രൂപകവും അയ്യൻകാളിയെപ്പോലെ ജനഹൃദയങ്ങളെ അറിവും അഗ്നിയുമായി ഇങ്ങനെ പിൻതുടരുന്നുണ്ടെന്ന് തോന്നുന്നില്ല.■

ATHIRAPPILLY
HARVESTED FROM THE WILD
BY NATIVE TRIBES




# വിപണി കീഴടക്കാൻ അതിരപ്പിള്ളി ബ്രാൻഡ്

## തൃശ്ശൂരിലെ ഗോത്രവർഗ ഉൽപന്നങ്ങൾ ഇനി ലോകമറിയും

അതിരപ്പിള്ളി മേഖലയിലെ ഗോത്രവർഗവിഭാഗങ്ങൾ നിർമ്മിക്കുന്ന വിവിധ കാർഷിക-വനവിഭവങ്ങളും മൂല്യവർധിത ഉൽപന്നങ്ങളും പുതിയ ബ്രാൻഡിൽ വിപണിയിൽ. കാടിന്റെ വിശുദ്ധിയും ഗോത്രവർഗ പാരമ്പര്യവും ഉൾച്ചേർന്ന മികവുറ്റ ഉൽപന്നങ്ങളാണ് ഇവ. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ സംസ്ഥാനസർക്കാർ നടപ്പിലാക്കി വരുന്ന ട്രൈബൽവാലി കാർഷിക പദ്ധതിയുടെ ഭാഗമായി അതിരപ്പിള്ളി എന്ന ബ്രാൻഡ് നാമത്തിൽ ഉപഭോക്താക്കളിലെത്തുന്നത്.

ആദിവാസി വിഭാഗത്തിൽപ്പെട്ടവർ കൃഷി ചെയ്യുന്ന കുരുമുളക്, കാപ്പി, മഞ്ഞക്കൂവ, തേൻ, നെല്ല് തുടങ്ങിയവ സംസ്കരിച്ച് മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റിയാണ് മനോഹരമായ ലോഗോയോടെ ആകർഷകമായ പാക്കേജിൽ വിപണി കീഴടക്കാനെത്തിയിരിക്കുന്നത്. അന്താരാഷ്ട്ര ബ്രാൻഡുകളെ വെല്ലുന്ന രീതിയിലാണ് രൂപകൽപന. മുളയും ഈറ്റയും ഉപയോഗിച്ച് ഗോത്രവർഗ സ്ത്രീകൾ നിർമ്മിക്കുന്ന കണ്ണാടിപ്പായ, കൊട്ടകൾ, മുറങ്ങൾ, പൂച്ചട്ടികൾ, സംഗീതോപകരണമായ മഴമൂളി, തവി ഉൾപ്പെടെയുള്ള അടുക്കള ഉൽപന്നങ്ങൾ, വിവിധ കരകൗശലവസ്തുക്കൾ എന്നിവയും പുതിയ ബ്രാൻഡിൽ മിതമായ നിരക്കിൽ വിപണിയിലെത്തിച്ചിട്ടുണ്ട്.




അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി ജനവിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി കാർഷികവികസന-കർഷകക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്നതാണ് അതിരപ്പിള്ളി ട്രൈബൽവാലി കാർഷിക പദ്ധതി. വനം, പട്ടിക വർഗ വികസനം, സഹകരണം വകുപ്പുകളുടെയും യുഎൻഡിപിയുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന കേരളത്തിലെ ഇത്തരത്തിലുള്ള ആദ്യ പദ്ധതിയാണിത്.

അതിരപ്പിള്ളി ഗോത്രവർഗ മേഖലയിലെ എല്ലാവിഭാഗം ജനങ്ങൾക്കും നേരിട്ടുള്ള ഗുണഫലം ലഭിക്കുന്ന രീതിയിലാണ് പദ്ധതിയുടെ പ്രവർത്തനം. കൃഷി മുതൽ സംസ്കരണവും പാക്കേജിങ്ങും ഉൾപ്പെടെയുള്ള വിപണനത്തിന്റെ വിവിധ ഘട്ടങ്ങൾ ഗോത്രവർഗവിഭാഗങ്ങളുടെ നേതൃത്വത്തിലാണ് നടന്നുവരുന്നത് എന്ന സവിശേഷതയും അതിരപ്പിള്ളി ബ്രാൻഡിന് സ്വന്തം. ഇതിനായി ഗോത്രവർഗക്കാരായ മുന്നോറോളം പേർ ഷെയർഹോൾഡർമാരായ അതിരപ്പിള്ളി വാലി ഫാമേഴ്സ് പ്രൊഡ്യൂസർ കമ്പനിയും പ്രവർത്തിക്കുന്നുണ്ട്.

പുറമെ നിന്നുള്ള വിത്തുകൾ ഉപയോഗിക്കുന്നതിന് പകരം പരമ്പരാഗത വിത്തിനങ്ങളും നടീൽവസ്തുക്കളുമാണ് കൃഷിക്കായി ഉപയോഗിക്കുന്നത്. ഇതിനായി രൂപീകരിച്ച നാല് വനിതാ കാർഷിക നഴ്സറി ഗ്രൂപ്പുകളാണ് കൃഷിക്കാവശ്യമായ നടീൽവസ്തുക്കൾ വിതരണം ചെയ്യുന്നത്. പൊതുവിപണിയിലേക്ക് കാർഷിക ഉൽപന്നങ്ങൾ നേരിട്ടെത്തിക്കാൻ മാർഗമില്ലാതിരുന്ന പ്രദേശത്തെ കർഷകരെ മധ്യവർത്തികളുടെ ചൂഷണത്തിൽ നിന്ന് ഒഴിവാക്കാനായി എന്നതാണ് പദ്ധതിയുടെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്ന്.

യൂണിറ്റിനോട് ചേർന്ന വിപണന സ്റ്റാളിനു പുറമെ, എറണാകുളം ഇടപ്പള്ളി ടോൾ ജംഗ്ഷനിലും ആതിരപ്പിള്ളി ബ്രാൻഡിന്റെ ഒരു റീട്ടെയിൽ കിയോസ്ക് പ്രവർത്തിക്കുന്നുണ്ട്. ഉൽപന്നങ്ങൾ https://athirappillytribalvalley.com ൽ ലഭ്യമാണ്. ആമസോൺ, ഫ്ളിപ്പ്കാർട്ട് തുടങ്ങിയ ഓൺലൈൻ റീട്ടെയിൽ സംവിധാനങ്ങളിലും താമസിയാതെ ഇവ ലഭ്യമാക്കുമെന്ന് പദ്ധതി നോഡൽ ഓഫീസർ എസ്. എസ് സാലുമോൻ അറിയിച്ചു.

# കേൾക്കാം ഈ മാന്ത്രികസ്വരമാധുരി

## ഭിന്നശേഷിക്കാർക്കായി ഈണം പകർന്ന് ഒരു പഞ്ചായത്ത്

'കുറി വരച്ചാലും കുരിശു വരച്ചാലും...' ഈണത്തിൽ ഇങ്ങനെ പാടുമ്പോൾ സുനീഷിന്റെ കണ്ണുകളിൽ സന്തോഷത്തിന്റെ തിളക്കമുണ്ട്. സ്വപ്നം കാണാൻ പോലും കഴിയാതെ മനസ്സിൽ അടക്കിപിടിച്ചത് യാഥാർത്ഥ്യമായ തിന്റെ തിളക്കം. കോട്ടയത്തെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഭിന്നശേഷി വിഭാഗക്കാരുടെ ഗാനമേള ട്രൂപ്പായ 'മാജിക് വോയിസി'ലെ മുഖ്യഗായകനാണ് സുനീഷ് ജോസഫ്. പോളിയോ ബാധിച്ച് കാലുകളുടെ ചലനശേഷി നഷ്ടപ്പെട്ട സുനീഷ് ശാരീരിക അവശതകൾ മൂലം വേദിയിലൊരുക്കുന്ന ചെറിയമേശയിൽ കിടന്നുകൊണ്ടാണ് പാടുന്നത്.

അമ്പലപ്പറമ്പിലും പള്ളിപ്പറമ്പിലുമെല്ലാം ഗാനമേള ട്രൂപ്പുകളിൽ സജീവമായിരുന്ന സുരേന്ദ്രൻ മണി വീണ്ടും വേദിയിലെത്താൻ സാധിക്കുമെന്ന് കരുതിയിരുന്നതല്ല. ട്രൂപ്പിൽ തമിഴ് പാട്ടുകളുടെ മന്നനാണ് സുരേന്ദ്രൻ. അവിചാരിതമായി കാലുകളുടെ ചലനശേഷി നഷ്ടപ്പെട്ടപ്പോൾ വീടിനുള്ളിൽ ഒതുങ്ങേണ്ടി വരുമെന്നാണ് കരുതിയത്. ട്രൂപ്പിലെ ഓരോ അംഗത്തിനും പറയാൻ ഇത്തരത്തിലൊരു കഥയുണ്ട്.

ഭിന്നശേഷി സൗഹൃദ പഞ്ചായത്ത് എന്ന പേര് അന്വർഥമാക്കുന്ന നിരവധി പ്രവർത്തനങ്ങൾ നടത്തുന്ന എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ സജീവമായ പിന്തുണയും സജീവമായ ഇടപെടലുമാണ് മാജിക് വോയ്സസ് ഗാനമേള ട്രൂപ്പിന്റെ വിജയത്തിന് കാരണം.

കൂട്ടായ്മകൾ, ഭവനസന്ദർശനം എന്നു തുടങ്ങി വിനോദയാത്രകൾ വരെ എലിക്കുളം ഗ്രാമപഞ്ചായത്ത് ഭിന്നശേഷിക്കാർക്കുവേണ്ടി നടപ്പിലാക്കി വരുന്നു.

കൊച്ചി മറൈൻ ഡ്രൈവിൽ നിന്ന് സാഗരറാണി ക്രൂയിസിലെ അറബിക്കടൽയാത്രയായിരുന്നു അവസാനം നടത്തിയ യാത്ര. ഈ യാത്രകൾക്കിടയിൽ അവരിൽ ചിലർ അവതരിപ്പിച്ച കലാപരിപാടികളിൽ നിന്നാണ് മാജിക് വോയിസ് എന്ന ഗാനമേള ട്രൂപ്പിന്റെ ആശയം ഉടലെടുത്തത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ഷാജിയുടെയും പഞ്ചായത്തംഗങ്ങളുടെയും അക്ഷീണപ്രവർത്തനവും താങ്ങായി. 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നു ലക്ഷം രൂപ ചെലവഴിച്ച് ഗാനമേള ട്രൂപ്പിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി. മേയ് മാസത്തിൽ പരിശീലനം ആരംഭിച്ചു. സതീഷ് ചന്ദ്രൻ, ബിജു മാധവൻ, സിൻസി സെബാസ്റ്റ്യൻ എന്നിവരാണ് മറ്റ് ഗായകർ. അഞ്ചു ഭിന്നശേഷിക്കാരാണ് ട്രൂപ്പിലുള്ളത്. ഓർക്കസ്ട്ര കൈകാര്യം ചെയ്യുന്നവരെല്ലാം വയോജനങ്ങളും ഗ്രാമപഞ്ചായത്തിലെ വയോജന ക്ലബ്ബിലെ അംഗങ്ങളുമാണ്.

ജൂൺ 30നാണ് ഉന്നത വിദ്യാഭ്യാസ-സാമൂഹിക ക്ഷേമ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ട്രൂപ്പിന്റെ ഉദ്ഘാടനം നിർവഹിച്ചത്. വീടിനുള്ളിൽ തളച്ചിടപ്പെടേണ്ടവരല്ല തങ്ങൾ എന്ന ബോധ്യത്തോടെയുള്ള മാജിക് വോയിസിന്റെ ജൈത്രയാത്ര അവിടെ തുടങ്ങി. ■

ലിബി ഇ.പി.

സുധീഷ് ജോസഫ് പാടുന്നു






# അമിതഭാരമില്ലാതെ ആഘോഷം

അമിതമായ വിലയുടെ ഭാരമില്ലാതെ ഓണത്തിന്റെ ഉത്സവപ്രതീതിയും ആവേശവും ആസ്വദിക്കാൻ കഴിയുമെന്ന് ഉറപ്പാക്കാൻ സംസ്ഥാനസർക്കാരിന് കഴിഞ്ഞു



**ജി. ആർ. അനിൽ**
ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ, ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി

രാജ്യത്തിനും പുറത്തുമുള്ള സ്ഥിതിവിശേഷങ്ങൾ അവശ്യവസ്തുക്കളുടെ ദൗർലഭ്യത്തിനും വലിയതോതിലുള്ള വിലക്കയറ്റത്തിനും ഇടയാക്കിയ ഒരു കാലഘട്ടത്തിലൂടെ നാം കടന്നു പോകുമ്പോഴും അമിതമായ വിലയുടെ ഭാരമില്ലാതെ ഓണത്തിന്റെ ഉത്സവപ്രതീതിയും ആവേശവും ആസ്വദിക്കാൻ കഴിയുമെന്ന് ഉറപ്പാക്കാൻ സംസ്ഥാനസർക്കാരിന് കഴിഞ്ഞു. പൊതുവിതരണ സംവിധാനത്തിലൂടെയും വിപണി ഇടപെടലിലൂടെയും പ്രായോഗികമായ നിലപാടുകൾ സ്വീകരിച്ച് ഓണം ഐശ്വര്യപൂർണ്ണമാക്കാൻ വേണ്ടതൊക്കെ ചെയ്യാനായി.

## ആധുനികമായി ഉത്സവച്ചന്തകൾ

ഈ ഓണത്തിന് മുൻഗണനേതര വിഭാഗത്തിൽപ്പെട്ട വർക്ക് അഞ്ച് കിലോഗ്രാം അരി വീതം 10.90 രൂപ നിരക്കിൽ റേഷൻ കടകൾ വഴി നൽകി. പ്രതിമാസമുള്ള സാധാരണ വിഹിതത്തിന് പുറമെയാണിത്. എല്ലാ വർഷവും







സപ്ലൈകോ-ഓണച്ചന്ത സംസ്ഥാനതല ഉദ്ഘാടനം

ഓണം, വിഷു, റംസാൻ, ക്രിസ്മസ് മുതലായ വിശേഷാവസരങ്ങളിൽ സപ്ലൈകോ പ്രത്യേക ഉത്സവച്ചന്തകൾ സംഘടിപ്പിക്കാറുണ്ട്. ഈ വർഷം വിപുലമായ ഓണം ഫെയറുകളാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ഒരുക്കിയത്. എയർകണ്ടീഷൻ സൗകര്യത്തോടെയുള്ള ജർമ്മൻ ഹാങ്ങറുകളിലാണ് ഫെയറുകൾ നടന്നത്. ആധുനിക സൂപ്പർ മാർക്കറ്റുകളോട് കിടപിടിക്കുന്ന രീതിയിലുള്ള വിൽപന രീതികളും ഇന്റീരിയർ സൗകര്യങ്ങളും ഉള്ള ഇവയിൽ മിൽമ, കേരഫെഡ്, കുടുംബശ്രീ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സ്റ്റാളുകളും പ്രാദേശികകർഷകരിൽ നിന്നും സംഭരിക്കുന്ന പച്ചക്കറികളുടെ വിപണനവും ഉണ്ടായി. പൊതുമേഖല സ്വകാര്യസ്ഥാപനങ്ങളുമായി സഹകരിച്ച് അവിടുത്തെ ജീവനക്കാർക്ക് 500, 1000 രൂപ വിലവരുന്ന കൂപ്പണുകൾ സൗജന്യനിരക്കിൽ വിതരണം ചെയ്തു. ഇവ പ്രയോജനപ്പെടുത്തി ജീവനക്കാർക്ക് സപ്ലൈകോയുടെ ഇഷ്ടമുള്ള വിൽപനശാലകളിൽ നിന്നും ഇഷ്ടമുള്ള സാധനങ്ങൾ തിരഞ്ഞെടുക്കാൻ അവസരം നൽകി. ഓണത്തോടനുബന്ധിച്ച് അഞ്ച് ഇനം പുതിയ ശബരി ഉൽപന്നങ്ങൾ കൂടി സപ്ലൈകോ വിപണിയിലിറക്കി. മട്ട അരി, ആന്ധ്ര ജയ അരി, ആട്ട, പുട്ടുപൊടി, അപ്പപൊടി എന്നിവയാണ് പുതിയ ഉൽപന്നങ്ങൾ.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ മാവേലി സ്റ്റോറുകളും, സൂപ്പർ മാർക്കറ്റുകളും, ഹൈപ്പർ മാർക്കറ്റുകളും, പീപ്പിൾസ് ബസാറുകളും, മെഡിക്കൽ സ്റ്റോറുകളും അടക്കം 1630 -ലധികം വിൽപനശാലകൾ പ്രവർത്തിക്കുന്നു. രാജ്യത്തെങ്ങും ഇല്ലാത്ത വിധത്തിലുള്ള വിപണി ഇടപെടൽ ആണ് ഈ സംവിധാനം വഴി സംസ്ഥാനത്ത് നടക്കുന്നത്. സംസ്ഥാനത്താകെ 21 'സഞ്ചരിക്കുന്ന മാവേലി' സ്റ്റോറുകൾ സ്ഥിരമായി പ്രവർത്തിക്കുന്നു. ആവശ്യസാധനലഭ്യത കുറവാകുന്ന ഘട്ടത്തിൽ പ്രത്യേകമായി സഞ്ചരിക്കുന്ന വിൽപനശാലകൾ താൽക്കാലികമായി ക്രമീകരിക്കാറുമുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഒന്നാകെ ചേർന്നാണ് രാജ്യത്തിന് മാതൃകയായവിധം വിലക്കയറ്റത്തെ പ്രതിരോധിക്കാൻ കേരളത്തിന് കഴിഞ്ഞത്.

രാജ്യമെങ്ങും വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ ഉപ്പു തൊട്ട് കർപ്പൂരം വരെ പുറത്തുനിന്ന് കൊണ്ടുവരുന്ന ഉപഭോക്തൃസംസ്ഥാനമായ കേരളത്തിന് ഈ വിപണി ഇടപെടലുകൾ ഏറെ ആശ്വാസകരമായെന്നത് സർക്കാരിന് ചാരിതാർഥ്യമേകുന്നു.■

License to Post Without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: 01.09.2023
KERMAL2014/58028 Price: 12.00
Reg. No. KL/TV(N)/660/2022-2024



കേരള സർക്കാർ

കേരളീയം Keraleeyam

# കേരളീയം

## മലയാളത്തിന്റെ മഹോത്സവം

## നവംബർ

## 1 – 7

## തിരുവനന്തപുരത്ത്

https://keraleeyam.kerala.gov.in/

സെമിനാറുകൾ • പ്രദർശനങ്ങൾ • ട്രേഡ് ഫെയർ • സാംസ്കാരിക സദസ്സുകൾ • ഫുഡ് ഫെസ്റ്റിവൽ
വിപണനമേള • ഫ്ലവർ ഷോ • ദീപാലങ്കാരം • ലൈറ്റ് & സൗണ്ട് ഷോ • പുസ്തകോത്സവം

**മുഖ്യ വേദികൾ** സെൻട്രൽ സ്റ്റേഡിയം | കനകക്കുന്ന് | ടാഗോർ തിയറ്റർ | പുത്തരിക്കണ്ടം | യൂണിവേഴ്സിറ്റി കോളേജ് | നിയമസഭ

**മറ്റു വേദികൾ** മാനവീയം വീഥി | എൽ.എം.എസ് കോമ്പൗണ്ട് | ജിമ്മി ജോർജ്ജ് സ്റ്റേഡിയം തുടങ്ങി നാൽപ്പതോളം വേദികൾ

Printed and Published by T.V. Subhash IAS, Director, Information Public Relations Department on behalf of Government of Kerala and Printed at Orange Printers Pvt Ltd, Thiruvananthapuram, Kerala. Published from Information Public Relations Department , Govt. of Kerala, Government Secretariat, Thiruvananthapuram- 695001. Editor : T.V. Subhash IAS